JEEVA MOZHIKAL RNI/KERBIL/-2003/21404
April 2014 www.jeevamozhikal.org
Annual Contribution Rs. 100/-

Regn No: KL/KTM/608/2012-14
Licence No.KL/CR/KTM/WPP-46/2012-14
Licensed to post without prepayment
Date of Publication 31-03-2014

# പാപികൾക്കു പറുദീസ

സി.എസ്. ലൂയിസിന്റെ 'ഗ്രേയ്റ്റ് ഡിവോഴ്സി'ൽ താഴെപ്പറയുന്ന വിധത്തിൽ ഒരു സംഭവം ഉണ്ട്.

നരകത്തിൽ കഴിഞ്ഞിരുന്ന ഒരുവൻ ഒരു ദിവസം സ്വർഗ്ഗം കാണാൻ എത്തി. അവിടെ നോക്കുമ്പോൾ അതാ തന്റെ ഒരു മുൻ ജീവനക്കാരനും ഒരു കൊലക്കേസിൽ പ്രതിയായിരുന്ന ഒരുവനവിടെ സ്വർഗ്ഗത്തിൽ!

അതു കണ്ട് നരകവാസി ഇങ്ങനെ പരാതിപ്പെടാൻ തുടങ്ങി: 'എന്നെ നോക്ക് ഞാൻ ജീവിതത്തിൽ മുഴുവൻ നേരെ ചൊവ്വേ ജീവിച്ചവനാണ്.ഞാൻ വലിയ ഭക്തനാണെന്നൊന്നും പറയുന്നില്ല. എന്നാൽ ജീവിതകാലം മുഴുവൻ ഞാൻ ശരിയായ കാര്യങ്ങൾ ചെയ്തു. എന്നെക്കൊണ്ടു കഴിയുന്നതുപോലെ എല്ലാവർക്കും നന്മ ചെയ്ത ഒരുവനാണു ഞാൻ. എന്റേതല്ലാത്ത ഒന്നും ഞാൻ എടുത്തിട്ടില്ല. എനിക്ക് കുടിക്കണമെങ്കിൽ ഞാൻ പണം കൊടുത്താണ് അങ്ങനെ ചെയ്തത്. എനിക്ക് ശമ്പളം കിട്ടിയെങ്കിൽ ഞാൻ അതിനുള്ള ജോലി ചെയ്തു. ഒന്നിനും ആരേയും കളിപ്പിച്ചില്ല. എന്നിട്ടിതാ ഞാൻ നരകത്തിൽ. ഒരുവനെ കൊന്നവൻ സ്വർഗ്ഗത്തിൽ! ഇത് എന്തു മര്യാദയാണ്?

അതുകൊണ്ട് എന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കണം. അത് ജീവതത്തിൽ ശരി ചെയ്ത എന്റെ അവകാശമാണ്. എനിക്ക് അർഹതപ്പെട്ടതാണ് ഞാൻ ചോദിക്കുന്നത്. ഞാൻ ചോദിക്കുന്നത് ആരുടേയും ഔദാര്യവും കരുണയുമല്ല. മനസ്സിലായോ?'

എല്ലാം കേട്ടുകൊണ്ടിരുന്ന സ്വർഗ്ഗവാസി ഇങ്ങനെ പറഞ്ഞു :'അതാണ് താങ്കളുടെ പ്രശ്നം. താങ്കൾക്ക് കരുണ വേണ്ട എന്നാൽ കരുണ ചോദിക്കുന്നവർക്കു മാത്രമേ ഇവിടെ പ്രവേശനമുള്ളൂ. കരുണയുടേയും കൃപയുടേയും ആവശ്യകത മനസ്സിലാക്കി അത് ചോദിക്കുന്നവർക്കുള്ള സ്ഥലമാണ് സ്വർഗ്ഗം'.

*നിങ്ങൾ സ്വന്തം കണ്ണിൽ കരുണ വേണ്ട പാപിയോ, അതോ കരുണ ആവശ്യമില്ലാത്ത നീതിമാനോ? ഓർക്കുക: പാപികൾക്കാണു പറുദീസ!* (ലൂക്കോസ് 7:36-50).

## 'Now, you can pay your subscription, online!'

**Jeevamozhikal - Direct Fund transfer Details**

| | | |
|---|---|---|
| Account Name | : | JEEVAMOZHIKAL |
| Account No. | : | 67074193088 |
| Bank & Branch | : | SBT, Kumaranalloor, Kottayam |
| Bank IFS CODE | : | SBTR0000677 |

**Note:**
Immediately after the fund transfer, kindly email to jeevamozhikal@gmail.com with the **transaction details, your address, phone number and the subscription reference number.**

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 12 – ലക്കം 4

ഏപ്രിൽ 2014



JEEVAMOZHIKAL
ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*

വാല്യം 12 ഏപ്രിൽ 2014 ലക്കം 4

വാർഷിക സ്വമേധ സംഭാവന

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :


ജീവമൊഴികൾ
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള - 686 016,
ഫോൺ 0481 - 2391519, 8281027519
e-mail : jeevamozhikal@gmail.com
www.jeevamozhikal.org


## ഒറ്റനോട്ടത്തിൽ

### വിശുദ്ധി

*വിശുദ്ധി എന്നു പറയുന്നത് ഒരു ആഡംബരമല്ല ഒരു അത്യാവശ്യമാണ്.*

## മൊഴിമുത്തുകൾ

### വിശുദ്ധൻ, സത്യവാൻ, സത്യസന്ധൻ



പാപം ചെയ്യാൻ കഴിയാത്തവനല്ല, പാപം ചെയ്യാൻ മനസ്സില്ലാത്തവനാണു വിശുദ്ധൻ. സംസാരിക്കാൻ കഴിവില്ലാത്തവനല്ല സത്യവാൻ, സംസാരിക്കാനും കള്ളം പറയാനും കഴിവുള്ളവനും എന്നാൽ കള്ളം പറയാത്തവനുമാണു സത്യവാൻ. വഞ്ചന കാണിക്കാൻ കഴിയാതെ ജയിലിൽ കഴിയുന്നവനല്ല സത്യസന്ധനായ മനുഷ്യൻ; മറിച്ച് വഞ്ചന കാണിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കെ, അങ്ങനെ ചെയ്യാത്തവനാണു സത്യസന്ധൻ.

എ.ഡബ്ളിയു. ടോസർ

## ബസ് സ്റ്റോപ്പ്




'നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വയ്ക്കുകയും....' *(കൊലൊസ്സ്യർ 1:13)*

# CHAOS AND CONFUSION

## *Peter Pollock*

*"For then there will be a great tribulation , such as has not been since the beginning of the world until this time , no , or never shall be"* (Matt 24: 21 )

Now, just as then, great interest has been shown in how it will all finish! What signs can we expect? First of all Jesus warns about deception because many will come in His name

Proclaiming either to be "Him" or His very special messenger with a so-called " direct line". Well, they abound in our current day and age! There will be wars, famines, pestilences and earthquakes! Again there is a frightening abundance! But those are just the beginning! More important is the tribulation and persecution of the Christians because, across the nations, this will occur in various forms. Many will be offended by the name of Jesus and hatred will be stirred! That certainly is very strong language.

False prophets will arise all over the place! No doubt in the main these will be motivation-type speakers who tell the world that all is well; that sin is not a problem;, that peace is on the way and that man is basically good! But reality, we are promised, will reveal an increase in rebellion and lawlessness, to the extent that the love and expectations of many Christians will grow cold because they will wonder if there really is a God with the mess they see around them!! They will in fact lose confidence in the gospel and Jesus and will suffer the consequences of their loss of faith.But it is all about enduring and overcoming for the believer and this is when the real test will face us!

But it is still going to get worse with the arrival of the Anti-Christ. This will be a tribulation like the world has never seen. Great "signs" and "wonders" will be performed by the purveyors of evil and this will further confuse and deceive. Indeed if our faith is based upon signs and wonders we are subtly being conditioned for end time deception! Furthermore is our faith is based on emotion, we will also find it that much easier to be sucked in. Don't believe it when people say this or that! Just believe God's Word. When Jesus comes back, it will be as lightning from East to West. Everyone will see it! And as we build up to this great moment in God's divine plan, just know that things are not going to get better down here!

**എഡിറ്റോറിയൽ**

# അനുസരണത്തിനു പകരം അനുസരണം മാത്രം



അനുസരണത്തിനു പകരം വയ്ക്കാൻ ഒന്നേയുള്ളു - അനുസരണം മാത്രം.

അനുസരണത്തെ പ്രാർത്ഥന കൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും മറികടക്കാൻ കഴിയുമെന്നു കരുതുന്ന ഒരു ക്രിസ്തീയതയുടെ കാലത്താണു നാം ജീവിക്കുന്നത്. അനുസരിക്കാതിരിക്കുന്നതിനു ദൈവത്തിനു നൽകുന്ന നഷ്ടപരിഹാരമാണു (Compensation) പലരുടെയും 'പ്രാർത്ഥനായജ്ഞ'ങ്ങളും സുവിശേഷീകരണപ്രയത്നങ്ങളും. ദൈവം ഇവയെയൊക്കെ പകരം സ്വീകരിച്ച് അനുസരണത്തിനായി നിഷ്കർഷിക്കാതിരുന്നുകൊള്ളും എന്ന് അവർ വെറുതെ ആശിക്കുന്നു. പക്ഷേ ദൈവത്തെ കബളിപ്പിക്കാനാവില്ല. "അനുസരിച്ചു ചെയ്യാതിരുന്നാൽ നിങ്ങൾ കർത്താവിനെതിരായി പാപം ചെയ്യുന്നു. നിങ്ങളുടെ പാപം നിങ്ങളെ കണ്ടെത്തി പിടികൂടും" (സംഖ്യ 32:23).

പറഞ്ഞത് അനുസരിക്കാതിരിക്കുന്നതു പാപമാണെന്നും അനുസരണത്തിനു പകരം മറ്റൊന്നും വയ്ക്കാനാവില്ലെന്നും വ്യക്തമാക്കുന്ന മറ്റൊരു വചനം ശ്രദ്ധിക്കുക:"ശമുവേൽ പറഞ്ഞത്: യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവയ്ക്കു പ്രസാദമാകുമോ? ഇതാ, അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്"(1 ശമുവേൽ 15:22).

ശമുവേൽ വഴി ദൈവം ശൗലിനു നൽകിയ കല്പന അമാലേക്യരെ നിർമ്മൂലമാക്കിക്കളയണം എന്നതായിരുന്നു. എന്നാൽ 'ദൈവത്തിനു യാഗം കഴിക്കാൻ വേണ്ടിയാണ്' എന്ന തൊടുന്യായത്തിന്റെ മറവിൽ ശൗൽ അമാലേക്യരുടെ നല്ല ആടുമാടുകളെ ഉന്മൂലനം ചെയ്യാതെ സംരക്ഷിച്ചപ്പോൾ ദൈവം, ദൈവിക പ്രമാണം ഇങ്ങനെ വ്യക്തമാക്കുകയാണ്: 'യാഗങ്ങൾ നല്ലതാണ്. എന്നാൽ കല്പന അനുസരിക്കുന്നതിന് അതു പകരമാകുന്നില്ല.' അതിന്റെ അർത്ഥം ഇന്നത്തെ കാലഘട്ടത്തിൽ ഇങ്ങനെ പറയാം: "നിന്റെ ത്യാഗങ്ങളെക്കാൾ, പ്രവർത്തനങ്ങളെക്കാൾ, പ്രാർത്ഥനായജ്ഞങ്ങളെക്കാളൊക്കെ പറയുന്നത് അനുസരിക്കുന്നതാണു പ്രധാനം; അതാണെനിക്കു പ്രസാദകരം."

അനുസരത്തിനു പലപ്പോഴും തടസ്സമാകുന്നതു നുറുക്കമില്ലായ്മയും സ്വന്തയുക്തിയും അതിൽ നിന്ന് ഉരുത്തിരിയുന്ന മത്സരവുമാണ്. മുകളിൽ പറഞ്ഞ സംഭവം തന്നെ ഉദാഹരണമായെടുക്കുക. ദൈവം അമാലേക്യരുടെ കാള, ആട്, ഒട്ടകം, കഴുത എന്നിവയുൾപ്പെടെ എല്ലാറ്റിനേയും പൂർണമായി സംഹരിച്ചുകളയാനാണു ശൗലിനോട് ആവശ്യപ്പെട്ടത് (15:3). അതിനു ദൈവത്തിനുതന്റേതായ കാരണങ്ങളും ഉണ്ടായിരുന്നു. പക്ഷേ പ്രയോജനമുള്ള ആടുമാടുകളെ വെറുതെ നശിപ്പിച്ചു കളയുന്നതിന്റെ യുക്തി ശൗലിനു മനസ്സിലായില്ല. ആ നിർദ്ദേശം ഒരു വിഡ്ഢിത്തമാണെന്ന് അവന്റെ ബുദ്ധി അവനോടു പറഞ്ഞു. അവയെ നശിപ്പിച്ചുകളയാതെ സൂക്ഷിച്ചാൽ പല നല്ല കാര്യത്തിനും അത് ഉപയോഗപ്പെടുത്താം എന്നായി അവന്റെ ചിന്ത. ദൈവകല്പന യുക്തിസഹമല്ലെന്നും തന്റെ ചിന്തകളാണു യുക്തി ഭദ്രമെന്നുമുള്ള കാഠിന്യത്തിലേക്കാണ് ഇത് അവനെ നയിച്ചത്.

നോക്കുക:സ്വന്തയുക്തിയിലുള്ള ആശ്രയം അവനെ ദൈവത്തിനെതിരെയുള്ള മത്സരത്തിലെത്തിച്ചു. അനുസരണമില്ലായ്മയുടെ പിന്നിൽ എപ്പോഴും ഒളിഞ്ഞു കിടക്കുന്ന ഒരു മത്സരമുണ്ട്. ദൈവത്തിന് ഇതറിയാമെന്നുള്ളതുകൊണ്ട് അവിടുന്ന് ശൗലിനെ ശാസിക്കുമ്പോൾ ആ കാര്യം അവന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നു. കല്പന അനുസരിക്കുന്നതാണു യാഗങ്ങളെക്കാൾ പ്രധാനമെന്ന് അവനോടു പറഞ്ഞിട്ടു തൊട്ടു താഴത്തെ വാക്യത്തിൽ ഇങ്ങനെയാണു പറയുന്നത്: "മത്സരം ആഭിചാരദോഷം പോലെയും ശാഠ്യം മിഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു" (1 ശമുവേൽ 15: 23). ഇവിടെ ശൗൽ ആരാധിക്കുന്ന വിഗ്രഹമേതാണ്? അവന്റെ തന്നെ സ്വയമാണ്. നുറുക്കമില്ലാത്ത, ശക്തമായ, സ്വയമാണ് സ്വന്തയുക്തിയുടെ അടിസ്ഥാനത്തിൽ ദൈവത്തോടു മത്സരിക്കാനും ദൈവകല്പന അനുസരിക്കാതിരിക്കാനും അവനെ പ്രേരിപ്പിച്ചത്. ഉപരിതലത്തിൽ കാണുന്ന അനുസരണമില്ലായ്മയുടെ വേരുകൾ ഇഴവിടർത്തി പരിശോധിച്ചാൽ അത് ആഴത്തിൽചെന്നു മുട്ടുന്നതു നുറുക്കമില്ലാത്ത ഒരു സ്വയത്തിലാണെന്നു വ്യക്തമാകും.

ദൈവകല്പന അനുസരിക്കാതെ പാപം ചെയ്ത ദാവീദിന് ഒടുവിൽ അതിനെക്കുറിച്ചു വെളിച്ചം ലഭിക്കുമ്പോൾ അവൻ ഈ സത്യം മനസ്സിലാക്കി 51-ാം സങ്കീർത്തനത്തിൽ അത് എടുത്തു പ്രസ്താവിക്കുന്നുണ്ട്: "ഹനനയാഗം നീ ഇച്ഛിക്കുന്നില്ല. അല്ലെങ്കിൽ ഞാൻ അർപ്പിക്കുമായിരുന്നു. ഹോമയാഗത്തിൽ നിനക്കു പ്രസാദവുമില്ല. ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ നീ നിരസിക്കയില്ല" (51: 16,17).

ചുരുക്കത്തിൽ തകരാത്ത ഒരു സ്വയത്തിൽ നിന്നാണു സ്വന്തയുക്തിയും മത്സരവും അനുസരണമില്ലായ്മയും വരുന്നത്.

നമുക്കിനി പുതിയ നിയമത്തിലേക്കു വരാം. അവിടെ കല്പനയ്ക്കും അനുസരണത്തിനും അപ്പുറത്ത് ദൈവികാന്വേഷണത്തിനു പുതിയൊരു മാനം (Dimension) കൂടിയുണ്ട്. അതാണു വിശ്വാസം. പക്ഷേ പുതിയ ഉടമ്പടിയിലും,വിശ്വാസം അനുസരണത്തിന്റെ പ്രസക്തിയെ കുറച്ചു കളയുന്നില്ല. എന്നാൽ ഇതു സംബന്ധിച്ചു പുതിയ നിയമ വിശ്വാസികൾ ഒരു ചതിയിൽ പെട്ടിരിക്കുകയാണെന്ന് എ.ഡബ്യു. ടോസർ എന്ന ദൈവഭൃത്യൻ പറഞ്ഞിട്ടുള്ളത് ഓർത്തുപോകുന്നു. അദ്ദേഹം ഇങ്ങനെയാണ് അക്കാര്യം വിശദമാക്കിയിരിക്കുന്നത്: പുതിയ നിയമത്തിൽ വിശ്വസിക്കേണ്ട സത്യങ്ങളും ഉണ്ട്. അനുസരിക്കേണ്ട കല്പനകളുമുണ്ട്. ഇന്നും പലരും അനുസരിക്കേണ്ട കല്പനകളെ വിശ്വസിക്കുക മാത്രം ചെയ്യുന്നു. എന്നിട്ട് തങ്ങൾ അത് അനുസരിച്ചുവെന്നു കരുതിപ്പോകുന്നു.

ഇത് ഒരു ചതിയാണ്. അനുസരണത്തെ വിശ്വാസം കൊണ്ടു മറികടക്കാനാവില്ല. അനുസരിക്കേണ്ടത് വെറുതെ വിശ്വസിച്ചശേഷം തങ്ങൾ അത് അനുസരിച്ചു എന്നു വിചാരിച്ചു തൃപ്തിപ്പെടുന്നത് ആത്മവഞ്ചനയാണ്.

*(ശേഷം പേജ് 31 ൽ)*

സന്ദേശം

# പ്രാർത്ഥന അനുസരണത്തിനു പകരമല്ല

എ.ഡബ്ള്യു. ടോസർ

**ഉ**ണർവ്വിനു വേണ്ടി എത്രമാത്രം പ്രാർത്ഥനകളാണ് ഇക്കാലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത്.എന്നാൽ കാര്യമായയാതൊരു ഫലവും കാണുന്നില്ല എന്നതാണ് സത്യം. സ്വർഗ്ഗത്തിലേക്ക് ഉയരുന്ന പ്രാർത്ഥനകളുടെ വലുപ്പം കണക്കിലെടുത്താൽ അനുഗ്രഹത്തിന്റെ മഹാമാരി ചൊരിഞ്ഞ് ദേശമെല്ലാം ഉണർവ്വിന്റെ നദി



*അനേക ദിനരാത്രങ്ങൾ ഉണർവ്വിനായുള്ള നിലവിളികൾ ദൈവസന്നിധിയിലേക്ക് ഉയർന്നു കൊണ്ടിരിക്കുന്നു. വികാരങ്ങളുടെ വേലിയേറ്റത്തിൽ, ഏറെക്കുറെ പ്രാർത്ഥനയ്ക്ക് മറുപടിയായി ഉണർവ്വിന്റെ കാറ്റു വീശിത്തുടങ്ങിയതായി പോലും മിക്ക പേരും വിശ്വസിച്ചുപോകുന്നു.*

ഭൗതിക ലോകത്തിൽ എന്ന പോലെ ദൈവരാജ്യത്തിലും എല്ലാറ്റിനും അതിന്റേതായ കാരണങ്ങൾ ഉണ്ട് എന്ന് നാം അറിഞ്ഞിരിക്കേണ്ടതാണ്. നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടിയായി ദൈവം ഉണർവ്വ് അയയ്ക്കാതിരിക്കുന്നതിന്റെ കാരണം വളരെ ആഴത്തിൽ ഉള്ളതായിരിക്കാം. എങ്കിലും സത്യസന്ധതയോടെ ആരായുമെങ്കിൽ അതു നിശ്ചയമായും കണ്ടെത്താൻ നമുക്കു സാധിക്കും. അനുസരിക്കുന്നതിനു പകരം പ്രാർത്ഥിക്കുന്നതാണ് നമ്മുടെ തകരാറ് എന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അപ്രകാരമുള്ള നമ്മുടെ പ്രാർത്ഥനകളാണ് ഒരിക്കലും ഫലപ്രദമാകാതെ പോകുന്നത്.

കൾ കരകവിഞ്ഞൊഴുകേണ്ടതാണ്. എന്നാൽ അപ്രകാരമൊന്നും സംഭവിക്കാത്തതിനാൽ നാം നിരാശപ്പെടുകയല്ല പ്രത്യുത, എന്തുകൊണ്ടാണ് നമ്മുടെ പ്രാർത്ഥനകൾക്കു മറുപടി ലഭിക്കാത്തത് എന്ന് ആത്മാർത്ഥമായി പരിശോധിക്കുകയാണ് വേണ്ടത്.

ഭൗതിക ലോകത്തിൽ എന്ന പോലെ ദൈവരാജ്യത്തിലും എല്ലാറ്റിനും അതിന്റേതായ കാരണങ്ങൾ ഉണ്ട് എന്ന് നാം അറിഞ്ഞിരിക്കേണ്ടതാണ്.നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടിയായി ദൈവം ഉണർവ്വ് അയയ്ക്കാതിരിക്കുന്നതിന്റെ കാരണം വളരെ ആഴത്തിൽ ഉള്ളതായിരിക്കാം. എങ്കിലും സത്യസന്ധതയോടെ ആരായുമെങ്കിൽ അതു നിശ്ചയമായും കണ്ടെത്താൻ നമുക്കു സാധിക്കും.

അനുസരിക്കുന്നതിനു പകരം പ്രാർത്ഥിക്കുന്നതാണ് നമ്മുടെ തകരാറ് എന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അപ്രകാരമുള്ള നമ്മുടെ പ്രാർത്ഥനകളാണ് ഒരിക്കലും ഫലപ്രദമാകാതെ പോകുന്നത്. ഉദാഹരണമായി ഒരു സഭയെ നമുക്കെടുക്കാം. ഈ സഭ അതിന്റെ എല്ലാം പാരമ്പര്യങ്ങളും ആചാര, അനുഷ്ഠാനങ്ങളും വീഴ്ച കൂടാതെ അനുവർത്തിച്ചു പോരുന്നു. എന്നാൽ ഒരിക്കൽപോലും ഇവയെല്ലാം ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ ഉള്ളവയാണോ എന്നു ചിന്തിക്കുകപോലും ചെയ്യാറില്ല. അല്ലെങ്കിൽ പൊതുജനത്തിന്റെ അഭിപ്രായങ്ങൾക്കും താൽപര്യങ്ങൾക്കും മറ്റു സമ്മർദ്ദങ്ങൾക്കും വഴങ്ങി പുതിയ നിയമത്തിൽ കാണിച്ചിരിക്കുന്ന മാതൃകയിൽ നിന്നു തികച്ചും വ്യത്യസ്തമായ നിലയിലേക്ക് അത് ക്രമേണ എത്തിച്ചേർന്നിരിക്കുന്നു.ഈ സഭയിലെ ആത്മിക സന്തോഷവും ശക്തിയും സാവധാനം കുറഞ്ഞുവരുന്നതായി നേതൃത്വനിരയിലുള്ളവർ മനസ്സിലാക്കുന്നു. സഭയുടെ ഉണർവ്വിനും നവീകരണത്തിനും എന്താണ് ചെയ്യേണ്ടത് എന്ന് അവർ ചിന്തിക്കാൻ തുടങ്ങുന്നു.സഭാജനങ്ങളുടെ ആലസ്യം അകറ്റി അവരെ ഊർജ്ജസ്വലരാക്കുവാനും അനുഗ്രഹമാരി ചൊരിയുവാനുമുള്ള മാർഗ്ഗങ്ങൾ അവർ കണ്ടെത്താൻ ശ്രമിക്കുന്നു. പൊടുന്നനെ അവർ അതിനുള്ള പരിഹാരമാർഗ്ഗം കണ്ടെത്തിക്കഴിഞ്ഞു!. അനേക പുസ്തകങ്ങളിൽ അതു വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്- പ്രാർത്ഥിക്കുക! ഉണർവ്വിന്റെ വക്താക്കളായ പ്രസംഗകരും അതേറ്റു പാടുന്നു- പ്രാർത്ഥിക്കുക!! അങ്ങനെ ഈ ആശയം നാനാദിശകളിൽ നിന്നും ഉയർന്നു വന്ന് ഒരു മഹാശബ്ദമായി മുഴങ്ങുന്നു- പ്രാർത്ഥിക്കുക!!! ഒടുവിൽ സഭാശുശ്രൂഷകൻ പ്രാർത്ഥനയ്ക്കായി ജനത്തെ ആഹ്വാനം ചെയ്യുന്നു. അനേക ദിനരാത്രങ്ങൾ ഉണർവ്വിനായുള്ള നിലവിളികൾ ദൈവസന്നിധിയിലേക്ക് ഉയർന്നു കൊണ്ടി





രിക്കുന്നു. വികാരങ്ങളുടെ വേലിയേറ്റത്തിൽ, ഏറെക്കുറെ പ്രാർത്ഥനയ്ക്ക് മറുപടിയായി ഉണർവ്വിന്റെ കാറ്റു വീശിത്തുടങ്ങിയതായി പോലും മിക്ക പേരും വിശ്വസിച്ചുപോകുന്നു. എന്നാൽ കുറെ ദിവസങ്ങൾ കൂടി പിന്നിട്ടപ്പോൾ കാര്യമായ യാതൊരു മാറ്റവും സംഭവിച്ചിട്ടില്ലെന്ന് ബോധ്യമാകുകയും പ്രാർത്ഥനയുടെ തീവ്രത മന്ദീഭവിച്ച് എല്ലാം പഴയ നിലയിലേക്ക് മടങ്ങുകയും ചെയ്യുന്നു. മാത്രമല്ല, എല്ലാവരിലും മുമ്പുണ്ടായിരുന്നതിലും അധികം ആത്മിക വിരസത പ്രകടമാകുകയും ചെയ്യുന്നു. എവിടെയാണ് തകരാറ് സംഭവിച്ചത്.?

സംഗതി വളരെ ലളിതവും വ്യക്തവുമാണ്. സഭാനേതൃത്വമോ വിശ്വാസികളോ ദൈവവചനം അനുസരിക്കാനുള്ള നേരിയ ശ്രമം പോലും നടത്തിയിട്ടില്ല. പ്രാർത്ഥനയുടെ കുറവുമാത്രമാണ് തങ്ങളുടെ ഏക പോരായ്മ എന്ന് അവർ തെറ്റായി ധരിച്ചുപോയി.എന്നാൽ എത്രയെത്ര കാര്യങ്ങളിൽ ദൈവകല്പനകൾ അനുസരിക്കാതെയാണ് മുന്നോട്ടു പോകുന്നതെന്ന നഗ്നയാഥാർത്ഥ്യം കാണുവാൻ അവർക്കു കഴിയാതെ പോയി. “അനുസരിക്കുന്നത് യാഗത്തേക്കാളും നല്ലത്” എന്ന വചനം അവർ ഓർത്തതുമില്ല. അനുസരിക്കുന്നതിനു പകരം നാം ചെയ്യേണ്ട ഒന്നല്ല പ്രാർത്ഥന. അനുസരണത്തോടുകൂടി അല്ലാതെ യാതൊരു യാഗങ്ങളും പ്രാർത്ഥനകളും സർവ്വശക്തനായ കർത്താവു തന്റെ സൃഷ്ടികളിൽ നിന്നും സ്വീകരിക്കുകയില്ലായെന്നും നാം അറിഞ്ഞിരിക്കേണ്ടതാണ്.തിരുവചനത്തിലെ വ്യക്തമായ പ്രമാണങ്ങളെയും ചട്ടങ്ങളെയും കല്പനകളെയും അവഗണിച്ചും കാറ്റിൽ പറത്തിയും ഉണർവ്വിനായി പ്രാർത്ഥിക്കുന്നത് വെറും പാഴ്‌വേല മാത്രമാണെന്ന് നാം ഓർക്കണം.

അനുസരിക്കുന്നതിനു പകരം നാം ചെയ്യേണ്ട ഒന്നും പ്രാർത്ഥന. അനുസരണത്തോടുകൂടി അല്ലാതെ യാതൊരു യാഗങ്ങളും പ്രാർത്ഥനകളും സർവ്വശക്തനായ കർത്താവു തന്റെ സൃഷ്ടികളിൽ നിന്നും സ്വീകരിക്കുകയില്ലായെന്നും നാം അറിഞ്ഞിരിക്കേണ്ടതാണ്. തിരുവചനത്തിലെ വ്യക്തമായ പ്രമാണങ്ങളെയും ചട്ടങ്ങളെയും കല്പനകളെയും അവഗണിച്ചും കാറ്റിൽ പറത്തിയും ഉണർവ്വിനായി പ്രാർത്ഥിക്കുന്നത് വെറും പാഴ്‌വേല മാത്രമാണെന്ന് നാം ഓർക്കണം.

ഒരുവൻ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ സമ്പൂർണ്ണമായും ക്രിസ്തുവിന്റെ കർത്തൃത്വത്തിന് അവൻ വിധേയനാകുന്നുവെന്നും പൂർണ്ണമായ അനുസരണത്തിന് അവൻ ബാധ്യസ്ഥനാണെന്നുമുള്ള യാഥാർത്ഥ്യം ഇന്നിവിടെ പാടെ വിസ്മരിക്കപ്പെട്ടിരിക്കയാണ്.ഒരുവൻ ക്രിസ്തുവിൽ ആകുന്നതോടുകൂടി അവന്റെ മേലുള്ള മറ്റ് എല്ലാ അവകാശവാദങ്ങളിൽ നിന്നും കടപ്പാടുകളിൽ നിന്നും അവൻ വിമുക്തനാക്കപ്പെടുന്നു. ക്രിസ്തുവിനോടുള്ള അനുസരണം മാത്രം അവന്റെ മുഖ്യ ലക്ഷ്യമായി തീരുന്നു. ജീവിതത്തിലെ മറ്റ് എല്ലാ ബന്ധങ്ങളും കടപ്പാടുകളും ഇനിമേൽ ക്രിസ്തുവിനോടുള്ള ബന്ധത്തിൽ മാത്രമേ പരിഗണിക്കാൻ അവനു കഴിയുകയുള്ളു.ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ പാപത്തിന്റെ ശിക്ഷയിൽ നിന്നു മാത്രമാണ് അവനു മോചനം ലഭിക്കുന്നത്. നേരെ മറിച്ച് ക്രിസ്തുവിന്റെ കല്പനകൾ

നമ്മുടെമേൽ ദൈവം അനുഗ്രഹം ചൊരിയാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ അവിടുത്തെ കല്പനകളെ അനുസരിക്കാൻ തുടങ്ങേണ്ടിയിരിക്കുന്നു. അനുസരിക്കുന്നതിനു പകരമായി പ്രാർത്ഥിക്കുന്നതു നാം എപ്പോൾ അവസാനിപ്പിക്കുമോ, അപ്പോൾ നമ്മുടെ പ്രാർത്ഥനകൾ തന്നെ ഫലപ്രദമാകാൻ തുടങ്ങും. അനുസരണത്തിനു പകരമായി ദൈവം ഒരിക്കലും പ്രാർത്ഥനയെ അംഗീകരിക്കുകയില്ല. അപ്രകാരം ചെയ്യുന്നതിലൂടെ നമ്മെത്തന്നെ നാം വഞ്ചിക്കുകയാണ്.!

അനുസരിക്കാനുള്ള അവന്റെ ഉത്തരവാദിത്തത്തിൽ നിന്നും ഒരിക്കലും അവനു ഒഴിഞ്ഞു മാറാൻ സാധ്യമല്ല. മാത്രമല്ല, രക്ഷിക്കപ്പെട്ട് ക്രിസ്തുവിന്റെ കർത്തൃത്വത്തിന് വിധേയപ്പെടുന്നതോടെ ക്രിസ്തുവിനെ എല്ലാറ്റിലും അനുസരിക്കുന്നതും പ്രസാദിപ്പിക്കുന്നതും അത്യന്തം ആനന്ദപ്രദമായ ഒരു കർത്തവ്യമായി മാത്രമേ അവൻ കരുതുകയുള്ളു.

പുതിയ നിയമത്തിലെ ലേഖനങ്ങൾ പരിശോധിച്ചാൽ പ്രായോഗികമായി നാം അനുവർത്തിക്കേണ്ട എത്രയെത്ര കാര്യങ്ങളാണ് അതിൽ നല്കപ്പെട്ടിട്ടുള്ളത് എന്ന് കാണാൻ കഴിയും. ഇവയെ കേവലം പ്രബോധനങ്ങൾ എന്ന് നാം തെറ്റായി വിശേഷിപ്പിക്കാറുണ്ട്. ലേഖനങ്ങളെ ഉപദേശപരം, പ്രബോധകം എന്നിങ്ങനെ സൗകര്യപൂർവ്വം നാം വിഭജിക്കാറുണ്ട്. ഉപദേശപരമായ കാര്യങ്ങൾ നാം കേവലം വിശ്വസിച്ചാൽ മാത്രം മതി. അതിൽ അനുസരിക്കാനുള്ളത് ഒന്നുമില്ലല്ലോ. പ്രബോധകമെന്നു നാം പറയുന്ന ഭാഗങ്ങൾ നമ്മുടെ ഭാഷ്യം അനുസരിച്ച് നിരുപദ്രവങ്ങളാണ്. കാരണം അവയിലെ ഓരോ വാക്കും കേവലം ഉപദേശങ്ങളും പ്രചോദനം പകരുന്ന ആശ്വാസവചനങ്ങളും മാത്രമാകയാൽ, കർശനമായി അനുസരിക്കേണ്ട കല്പനകൾ ഒന്നും അതിൽ ഇല്ലല്ലോ?

ചുരുക്കത്തിൽ പുതിയ നിയമ വിശ്വാസിക്ക് കർശനമായി പാലിക്കേണ്ട, അനുസരിക്കേണ്ട, യാതൊരു കല്പനയും ചട്ടവും ഇല്ലെന്നു നാം തെറ്റായി ധരിച്ചുവയ്ക്കുന്നു. ഇത് അത്യന്തം ഗുരുതരമായ തെറ്റാണ്.

ലേഖനങ്ങളിലെ പ്രബോധനങ്ങൾ എല്ലാം തന്നെ, സഭയുടെ പരമാധികാരിയും തലയുമായ ക്രിസ്തുവിന്റെ സുപ്രധാന കല്പനകളും ആജ്ഞകളും ആയിട്ടാണ് നാം കണക്കാക്കേണ്ടത്. നമ്മുടെ ഇഷ്ടം അനുസരിച്ച് സ്വീകരിക്കുകയോ തിരസ്ക്കരിക്കയോ ചെയ്യാൻ സ്വാതന്ത്ര്യമുള്ള ചില സദുപദേശങ്ങളും നിർദ്ദേശങ്ങളും ആയിട്ടല്ല, പ്രത്യുത നാം പൂർണ്ണമായി അനുവർത്തിക്കേണ്ട അപ്പോസ്തലിക ഉത്തരവുകളായിട്ടുവേണം അവയെ കാണേണ്ടത്.

നമ്മുടെമേൽ ദൈവം അനുഗ്രഹം ചൊരിയാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ അവിടുത്തെ കല്പനകളെ അനുസരിക്കാൻ തുടങ്ങേണ്ടിയിരിക്കുന്നു. അനുസരിക്കുന്നതിനു പകരമായി പ്രാർത്ഥിക്കുന്നതു നാം എപ്പോൾ അവസാനിപ്പിക്കുമോ, അപ്പോൾ നമ്മുടെ പ്രാർത്ഥനകൾ തന്നെ ഫലപ്രദമാകാൻ തുടങ്ങും. അനുസരണത്തിനു പകരമായി ദൈവം ഒരിക്കലും പ്രാർത്ഥനയെ അംഗീകരിക്കുകയില്ല. അപ്രകാരം ചെയ്യുന്നതിലൂടെ നമ്മെത്തന്നെ നാം വഞ്ചിക്കുകയാണ്.!





**ദൈവം യോജിപ്പിച്ചത്**

## കാതറിനും വില്യം ബൂത്തും - 3

# രണ്ടാൾ ഒരുവഴി

**അജയ് ജോർജ്**

മതകാര്യങ്ങളായിരുന്നു കാതറിന് ഏറ്റവും താത്പര്യമുള്ള വിഷയം. അതു കഴിഞ്ഞാൽ പ്രിയപ്പെട്ടത് വാദപ്രതിവാദമാണ്. തർക്കിക്കുന്ന പങ്കാളിയെ ഇഷ്ടപ്പെടുന്നവർ ചുരുങ്ങും. എന്നാൽ വില്യമിന് ഏറ്റവും ആകർഷകമായിത്തോന്നിയത് കാതറിന്റെ ഈയൊരു സ്വഭാവവിശേഷമായിരുന്നു.അതുപോലുള്ള ഒരാളെ അദ്ദേഹം ഇതുവരെ കണ്ടിരുന്നില്ല. എല്ലാ കാര്യങ്ങളെപ്പറ്റിയും കൃത്യമായ ധാരണ കാതറിനുണ്ടായിരുന്നു. വില്യവും ഏതാണ്ട് അതുപോലെ തന്നെയായിരുന്നു എന്നതു സത്യം. താൻ എങ്ങനെയുള്ളയാളെയാണ് വിവാഹം കഴിക്കേണ്ടതെന്ന് കാതറിനു നല്ല ബോധ്യമുണ്ടായിരുന്നു. അയാൾക്ക് മതകാര്യങ്ങളിൽ തന്റേതിനു തുല്യമായ വീക്ഷണമായിരിക്കണം. ബുദ്ധിമാനും നല്ല സ്വഭാവവുമുള്ള ആളാവണം. എന്തുകൊണ്ടെന്നാൽ ഒരു മണ്ടശിരോമണിയെ സഹിക്കാൻ തനിക്കാവുകയില്ല. തന്റേതിന് തുല്യമായ ഇഷ്ടാനിഷ്ടമുള്ളയാളാവണം.ഇതു കൂടാതെ, അയാൾ തനിക്കിഷ്ടം തോന്നത്തക്ക വിധത്തിൽ കാഴ്ചയിൽ സുന്ദരനായിരിക്കണം. അയാൾ മദ്യം തൊടാത്തവനായിരിക്കണം. ഇങ്ങനെയൊരാളുണ്ടെങ്കിൽ അയാളൊരു സഭാശുശ്രൂഷകനും കൂടിയാണെങ്കിൽ അതിൽപ്പരം തനിക്ക് ആഗ്രഹിക്കാനൊന്നുമില്ല.കാതറിൻ സ്വപ്നം കണ്ടതൊക്കെത്തന്നെയായിരുന്നു ഏറെക്കുറെ വില്യം.

അനുഗ്രഹിക്കപ്പെട്ട ആ ദുഃഖവെള്ളിയാഴ്ച കഴിഞ്ഞ് ഒരു മാസമായപ്പോൾത്തന്നെ വില്യമിന് ഭാവിയെപ്പറ്റി ആകുലചിന്തകൾ പലതുണ്ടായി.തന്റെ പ്രസംഗം കേൾക്കുന്ന ആളുകൾക്കു അതുകൊണ്ട് എന്തെങ്കിലും ഗുണകരമായ മാറ്റമുണ്ടാകുന്നതായി തോന്നിയില്ല.



*ഒന്നിച്ചൊരുമനസ്സായ്....*
കാതറിനും വില്യംബൂത്തും
യൗവനകാലത്ത്

> വിവാഹസമ്മതത്തിന്റെ അന്നു രാത്രി കാതറിൻ ഇങ്ങനെയെഴുതി. 'ഇപ്പോൾ പാതിരാവ്. എന്റെ ആത്മാവിൽ നിറയുന്ന മധുര ചിന്തകൾ പോലെയുള്ള സരളവും ശാന്തവുമായ നിശീഥിനി. കൊടുങ്കാറ്റ് കഴിഞ്ഞുപോയി. അതു വിതച്ച ഭീകരതയുടെ അനുപാതത്തിൽത്തന്നെ ആയിരിക്കുമല്ലോ തുടർന്നു വരുന്ന ശാന്തതയും. എല്ലാം ഭംഗിയായിരിക്കുന്നു......... ക്രിസ്തുവിലേക്ക് താങ്കൾ എന്നെ എന്തുമാത്രം ഉയർത്തുമോ അതിനു തുല്യമായി താങ്കളെ ഞാൻ മാനിക്കും. ഇന്നു ഞാൻ താങ്കളെ സ്നേഹിക്കുന്നതിനുപരിയായി സ്നേഹിക്കാനാവുമെങ്കിൽ അങ്ങനെയും ചെയ്യണമെന്ന് ഞാനാശിക്കുന്നു.'

പള്ളയധികാരികളാണെങ്കിൽ തന്നോട് അത്ര താത്പര്യത്തിലുമല്ല.സഭാജനം പലയിടത്തും തന്നെക്കാൾ പഠിപ്പുള്ളവരാണ്. സുവിശേഷമെല്ലാമുപേക്ഷിച്ചു പഴയ പണയക്കച്ചവടത്തിലേയ്ക്കു തന്നെ തിരിച്ചുപോയാലോ എന്നു ചിന്തിച്ചു പോയി പലപ്പോഴും. അങ്ങനെ ചെയ്താൽ ഒരു ഗുണമുണ്ട്. കാതറിനുമായുള്ള വിവാഹം ഉടൻ നടത്താം. കാരണം വരുമാനക്കുറവാണല്ലോ ഇപ്പോൾ അതിനുള്ള തടസ്സം. സ്ഥിരവരുമാനമുണ്ടായാൽ പിന്നെ ആ കാര്യം പറയാൻ പറ്റില്ലല്ലോ. ഈ വക ചിന്തകൾ കാതറിനുമായി പങ്കുവയ്ക്കാൻ തന്നെ തീരുമാനിച്ചു വില്യം. "എന്റെ പ്രിയ സ്നേഹിതാ" എന്നു തുടങ്ങുന്ന ഒരു മറുപടി മടക്കത്തപാലിൽതന്നെ ലഭിക്കുകയുണ്ടായി. 'ആരെല്ലാം മുഖം ചുളിച്ചാലും ദൈവം പുഞ്ചിരിക്കുന്നുവെങ്കിൽ പിന്നെ വിഷമിക്കുന്നതെന്തിന്? താങ്കൾ ദൈവത്തിനു മുമ്പാകെയാണ് നിൽക്കേണ്ടത്. മനുഷ്യരെ പ്രീതിപ്പെടുത്താനല്ല. അങ്ങയുടെ കത്തിലെ ദുഃഖം, നിരാശ തുടങ്ങിയ പദങ്ങൾ എന്റെ ഹൃദയത്തെ വേദനിപ്പിക്കുന്നു. ഒരു നിമിഷം പോലും അങ്ങനെയുള്ള ചിന്തകൾക്കു വശംവദനാകരുത്. ദൈവം താങ്കളെ സ്നേഹിക്കുന്നു. അങ്ങനെയെങ്കിൽ ദൈവം താങ്കളെ വഴി നടത്തുകയും ചെയ്യും....... ഞാൻ കാരണം താങ്കളുടെ ജീവിതഭാരം വർദ്ധിച്ചിരിക്കുന്നു എന്നതും ദൈവവേലയിൽ നിന്നും പിന്മാറിയാലോ എന്ന ആലോചനയുണ്ടാകുന്നതും എനിക്ക് ചിന്തിക്കാൻപോലും സാധിക്കാത്ത കാര്യങ്ങളാണ്. അങ്ങനെ ഒരിക്കലും സംഭവിക്കാതെയിരിക്കട്ടെ. നമ്മൾ പരിചയപ്പെടാതിരുന്നെങ്കിലെന്ന് തോന്നിപ്പോവുന്നു. എന്നെ മറക്കുന്നതായിരിക്കില്ലേ വില്യമിനു നല്ലത്?"

കത്ത് വായിച്ച് വില്യം വിഷമിച്ചുപോയി. കാതറിൻ തന്നെ ഉപേക്ഷിച്ചു കഴിഞ്ഞിരിക്കുന്നു എന്നു കരുതി ഒരെഴുത്ത് വേഗത്തിൽ തയ്യാറാക്കി അയച്ചു. അധികം കഴിഞ്ഞില്ല, കാതറിന്റെ മറുപടി വന്നു. അതിലിങ്ങനെ എഴുതിയിരുന്നു: "എന്റെ ബുദ്ധിമുട്ടുകൾ പൂർണ്ണമായി മനസ്സിലാക്കാതെയാണ് താങ്കൾ കത്തെഴുതിയതെന്ന് തോന്നിപ്പോവുന്നു. എന്നോടുള്ള സ്നേഹത്തെപ്പറ്റിയാണെങ്കിൽ, ദൈവേഷ്ടത്തിനെതിരല്ല താങ്കളുടെ ഈ ചുവടുവയ്പ്പെന്നുറപ്പുണ്ടെങ്കിൽ, എന്തും വന്നോട്ടെ, നമുക്കൊന്നിച്ചു ജീവിക്കാം.'' ഏതാനും ദിവസങ്ങൾക്കുശേഷം അവർ പരസ്യമായി വിവാഹസമ്മതം നൽകി. മനസ്സമ്മതം എളുപ്പമായിരുന്നു. അതുപോലെയായിരുന്നില്ല വിവാഹം. അതിന് മൂന്നു ദീർഘ വർഷങ്ങൾകൂടി കഴിയണമായിരുന്നു.

വിവാഹസമ്മതത്തിന്റെ അന്നു രാത്രി കാതറിൻ ഇങ്ങനെയെഴുതി. 'ഇപ്പോൾ പാതിരാവ്. എന്റെ ആത്മാവിൽ നിറയുന്ന മധുര ചിന്തകൾ പോലെയുള്ള സരളവും ശാന്തവുമായ നിശീഥിനി. കൊടുങ്കാറ്റ് കഴിഞ്ഞുപോയി. അതു വിതച്ച ഭീകരതയുടെ അനുപാതത്തിൽത്തന്നെ ആയിരിക്കു





മല്ലോ തുടർന്നു വരുന്ന ശാന്തതയും. എല്ലാം ഭംഗിയായിരിക്കുന്നു......... ക്രിസ്തുവിലേക്ക് താങ്കൾ എന്നെ എന്തുമാത്രം ഉയർത്തുമോ അതിനു തുല്യമായി താങ്കളെ ഞാൻ മാനിക്കും. ഇന്നു ഞാൻ താങ്കളെ സ്നേഹിക്കുന്നതിനുപരിയായി സ്നേഹിക്കാനാവുമെങ്കിൽ അങ്ങനെയും ചെയ്യണമെന്ന് ഞാനാശിക്കുന്നു.' തുടർന്നു വന്ന മൂന്നു വർഷങ്ങളിൽ വില്യം പലപ്പോഴും യാത്രയിലായിരുന്നതിനാൽ ഇവർ തമ്മിൽ അക്കാലങ്ങളിൽ ധാരാളം കത്തിടപാടുകളുണ്ടായി. വില്യം കാര്യമാത്രപ്രസക്തമായേ എഴുതിയുള്ളു. മിക്കവാറും ഏതാനും വരികൾ മാത്രം. കാതറിനാകട്ടെ സ്നേഹത്തിൽ പൊതിഞ്ഞ ദീർഘ ലേഖനങ്ങൾ തന്നെ എഴുതി. തന്റെ കഷ്ടപ്പാടുകളാണ് വില്യം പലപ്പോഴും എഴുതുക. 'ഇന്നലെ എട്ടുമൈൽ നടക്കേണ്ടി വന്നു. വല്ല വണ്ടിയിലും കയറിപ്പോയാൽ മതിയായിരുന്നു. അതുകൊണ്ടാണോ എന്തോ തലവേദനിക്കുന്നു. വല്ലാത്ത ക്ഷീണവും.' മറുപടിക്കത്ത് ചിലപ്പോൾ ശകാരത്തിന്റെ ഭാഷയിലായിരിക്കും: 'ദിവസം മുഴുവൻ അധ്വാനിച്ചതിനുശേഷം രാത്രി പന്ത്രണ്ടുമണിവരെ പാട്ടും പാടിയിരുന്നാലോ? അങ്ങനെ ചെയ്യുന്നതുകൊണ്ട് ദൈവത്തിനോ മനുഷ്യർക്കോ എന്തെങ്കിലും ഗുണമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. മാത്രമല്ല നിങ്ങൾ ഇപ്പോൾ നിങ്ങളുടേത് മാത്രമല്ല എന്നോർക്കണം.' ഇങ്ങനെയൊക്കെയുള്ള നിരവധി കത്തുകൾ. ചിലപ്പോൾ സ്കൂൾ ടീച്ചറെപ്പോലെ: "മനുഷ്യഭയം എന്നൊന്ന് ഇല്ലാതാക്കാൻ ശ്രമിക്കുക'' എന്ന് ആജ്ഞാപിക്കും. ഉടനെ തന്നെ സാധാരണക്കാരിയായി ഇങ്ങനെയും എഴുതും: 'ആത്മീയ കാര്യങ്ങളിൽ താങ്കളെ ഉപദേശിക്കാനുള്ള എന്തെങ്കിലും യോഗ്യത എനിക്കുണ്ടോ? ഞാൻ തന്നെ ദൈവത്തിൽ നിന്നും എത്രയോ അകലെയാണ് ജീവിക്കുന്നത്.'

> പാതി മനസ്സുമാത്രമുള്ള ഒരാൾക്ക് കാതറിൻ മംഫോഡിനെ വിവാഹം കഴിക്കാനാകുമായിരുന്നില്ല. ചില എഴുത്തുകൾ വായിച്ചാൽ സാധാരണക്കാരനാണെങ്കിൽ ഓടി രക്ഷപ്പെട്ടേനെ. ഒരിക്കൽ കാതറിൻ എഴുതി 'എന്റെ മനസ്സിൽ വരുന്ന ചിന്തകൾ പലതും എഴുതാതിരിക്കണമെന്ന് തോന്നിപ്പോവും. എങ്കിലും ഞാനവയെ തടയുന്നില്ല. ഏതു തരക്കാരിയാണ് ഞാൻ എന്ന് അങ്ങനെ നിങ്ങൾക്ക് അറിയാനാകുമല്ലോ.' ഒരു ഇടയ ലേഖനമെന്ന് തോന്നിപ്പോകാവുന്ന വേറൊരു കത്തിൽ കാതറിൻ ഇങ്ങനെ കുറിച്ചു: 'താങ്കൾ ഒരു യഥാർത്ഥ മനുഷ്യനും ക്രിസ്തു ശിഷ്യനും ആവുമെങ്കിൽ എനിക്കതു മതി..........നന്നായി പ്രസംഗിക്കാനറിയുന്നതിലോ, വചനം കൃത്യമായി പഠിപ്പിക്കുന്നതിലോ അല്ല, ഒരു വിശുദ്ധ ജീവിതം നയിക്കുന്നതിനാലാണ് ദൈവത്തിന് മഹത്വമുണ്ടാകുന്നതെന്നോർക്കണം'

പാതി മനസ്സുമാത്രമുള്ള ഒരാൾക്ക് കാതറിൻ മംഫോഡിനെ വിവാഹം കഴിക്കാനാകുമായിരുന്നില്ല. ചില എഴുത്തുകൾ വായിച്ചാൽ സാധാരണക്കാരനാണെങ്കിൽ ഓടി രക്ഷപ്പെട്ടേനെ. ഒരിക്കൽ കാതറിൻ എഴുതി 'എന്റെ മനസ്സിൽ വരുന്ന ചിന്തകൾ പലതും എഴുതാതിരിക്കണമെന്ന് തോന്നിപ്പോവും. എങ്കിലും ഞാനവയെ തടയുന്നില്ല. ഏതു തരക്കാരിയാണ് ഞാൻ എന്ന് അങ്ങനെ നിങ്ങൾക്ക് അറിയാനാകുമല്ലോ.' ഒരു ഇടയ ലേഖനമെന്ന് തോന്നിപ്പോകാവുന്ന വേറൊരു കത്തിൽ കാതറിൻ ഇങ്ങനെ കുറിച്ചു: 'താങ്കൾ ഒരു

> "ആഗ്രഹങ്ങളാണ് താങ്കളെ പ്രധാനമായും അലട്ടുന്നതെന്നു തോന്നുന്നു. ആത്മാക്കളെ രക്ഷിക്കുക എന്ന ആഗ്രഹം പോലും വിശുദ്ധമാകണമെന്നില്ല. സ്വയത്തിൽ നിന്നാകാം ആ ചിന്ത വരുന്നത്. അതുകൊണ്ടുതന്നെ ദൈവസന്നിധിയിൽ സ്വീകരിക്കപ്പെടണമെന്നുമില്ല. എന്നാൽ നമ്മുടെ ഏതു പ്രവൃത്തിയിലും ദൈവം മഹത്വപ്പെടണം എന്നതാണു താങ്കളുടെ ആഗ്രഹമെങ്കിൽ- അങ്ങനെയൊരാത്മാവിനാലാണ് താങ്കൾ നടത്തപ്പെടുന്നതെങ്കിൽ- അത് വിശുദ്ധിയുള്ളതായിരിക്കും."

യഥാർത്ഥ മനുഷ്യനും ക്രിസ്തുശിഷ്യനും ആവുമെങ്കിൽ എനിക്കതു മതി.......... ഞാൻ വിവാഹത്തിനേൽപ്പിച്ചു കൊടുക്കുന്ന പുരുഷനെ സംബന്ധിച്ച് എനിക്കു ചില ധാരണകളുണ്ട്. ക്രിസ്ത്യാനി എന്ന പേരിനർഹതയില്ലാത്ത ഒരാളുമായി മനസ്സുകൊണ്ട് യോജിച്ചിരിക്കുക വിഷം കുടിക്കുന്നതിനു തുല്യമാണ്.' ഒരുപക്ഷേ കാതറിൻ തന്റെ മാതാപിതാക്കളുടെ ജീവിതമായിരിക്കാം ഈ സമയം ചിന്തിച്ചുകാണുക.വിശേഷാൽ ആത്മീയ കാര്യങ്ങളിൽ നിന്നൊക്കെ തീർത്തും അകന്നു പോയ പിതാവിനെ. 'നന്നായി പ്രസംഗിക്കാനറിയുന്നതിലോ, വചനം കൃത്യമായി പഠിപ്പിക്കുന്നതിലോ അല്ല, ഒരു വിശുദ്ധജീവിതം നയിക്കുന്നതിനാലാണ് ദൈവത്തിന് മഹത്വമുണ്ടാകുന്നതെന്നോർക്കണം' എന്ന് തന്നെ വിവാഹം കഴിക്കാനിരിക്കുന്ന പുരുഷനോട് തറപ്പിച്ചു പറയാനും കാതറിൻ മടിച്ചില്ല.

വിവാഹം നീണ്ടുപോകാൻ പ്രധാന കാരണം സാമ്പത്തികമായിരുന്നെങ്കിലും വേറേയും പ്രശ്നങ്ങളുണ്ടായിരുന്നു. യോജിച്ച ഒരു ക്രിസ്തീയ സഭ കണ്ടെത്താനായില്ല എന്നതൊരു പോരായ്മയായിരുന്നു. മനസ്സമ്മതത്തിനു മുമ്പു തന്നെ അവർ മെതഡിസ്റ്റ് സഭ വിട്ടിരുന്നു. അങ്ങനെയാണ് 'മെതഡിസ്റ്റ് പുരോഗമനക്കാരുടെ' കൂടെ ചേർന്നത്. അവിടെയാണെങ്കിൽ പട്ടക്കാരും ആത്മായരും തമ്മിൽ അധികാര വടംവലി.അംഗീകൃത സഭയിൽ ചേർന്ന് അവരുടെ സെമിനറിയിൽപ്പോയി പഠിച്ചാലോ എന്നായി വില്യമിന്റെ ചിന്ത. തന്റെ പല താത്പര്യങ്ങളോടും അവർക്ക് യോജിപ്പില്ലാത്തതിനാൽ അവിടേയും നിലനിൽക്കുക ബുദ്ധിമുട്ടായിരിക്കുമെന്ന തോന്നലുമായി എങ്ങോട്ടു പോകണമെന്നറിയാതെ നിൽക്കുമ്പോഴാണ് മെതഡിസ്റ്റ് സഭയിൽ നിന്നും പിരിഞ്ഞു പോന്ന മറ്റൊരു ഗ്രൂപ്പുകാർ അവരുടെ ചില കൂട്ടായ്മകളുടെ ചുമതലക്കാരനാകാമോ എന്ന് വില്യമിനോട് ചോദിച്ചത്. ലണ്ടനിൽ നിന്നും നൂറുമൈൽ അകലെയായിരുന്നു ആ സഭകൾ: കാതറിനെ അതുകൊണ്ടു തന്നെ പിരിയേണ്ടി വരുമെങ്കിലും പോകാൻ തന്നെ വില്യം തീരുമാനിച്ചു.

അവിടെ നിന്നും അയച്ച കത്തുകളിൽ പതിവുപോലെ തന്റെ ബുദ്ധിമുട്ടുകൾ വില്യം നിരത്തുന്നുണ്ട്. 'ഈ കൊച്ചു കൊച്ചു സഭകളൊക്കെ ഇങ്ങനെ വിഘടിച്ചു നിൽക്കാതെ ഒന്നായിരുന്നെങ്കിലെന്ന് ആശിച്ചു പോകയാണ്. എന്റെ മനസ്സ് ഇപ്പോഴും അസ്വസ്ഥം തന്നെ. ഒരു സമാധാനവും ഇല്ല. സ്വർഗ്ഗത്തിലെത്തിച്ചേരുന്നതുവരെ ഇങ്ങനെയൊക്കെത്തന്നെയായിരിക്കുമെന്ന് തോന്നിപ്പോവുന്നു.' ഈ കാലഘട്ടത്തിലാണ് അമേരിക്കയിലേക്ക് പോയി അവിടെ ഒരു സുവിശേഷകനായി കഴിഞ്ഞാലോ എന്ന് വില്യം ചിന്തിച്ചത്. കാതറിനും കൂടെ വരുമോ എന്ന ചോദിച്ചതിന് അനുകൂലമായ മറുപടിയാണ് ലഭിച്ചതെ

(ശേഷം പേജ് 30 ൽ)





**ചിന്തയ്ക്ക്**

# ക്രിസ്തു സഹിതരും ക്രിസ്തു രഹിതരും

**സാധു സുന്ദർസിങ്**

ക്രിസ്ത്യാനികളും ക്രിസ്തേതരരും ഒരുപോലെ ഒരേ ദൈവത്തിന്റെ സൃഷ്ടികളും മക്കളുമാണെങ്കിലും അവർ തമ്മിൽ വ്യത്യാസമുണ്ട്. ചില ആളുകൾക്കു ദൈവത്തെപ്പറ്റി ശരിയായ അറിവും ആത്മസാക്ഷാൽക്കാരവുമുണ്ട്. ദൈവത്തിന്റെ




അവതാരമായ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിൽ ജീവിക്കുന്നതുമൂലം അവർ ദൈവസാദൃശ്യമുള്ളവരായി രൂപാന്തരപ്പെടുകയും ജീവന്റെയും നിത്യസൗഭാഗ്യത്തിന്റെയും അവകാശികളായിത്തീരുകയും ചെയ്യുന്നു.മറ്റുള്ളവർ അവർക്കു കിട്ടിയ മങ്ങിയ വെളിച്ചത്തിൽ സഞ്ചരിക്കുന്നു.അവരുടെ മനസ്സിനിണങ്ങിയ ആഗ്രഹങ്ങളുടെ പുറകെ നടന്നു സത്യത്തിൽ നിന്നു തെറ്റിമാറുകയും, ക്രിസ്തുവിൽ കണ്ടെത്താവുന്ന അനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

ക്രിസ്തുവിനെ സ്വായത്തമാക്കിയവരുടെയും അല്ലാത്തവരുടെയും ജീവിതങ്ങൾ തമ്മിലുള്ള വ്യത്യാസമെന്താണെന്ന് ഇവിടെ പരാമർശിക്കുന്ന പല സംഭവങ്ങൾ പരിശോധിച്ചു നോക്കിയാൽ മനസ്സിലാക്കാം.

വിപുലമായ രീതിയിൽ സുവിശേഷഘോഷണം നടന്നിട്ടുള്ള രാജ്യങ്ങളിലെ ജനങ്ങളുടെ ചിന്താഗതിയിൽ പ്രകടമായ വ്യത്യാസം വന്നിട്ടുണ്ടെന്നുള്ളതു സുവിദിതമായ ഒരു യാഥാർഥ്യമാണ്.ഒരുപക്ഷേ, അവിടങ്ങളിൽ കുറെപ്പേർ നാമമാത്ര

> **മനുഷ്യന്റെ സത്യാന്വേഷണം അവന്റെ ആധ്യാത്മസ്വഭാവത്തിന്റെ തീവ്രമായ അഭിലാഷത്തെ തൃപ്തിപ്പെടുത്താത്ത കാലത്തോളം അവനു സമാധാനം ലഭിക്കയില്ല. അവന്റെ മനസ്സാക്ഷി ഉണർന്നിരിക്കുന്ന കാലത്തോളം അവന്റെ തീവ്രമായ ആശയെ അമർത്തുവാൻ സാധ്യവുമല്ല. ദൈവത്തെ മനഃപൂർവം നിരാകരിച്ചു ഹൃദയാഭിലാഷത്തെ നിഹനിക്കുകയും അന്തരാത്മാവിന്റെ ശബ്ദത്തെ അമർത്തുകയും ചെയ്യുന്നവർ ഒരു പക്ഷേ അല്പസമാധാനമുള്ളവരായി തോന്നിയേക്കാം; എന്നാൽ അതു മരണത്തിന്റെ സമാധാനമാണ്.**

ക്രിസ്ത്യാനികളായിരിക്കാം.എന്നാൽ സുവിശേഷപ്രബോധനം ലഭിക്കാത്ത രാജ്യങ്ങളുടെ കാര്യം നോക്കിയാൽ, അപരിഷ്കൃതവും അന്ധവിശ്വാസ നിർഭരവുമെന്നു മുൻകാലങ്ങളിൽ പരിഗണിക്കപ്പെട്ടിരുന്ന ആ രാജ്യങ്ങളുടെ സ്ഥിതിയിൽ വലിയ വ്യത്യാസമൊന്നും വന്നിട്ടില്ല.

### സാക്ഷികൾ

ദൈവം ആരോടും പ്രത്യേകത കാണിക്കാതെ എല്ലാവർക്കും ഒരേപോലെയുള്ളവനാകയാൽ, മനുഷ്യരെല്ലാംതന്നെ ദൈവത്തിന്റെ മക്കളാണെന്നു ദൈവവചനം പറയുന്നു. ‘ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു’ (അപ്പൊ. പ്രവൃ. 10:35) എന്നാണ് ദൈവവചനം പറയുന്നത്.

‘...തന്നെക്കുറിച്ചു സാക്ഷ്യം തരാതിരുന്നിട്ടില്ല’ (അപ്പൊ.പ്രവൃ. 14:17) എന്നും പറയുന്നു. ദൈവം വെളിപ്പെടുത്തിക്കൊണ്ടിരുന്ന സത്യവെളിച്ചം ജാതികളെ അവങ്കലേക്കു തിരിക്കുവാൻ തക്കവണ്ണം മതിയായതായിരുന്നു.എന്നാലതു നീതിസൂര്യനായ ക്രിസ്തുവിൽക്കൂടി പിന്നീടു വെളിപ്പെടുത്തപ്പെട്ടിടത്തോളം സമ്പൂർണ്ണമായ സത്യവെളിച്ചമല്ലായിരുന്നു (മലാ. 4:2; യോഹ. 1:9). ‘ലോകത്തിന്റെ വെളിച്ചം ഇപ്പോൾ ആഗതമായിരിക്കുന്നതിനാൽ സ്ഥിതിഗതികൾ മാറിപ്പോയി. യഥാർഥ സത്യാന്വേഷികൾ ആ വെളിച്ചത്തിൽ അവനെ പിന്തുടരുവാൻ തുടങ്ങി. സ്വാർഥതമൂലം കണ്ണുകൾ അന്ധമാക്കപ്പെട്ട മറ്റുള്ളവരോ അവനിൽ നിന്നു മുഖംതിരിച്ച് ഇരുട്ടിൽ നടക്കുന്നു’ (യോഹ. 3:19–21).

മനുഷ്യന്റെ സത്യാന്വേഷണം അവന്റെ ആധ്യാത്മസ്വഭാവത്തിന്റെ തീവ്രമായ അഭിലാഷത്തെ തൃപ്തിപ്പെടുത്താത്ത കാലത്തോളം അവനു സമാധാനം ലഭിക്കയില്ല.അവന്റെ മനസ്സാക്ഷി ഉണർന്നിരിക്കുന്ന കാലത്തോളം അവന്റെ തീവ്രമായ ആശയെ അമർത്തുവാൻ സാധ്യവുമല്ല. ദൈവത്തെ മനഃപൂർവം നിരാകരിച്ചു ഹൃദയാഭിലാഷത്തെ നിഹനിക്കുകയും അന്തരാത്മാവിന്റെ ശബ്ദത്തെ അമർത്തുകയും ചെയ്യുന്നവർ ഒരു പക്ഷേ അല്പസമാധാനമുള്ളവരായി തോന്നിയേക്കാം; എന്നാൽ അതു മരണത്തിന്റെ സമാധാനമാണ്.

തങ്ങളുടെ ആത്മാവിന്റെ തീവ്രമായ അഭിലാഷം ഉപശമിപ്പിക്കുന്ന കാര്യത്തിൽ ക്രിസ്തുവിനെ ലഭിച്ചിട്ടില്ലാത്തവർ (ക്രിസ്തു ഇല്ലാത്തവർ) എത്രമാത്രം വിജയം പ്രാപിച്ചിട്ടുണ്ടെന്നു നോക്കാം:

### ആണി തറച്ച കിടക്ക

കുറെനാളുകൾക്കു മുൻപു ഹരിദ്വാറിൽവച്ച്, കൂർത്തുമൂർത്ത ആണികൾ നിരന്നുനിൽക്കുന്ന പലകമേൽ ഒരു സാധു (സന്ന്യാസി) കിടക്കുന്നതു ഞാൻ കണ്ടു. ഞാൻ അദ്ദേഹത്തെ സമീപിച്ചു ചോദിച്ചു: ‘അങ്ങയുടെ ശരീരമിങ്ങനെ മുറിപ്പെടുത്തി ദണ്ഡിപ്പിക്കുന്നതിന്റെ ലക്ഷ്യം





എന്താണ്?’

‘അങ്ങു ഒരു സാധുവായിട്ടുപോലും ഇതൊന്നും അറിയാൻ പാടില്ലേ? ഉഗ്രവ്രതവും ശരീരപീഡനവുംകൊണ്ടുള്ള ഇന്ദ്രിയനിഗ്രഹമാണിത്. ഇങ്ങനെയാണു ഞാൻ ദൈവാരാധന നടത്തുന്നത്. എന്റെ അകൃത്യങ്ങളും ദുഷ്ടവികാരങ്ങളുംമൂലം ഞാൻ അനുഭവിക്കുന്ന വേദനയെക്കാൾ എത്രയോ കുറഞ്ഞതാണു മുള്ളാണികൾ കുത്തിക്കയറുമ്പോഴുള്ള വേദന. അഹംചിന്തയിൽ നിന്നു ഉൽഭൂതമാകുന്ന ആസക്തികൾ നശിപ്പിച്ചു മുക്തി പ്രാപിക്കണം എന്നുള്ളതാണ് എന്റെ ലക്ഷ്യം. ഞാൻ ചോദിച്ചു: ‘അങ്ങ് ഈ അനുഷ്ഠാനം തുടങ്ങിയിട്ട് എത്ര നാളുകളായി? ലക്ഷ്യസാധ്യത എത്രമാത്രം ഉണ്ട്?’ മറുപടി: ‘പതിനെട്ടു മാസങ്ങൾക്കു മുൻപാണു ഞാനിതു തുടങ്ങിയത്. ഇതുവരെ ലക്ഷ്യം പ്രാപിച്ചിട്ടില്ല. ഒരു ഹ്രസ്വകാലഘട്ടംകൊണ്ടതു സാധ്യവുമല്ല. ലക്ഷ്യസാധ്യത്തിനായി അനേകവർഷങ്ങൾ യഥാർഥത്തിൽ അനേകം ജന്മങ്ങൾ വേണ്ടിവരും’. സ്വന്തം യത്നംകൊണ്ടു മുക്തി പ്രാപിക്കാനുള്ള എന്റെ ശ്രമങ്ങൾ പരാജയപ്പെട്ടതും, അസ്വസ്ഥമായ എന്റെ ആത്മാവിനെ യേശുക്രിസ്തു ഒരു നിമിഷംകൊണ്ടു ശാന്തമാക്കി യഥാർഥ സമാധാനം എനിക്കു നൽകിയതും,ഇതേസമയം സാധുവാകട്ടെ (അദ്ദേഹം) ഇതിനുവേണ്ടി അനേക ജന്മങ്ങൾ സ്വയം ഉഗ്രപീഡനത്തിനു വിധേയമാകുന്നതുമൊക്കെ ഞാൻ അദ്ദേഹത്തോടു പറഞ്ഞു. ഞാൻ തുടർന്നു: ‘ഈ ജന്മത്തിൽ അങ്ങു വിജയിക്കുകയില്ലെങ്കിൽ, ഇനിയൊരു ജന്മത്തിൽ വിജയം ലഭിക്കുമെന്നുള്ളതിനു തെളിവെന്താണ്? ഞാൻ സ്വയം വിലപ്പെട്ടവനോ അർഹിക്കുന്നവനോ അല്ലെങ്കിലും ക്രിസ്തുവിന്റെ കൃപയും കാരുണ്യവുംമൂലം എന്റെ പാപങ്ങളുടെയും ദുഷ്ടവികാരങ്ങളുടെയും പരീക്ഷകളുടെയും വേദനകളിൽ നിന്നു ഞാനിപ്പോൾ വിമോചിതനാണ്. എന്റെ പാപങ്ങൾ മാത്രമല്ല ലോകത്തിന്റെ മുഴുവൻ പാപങ്ങളും ചുമക്കാൻ കഴിയുന്ന ക്രിസ്തുവിനു ഞാൻ പരിപൂർണമായി കീഴടങ്ങിയിരിക്കുന്നു’ (യോഹ. 1:29). പാപരഹിതനായ അവന്റെ കൈകളും കാലുകളും ആണികളാൽ തുളയ്ക്കപ്പെട്ടതുമൂലം-അവൻ ബലിയായി തീർന്നതുമൂലം -നാം പാപത്തിൽ നിന്നും അതിന്റെ ഭവിഷ്യത്തുകളിൽ നിന്നും രക്ഷപ്പെട്ടിരിക്കുന്നു.

അദ്ദേഹമിതു കേട്ടപ്പോൾ, അതു സമ്മതിക്കാൻ യാതൊരു ശ്രമവും നടത്താതെ കേവലമിങ്ങനെ പറഞ്ഞു: ‘രക്ഷ (മോക്ഷം) സൗജന്യമായി ലഭിക്കുമെന്ന് ഒരിക്കലും ഞാൻ വിശ്വസിക്കുകയില്ല. അതും ഒരു ഹ്രസ്വകാലജീവിതംകൊണ്ടു സാധ്യവുമല്ല’.

ക്രിസ്തുവിലുള്ള ജീവിതമെന്താണെന്ന് അനുഭവമില്ലാത്തവർക്ക്, അതു മനസ്സിലാക്കുന്നതിനോ അതു ശരിയാണെന്നു സമ്മതിച്ചു തരുന്നതിനോ എന്തു പ്രയാസമാണ്!

### തലകീഴായി കിടക്കുക

ഞാൻ വേറൊരു സന്ന്യാസിയെ കണ്ടു. കാലിൽ കെട്ടിയിരിക്കുന്ന കയറിന്റെ മറ്റേയറ്റം മരക്കൊമ്പിൽ കെട്ടി തല കീഴോട്ടായി അദ്ദേഹം തൂങ്ങിക്കിടക്കുന്നു. അവിടെ നിന്നു ഞാൻ മാറിപ്പോയി. തിരിച്ചുവന്നപ്പോൾ അദ്ദേഹം കെട്ടഴിച്ചുകളഞ്ഞു വിശ്രമിക്കയാണ്. ഇത്ര ഉഗ്രപീഡനത്തിന്റെ ഉദ്ദേശ്യവും കാര്യസാധ്യതയും എന്താണെന്ന് ഞാൻ അദ്ദേഹത്തോടു ചോദിച്ചു. മറുപടി: ‘ഈ അവസരത്തിൽ എന്തെങ്കിലും പറയുവാൻ എനിക്കു തോന്നുന്നില്ല.എന്നാൽ അങ്ങ് എന്നെപ്പോലെയൊരു സാധുവാകയാൽ എന്റെ ലക്ഷ്യമെന്താണെന്ന് ചുരുക്കിപ്പറയാം. സ്രഷ്ടാവു തന്നെ മനുഷ്യരെല്ലാവരെയും മാതൃഗർഭത്തിൽ തല കീഴായിട്ടാണല്ലോ കിടത്തിയിരിക്കുന്നത്. അപ്പോൾ ഞാനിങ്ങനെ തല കീഴായിട്ടു തൂങ്ങികിടക്കുന്ന

ഞാൻ പറഞ്ഞു: 'അങ്ങയുടെ ധാരണകൾ വിചിത്രമായിരിക്കുന്നു. ലോകവും അതിന്റെ സമ്പ്രദായങ്ങളും കീഴ്മേൽ മറിഞ്ഞാണു കിടക്കുന്നതെന്നു സമ്മതിക്കാം.എന്നാൽ ലോകത്തിന്റെ കീഴുമേൽ മറിഞ്ഞ സമ്പ്രദായങ്ങൾ നാം അവലംബിക്കരുത്. പാപബന്ധനങ്ങളിൽ നിന്നു നമ്മുടെ സ്വന്തം ശ്രമംകൊണ്ടു എങ്ങനെയാണ് മോചനം ലഭിക്കുന്നത്? അതു നമ്മുടെ ശക്തിക്കപ്പുറമുള്ള ഒരു വൻകാര്യമാണ്. നമ്മുടെ പാപങ്ങളിൽ നിന്നു വിടുതൽ നൽകുവാൻവേണ്ടി സ്നേഹവാനായ ദൈവം മനുഷ്യനായിത്തീർന്നു. അവൻ രക്ഷിക്കുകയും സ്വതന്ത്രരാക്കുകയും ചെയ്തവരെ അവൻ ലോകം നേരെയാക്കുവാൻവേണ്ടി ആയുധമായി ഉപയോഗിക്കുന്നു'.

തിൽ ആളുകൾ എന്തിന് അത്ഭുതപ്പെടണം? എന്റെ ദൈവോപാസനയും ഉഗ്രതപവും ഞാൻ ഇങ്ങനെയാണ് നിർവഹിക്കുന്നത്. ഇങ്ങനെ ചെയ്യുന്നതു ലോകദൃഷ്ടിയിൽ മടയത്തരമായി തോന്നിയേക്കാം. അകൃത്യങ്ങളിൽ നാം കുരുങ്ങിയിരിക്കുന്ന കാലത്തോളം ലോകദൃഷ്ടിയിൽ നാം തല കീഴായിട്ടാണു കിടക്കുന്നതെന്ന് എന്നെത്തന്നെയും മറ്റുള്ളവരെയും ഓർമിപ്പിക്കുന്നതിന് ഇതുമൂലം സാധിക്കുന്നു. ദൈവമുമ്പാകെ ഞാൻ തല മുകളിലായിട്ടാണു നിൽക്കുന്നതെന്നു സ്വയം തൃപ്തനാകുന്നതുവരെ ബാഹ്യമായും ആന്തരികമായും ഒരു രൂപാന്തരം വരുത്തുവാനാണു ശ്രമം.

ഞാൻ പറഞ്ഞു: 'അങ്ങയുടെ ധാരണകൾ വിചിത്രമായിരിക്കുന്നു. ലോകവും അതിന്റെ സമ്പ്രദായങ്ങളും കീഴ്മേൽ മറിഞ്ഞാണു കിടക്കുന്നതെന്നു സമ്മതിക്കാം.എന്നാൽ ലോകത്തിന്റെ കീഴുമേൽ മറിഞ്ഞ സമ്പ്രദായങ്ങൾ നാം അവലംബിക്കരുത്. പാപബന്ധനങ്ങളിൽ നിന്നു നമ്മുടെ സ്വന്തം ശ്രമംകൊണ്ട്എങ്ങനെയാണ് മോചനം ലഭിക്കുന്നത്? അതു നമ്മുടെ ശക്തിക്കപ്പുറമുള്ള ഒരു വൻകാര്യമാണ്. നമ്മുടെ പാപങ്ങളിൽ നിന്നു വിടുതൽ നൽകുവാൻവേണ്ടി സ്നേഹവാനായ ദൈവം മനുഷ്യനായിത്തീർന്നു. അവൻ രക്ഷിക്കുകയും സ്വതന്ത്രരാക്കുകയും ചെയ്തവരെ അവൻ ലോകം നേരെയാക്കുവാൻവേണ്ടി ആയുധമായി ഉപയോഗിക്കുന്നു'. ഇനി സംഭാഷണം മുമ്പോട്ടു തുടരേണ്ട എന്നു സാധു സൂചന നൽകുകയാൽ ഞാൻ അവിടം വിട്ടുപോന്നു.

ഒരു കാര്യം തീർച്ചയാണ്. ഭയങ്കരമായ ശരീരപീഡനം അദ്ദേഹം സ്വയം അനുഭവിക്കുന്നുവെങ്കിലും, ജീവിതത്തിൽ എന്തെങ്കിലും രൂപാന്തരം വരുത്തുന്നതിനോ സംതൃപ്തിയും സമാധാനവും കൈവരിക്കുന്നതിനോ അദ്ദേഹത്തിനു സാധിച്ചിട്ടില്ല.

**ആശയില്ല**

ഞാൻ വേറൊരു സന്ന്യാസിയെ കണ്ടു. അദ്ദേഹം വേനൽക്കാലത്തു പഞ്ചാഗ്നിമധ്യത്തിലിരുന്നും (നാലു ചുറ്റിലും തീയും മുകളിൽ സൂര്യനും) ശീതകാലത്ത് അനേക മണിക്കൂറുകൾ തണുത്ത ജലത്തിൽ നിന്നും തപം ചെയ്യുന്നു. അദ്ദേഹത്തിന്റെ മുഖത്തു വ്യസനവും നിരാശയും പ്രതിബിംബിച്ചിട്ടുണ്ട്. എന്റെ കൂടെയുണ്ടായിരുന്ന ഒരാൾ വളരെ സഹതാപത്തോടെ അദ്ദേഹത്തോടു ചോദിച്ചു: 'അങ്ങു കഴിഞ്ഞ അഞ്ചു കൊല്ലങ്ങളായി ഇങ്ങനെ ശരീരപീഡനം നടത്തുന്നുണ്ടല്ലോ. ഈ ജീവിതസമ്പ്രദായത്തിൽ നിന്ന് അങ്ങെന്താണു പഠിച്ചതെന്നു പറയാമോ?' 'അതിൽ നിന്നെന്തെങ്കിലും ഗുണം വരുമെന്ന് എനിക്കാശയില്ല. അടുത്ത ജന്മത്തെപ്പറ്റി ഒന്നും പറയാനും സാധ്യമല്ല. ഇത്രയുമേ ഇതേപ്പറ്റി എനിക്കു പറയാനുള്ളു'.

(തുടരും)





ധ്യാനം

# നമ്മെപ്പോലെ പ്രലോഭനങ്ങളെ നേരിട്ട യേശു - 2

**സാക് പുന്നൻ**

തന്നെ ഭയപ്പെടുന്നവരോട് മാത്രമേ ദൈവഭക്തിയുള്ള ജീവിതത്തിന്റെ രഹസ്യമടക്കമുള്ള എല്ലാ മർമ്മങ്ങളും ദൈവം മന്ത്രിക്കുകയുള്ളൂ (സങ്കീ. 25:14). തങ്ങളുടെ പരാജയജീവിതത്തെക്കുറിച്ചു മനം മടുത്തു ക്ഷീണിച്ചവർക്ക് യേശു വാഗ്ദാനം ചെയ്യുന്ന വിശ്രമം, പാപത്തിന്റെ മേലുള്ള സമ്പൂർണ്ണ ജയമാണ്.

എബ്രായർ 4-ൽ ഈ വിശ്രമത്തെ കനാൻദേശം അവകാശമാക്കുന്നതിനോട് ഉപമിച്ചിരിക്കുന്നു. കനാൻദേശത്തിലെ മല്ലന്മാരെ ഒന്നിനു പുറകെ ഒന്നായി ദീർഘനാളുകൾകൊണ്ടാണ് യുദ്ധംചെയ്തു കൊന്നൊടുക്കിയത് (ആവ. 33:27,29 കാണുക). അപ്രകാരം കർത്താവിനായി പിടിച്ചടക്കിയ ഓരോ ദേശത്തിന്മേലും വിശ്രമവും സമാധാനവും കൈവന്നു. കനാനിലെ മല്ലന്മാർ നമ്മുടെ ജഡത്തിലെ മോഹങ്ങളുടെ പ്രതീകങ്ങളാണ്. ദൃശ്യരായ മല്ലന്മാർ ബോധപൂർവ്വമുള്ള പാപങ്ങൾ; ദേശത്തിലെ ഗുഹകളിൽ ഒളിച്ചിരുന്ന മല്ലന്മാർ അബോധപാപങ്ങളും. ദൈവം തന്റെ ജനത്തിനു വാഗ്ദാനം ചെയ്തിരിക്കുന്ന ശബ്ബത്തനുഭവത്തെപ്പറ്റിയും എബ്രായർ 4-ൽ നാം കാണുന്നു. ആറുദിവസത്തെ അദ്ധ്വാനത്തിനൊടുവിൽ ദൈവത്തിന്റെ സ്വസ്ഥതയിലേക്ക് അവർക്ക് പ്രവേശിക്കാമായിരുന്നു. അപ്രകാരം, ആറുദിവസങ്ങൾ നമ്മുടെ സ്വന്തശക്തികൊണ്ട് പോരാടി വീണ്ടുംവീണ്ടും പരാജിതരായിത്തീരുവാൻ ദൈവം നമ്മെ അനുവദിക്കുന്നു. ഒടുവിൽ സ്വന്തശക്തിയിലുള്ള ആശ്രയം നമുക്ക് ഇല്ലാതെയാകുമ്പോൾ (നാം സ്വന്തം പ്രവൃത്തികളിൽനിന്നു വിരമിക്കുമ്പോൾ എബ്രായർ 4:10) അപ്പോൾ ദൈവത്തിന്റെ ശബ്ബത്തിലേക്ക് അഥവാ വിശ്രമത്തിലേക്ക് പരിശുദ്ധാത്മശക്തിനിറഞ്ഞ ജയജീവിതത്തിലേക്ക് നാം പ്രവേശിക്കുന്നു. പാപപങ്കിലമായ ഹൃദയത്തെ വിശുദ്ധീകരിക്കുവാൻ, ജഡത്തെ മരിപ്പിക്കുവാനുള്ള നമ്മുടെ സ്വയപരിശ്രമങ്ങൾക്കാവില്ല. നമ്മെ ദൈവികസ്വഭാവത്തിന് കൂട്ടാളികളാക്കുകവഴി പരിശുദ്ധാത്മാവിന് മാത്രമേ അതു ചെയ്യുവാൻ കഴിയൂ. വിശ്വസ്തരെങ്കിൽ ഈ സ്വസ്ഥതയിൽ ജീവിതകാലം മുഴുവനും തുടരുവാൻ നമുക്കാവും. നാം അവിശ്വസ്തരായാൽ "അദ്ധ്വാനത്തിലേക്ക്" തിരികെ പോകേണ്ടി വരും.

ഏതെങ്കിലുമൊരു പാപത്തോട് ജീവകാലം മുഴുവനും നാം പോരാടിക്കൊണ്ടിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. കനാനിലെ ഓരോ മല്ലനെയും കൊന്നൊടുക്കണമെന്നതാണ് ദൈവത്തിന്റെ ആഗ്രഹം.ശാരീരികവും ആത്മീയവുമായ വളർച്ചയുടെ ഓരോ ഘട്ടത്തിലും പുതിയ പുതിയ പ്രലോഭനങ്ങളെ നാം നേരിടേണ്ടതായി വരുന്നു. നാലുവയസ്സുള്ള കുട്ടിക്ക് കോപിക്കുവാനുള്ള പരീക്ഷയുണ്ടാകും; ലൈംഗികാഭിലാഷത്തിന്റെ പരീക്ഷ ഉണ്ടാവുകയില്ല. അതു പിന്നീട് കൗമാരത്തി

ഏതെങ്കിലുമൊരു പാപത്തോട് ജീവകാലം മുഴുവനും നാം പോരാടിക്കൊണ്ടിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. കനാനിലെ ഓരോ മല്ലനെയും കൊന്നൊടുക്കണമെന്നതാണ് ദൈവത്തിന്റെ ആഗ്രഹം. ശാരീരികവും ആത്മീയവുമായ വളർച്ചയുടെ ഓരോ ഘട്ടത്തിലും പുതിയ പുതിയ പ്രലോഭനങ്ങളെ നാം നേരിടേണ്ടതായി വരുന്നു. എന്നെങ്കിലുമൊരിക്കൽ ദൈവം നമുക്ക് വിജയം നൽകുമെന്ന് ഏറ്റുപറയുക മാത്രം ചെയ്തുകൊണ്ട് വർഷങ്ങളോളം നാം പരാജിതരായി ജീവിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നില്ല. മുഴുഹൃദയത്തോടെ അന്വേഷിച്ചാൽ, വേഗത്തിൽ തന്നെ വിജയത്തിലേക്ക് എത്തുവാനാകും.

ലാണ് ഉണ്ടാവുന്നത്. എന്നെങ്കിലുമൊരിക്കൽ ദൈവം നമുക്ക് വിജയം നൽകുമെന്ന് ഏറ്റുപറയുക മാത്രം ചെയ്തുകൊണ്ട് വർഷങ്ങളോളം നാം ലൈംഗിക മേഖലയിൽ പരാജിതരായി ജീവിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നില്ല. മുഴുഹൃദയത്തോടെ അന്വേഷിച്ചാൽ, വേഗത്തിൽ തന്നെ വിജയത്തിലേക്ക് എത്തുവാനാകും. ഈ മേഖലയിലും മരണം എത്തുകയും ദൈവസ്വഭാവം അതിനെ പിടിച്ചടക്കുകയും ചെയ്യും.

റോമർ 6-ാം അദ്ധ്യായം ജയജീവിതത്തിന്റെ വിവിധ പടികളെക്കുറിച്ച് വിശദീകരിക്കുന്നു. ക്രിസ്തുവിനോടുകൂടി മരിച്ചവരെന്നുള്ള തിരിച്ചറിവിനാൽ (വാക്യം 6 - ഇത് മനസ്സിലാക്കുവാൻ പ്രയാസമെങ്കിലും വിശ്വാസത്തോടെ അംഗീകരിക്കുക.) നാം തന്നെ പാപം സംബന്ധമായി മരിച്ചവരെന്ന് ഇപ്പോൾ തുടർമാനമായി കണക്കാക്കുന്നു (വാ. 11). തുടർന്ന് അനുസരണത്തിനും നീതിക്കുമായി നാം നമ്മുടെ അവയവങ്ങളെ ദൈവത്തിനായി സമർപ്പിക്കുന്നു (വാ. 13-18). ഇതിന്റെ അനന്തരഫലം വർദ്ധമാനമായ വിശുദ്ധീകരണമാണ് (വാ. 22). ആത്യന്തികമായി ലഭ്യമാകുന്നത് നിത്യജീവനും. ദിവ്യസ്വഭാവത്തിന്റെ മറ്റൊരു പര്യായമായി ഇതിനെ കണക്കാക്കാം (വാ. 22). അതായത് ദൈവികസ്വഭാവത്തിന് പങ്കാളികളാകുക എന്നതാണ് അന്തിമലക്ഷ്യമായി നാം കാണേണ്ടത്. എന്നാൽ ഇതിന്റെ തുടക്കം ക്രിസ്തുവിനോടുകൂടി നാം ക്രൂശിൽ മരിച്ചു എന്ന നിലപാട് അംഗീകരിക്കുന്നതിലാണ്. തുടർന്ന് പാപത്തിന് നാംതന്നെ മരിച്ചവരാണെന്ന് തുടർമാനമായി കണക്കിടുകയും വേണം.

യേശുവിന്റെ ജീവിതത്തിൽ ഇത് എപ്രകാരമായിരുന്നു? അവിടുന്ന് സകലത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടു. എങ്കിലും ഒരേ പരീക്ഷയോട് സ്ഥിരമായി പോരാടുകയല്ല അവിടുന്ന് ചെയ്തത്. നമ്മെപ്പോലെ യേശു പരീക്ഷിക്കപ്പെട്ടു എങ്കിൽ, ലൈംഗികമേഖലയിലും നമ്മെപ്പോലെ അവിടുന്ന് പരീക്ഷിക്കപ്പെട്ടിരിക്കാം. എന്നാൽ തികഞ്ഞ വിശ്വസ്തതയിലൂടെ കൗമാരത്തിൽതന്നെ ഈ മേഖലയിൽ അവിടുന്ന് വിജയം വരിച്ചിട്ടുണ്ടാവും. തത്ഫലമായി തന്റെ പരസ്യശുശ്രൂഷാവേളയിൽ ഈ മേഖലയിലുള്ള യാതൊരു പ്രലോഭനവും അവിടുത്തേക്ക് നേരിടേണ്ടിവന്നില്ല. സ്ത്രീകൾ തന്റെ കാൽ തുടച്ചപ്പോൾ തനിക്കൊരുതരത്തിലുള്ള പ്രലോഭനംപോലും നേരിട്ടില്ല. ഈ മേഖലയിലുള്ള പ്രലോഭനങ്ങളെ നേരിടുവാൻ വിശ്വസ്തരല്ലാത്തവർക്ക് ഈ സത്യം മനസ്സിലാക്കുവാൻ സാധിക്കയില്ല.

മരുഭൂമിയിൽ നാല്പതുദിവസങ്ങൾ കഠിനപരിശോധനകൾക്കൊടുവിൽ യേശുവിനെ പരീക്ഷിക്കുമ്പോൾ ലൈംഗികതയുടെയും പണത്തിന്റെയും മേഖലയിൽ





പരീക്ഷിക്കുവാൻ സാത്താൻ ഒരുമ്പെട്ടില്ല. യേശു ഈ മേഖലകളിലെല്ലാം വർഷങ്ങൾക്കുമുമ്പേതന്നെ സമ്പൂർണ്ണ ജയം നേടിയിരുന്നതിനാൽ അത്തരം പരീക്ഷകൾ നിഷ്പ്രയോജനമെന്ന് അവനറിയാമായിരുന്നു. മരുഭൂമിയിൽ നേരിട്ട അവസാനത്തെ മൂന്ന് പരീക്ഷകളും വളരെ ഉന്നത നിലവാരത്തിലുള്ളവയായിരുന്നു. യേശു നടന്ന വഴിയിലൂടെ നടക്കുവാൻ നാം വിശ്വസ്തരായിരിക്കുമ്പോൾ മാത്രമാണ് അവയുടെ മറപൊരുൾ നമുക്ക് മനസ്സിലാവുക.

പ്രലോഭനങ്ങളുടെ പാഠശാല മറ്റേതൊരു പാഠശാലയുംപോലെയാണ്. നാമെല്ലാവരും നേഴ്സറിക്ലാസ്സിൽതന്നെ തുടങ്ങണം. നമ്മുടെ കർത്താവിനും പ്രാഥമികമായ പരീക്ഷകളെയായിരിക്കണം പ്രാരംഭമായി നേരിടേണ്ടിവന്നത്. എന്നാൽ ഓരോ ക്ലാസ്സിലും ആവശ്യമായതിൽ കൂടുതൽ സമയം അവിടുന്ന് ഒരിക്കൽപ്പോലും ചെലവഴിച്ചില്ല. 33-ാം വയസ്സിൽ ക്രൂശിൽ മരിക്കുമ്പോഴേയ്ക്കും 'സകലവും നിവൃത്തിയായി' എന്ന് പറയുവാൻ അവിടുത്തേക്ക് കഴിഞ്ഞു. ഓരോന്നായി എല്ലാ പ്രലോഭനത്തെയും അവിടുന്ന് കീഴടക്കി. പള്ളിക്കൂടത്തിലെ ഓരോ പരീക്ഷയിലും പൂർണ്ണ വിജയം കരസ്ഥമാക്കി കഴിഞ്ഞിരുന്നു. അവിടുന്ന് അപ്രകാരം തികഞ്ഞവനായിത്തീർന്നു. മനുഷ്യനെന്ന നിലയിലുള്ള അഭ്യസനം അവിടുന്ന് പൂർത്തിയാക്കി (എബ്രാ. 5:8,9).

പ്രലോഭനങ്ങളുടെ നേഴ്സറി ക്ലാസ്സിൽ (അതായത്, അശുദ്ധമായ ലൈംഗികമോഹങ്ങൾ, കോപം, നുണ തുടങ്ങിയവ) അവിശ്വസ്തനായിരിക്കുന്ന ഒരുവൻ, യേശുവിന് പി. എച്ച്. ഡി. ക്ലാസ്സിൽ നേരിട്ട പ്രലോഭനങ്ങൾ മനസ്സിലാക്കുവാൻ ശ്രമിക്കുന്നത് അപഹാസ്യവും അതിരുകടന്നതുമായ ഒന്നാണ്. നിങ്ങൾ നിങ്ങളുടെ പോരാട്ടങ്ങളിൽ വിശ്വസ്തനെങ്കിൽ നിങ്ങൾ അത് തിരിച്ചറിയും (യോഹ. 7:17

പ്രലോഭനങ്ങളുടെ പാഠശാല മറ്റേതൊരു പാഠശാലയുംപോലെയാണ്. നാമെല്ലാവരും നേഴ്സറിക്ലാസ്സിൽതന്നെ തുടങ്ങണം. നമ്മുടെ കർത്താവിനും പ്രാഥമികമായ പരീക്ഷകളെയായിരിക്കണം പ്രാരംഭമായി നേരിടേണ്ടിവന്നത്. എന്നാൽ ഓരോ ക്ലാസ്സിലും ആവശ്യമായതിൽ കൂടുതൽ സമയം അവിടുന്ന് ഒരിക്കൽപ്പോലും ചെലവഴിച്ചില്ല. 33-ാം വയസ്സിൽ ക്രൂശിൽ മരിക്കുമ്പോഴേയ്ക്കും 'സകലവും നിവൃത്തിയായി' എന്ന് പറയുവാൻ അവിടുത്തേക്ക് കഴിഞ്ഞു. ഓരോന്നായി എല്ലാ പ്രലോഭനത്തെയും അവിടുന്ന് കീഴടക്കി. പള്ളിക്കൂടത്തിലെ ഓരോ പരീക്ഷയിലും പൂർണ്ണ വിജയം കരസ്ഥമാക്കി കഴിഞ്ഞിരുന്നു. അവിടുന്ന് അപ്രകാരം തികഞ്ഞവനായിത്തീർന്നു.

-ൽ യേശു വ്യക്തമാക്കിയത് ഇതാണ്). എന്നാൽ പ്രലോഭനങ്ങളുടെ നേരത്ത് നിങ്ങൾ അവിശ്വസ്തനെങ്കിൽ എത്ര പുസ്തകങ്ങൾ വായിച്ചാലും, ടേപ്പുകൾ ശ്രവിച്ചാലും, നിങ്ങൾക്കൊരിക്കലും മനസ്സിലാക്കുവാൻ കഴിയുകയില്ല. ദൈവത്തിന്റെ രഹസ്യങ്ങൾ ടേപ്പുകളിലൂടെയോ പുസ്തകങ്ങളിലൂടെയോ ഗ്രഹിക്കുക സാദ്ധ്യമല്ല. അവിടുത്തെ വായിൽനിന്ന് നേരിട്ടു തന്നെ, അതായത് ദൈവവചനത്തിലൂടെയാണ്, അവ ഗ്രഹിക്കേണ്ടത്.

യേശു പാപം ചെയ്തില്ലെങ്കിലും, അവിടുന്നു വന്നത് നമ്മുടെ പാപജഡത്തിലാണെന്നും അവിടുത്തെ ജഡത്തിൽ പാപം ഉണ്ടായിരുന്നു എന്നും പഠിപ്പിക്കുന്നവരുണ്ട്. ഇത് വേദവിപരീതമാണ്. ഒരു തരത്തിലുമുള്ള പാപവുമായോ ജഡത്തിലെ പാപവുമായോ ആർക്കും ഒരു

> **സ്വാർത്ഥതയിലും അഹന്തയിലും വളരെ വർഷങ്ങൾ ജീവിച്ചതിന്റെ പരിണതഫലമാണ് അബോധപൂർവ്വമായ പാപങ്ങൾ. യേശു ഒരു നിമിഷംപോലും അപ്രകാരം ജീവിച്ചിട്ടില്ല. തന്റെ ബോധപൂർവ്വമായ ചിന്തകളെല്ലാം വിശുദ്ധമായിരുന്നതിനാൽ അശുദ്ധമായ ഒരു സ്വപ്നം പോലും തനിക്കുണ്ടായിട്ടില്ല. തന്റെ ബോധമണ്ഡലത്തിലും അബോധമണ്ഡലത്തിലും പാപത്തിന്റെ നേരിയ ലാഞ്ഛനപോലും യേശുവിന് ഉണ്ടായിരുന്നില്ല. ഭൂതകാലത്തിൽ നമുക്കുണ്ടായിരുന്ന ശീലങ്ങളും പ്രവൃത്തികളും സ്വഭാവങ്ങളും മൂലം സ്വാർത്ഥതയിലേക്കും ചതിവിലേക്കുമുള്ള ചായ്‌വ് നമ്മുടെ മനസ്സിന് ഉണ്ട്. ഇതിനാൽ നമ്മിൽ അബോധപൂർവ്വമായ പാപങ്ങൾ കുടികൊള്ളുന്നു**

നാളും ദൈവമുമ്പിൽ നിൽക്കുവാൻ കഴിയുകയില്ല. കാരണം ദൈവം അത്രയേറെ വിശുദ്ധനാകയാൽ അവിടുത്തേക്ക് പാപത്തെ ദർശിക്കുവാൻ കഴിയുകയില്ല. യേശുവിന് ജഡത്തിൽ പാപം ഉണ്ടായിരുന്നെങ്കിൽ, തന്റെ ഭൂമിയിലെ ജീവിതത്തിന്റെ ഒരുദിവസം പോലും പിതാവുമായുള്ള കൂട്ടായ്മ തനിക്ക് ലഭിക്കുമായിരുന്നില്ല. യേശുവിന്റേത് പാപജഡമായിരുന്നില്ല എന്നതിനുള്ള വ്യക്തമായ തെളിവാണിത്. പാപജഡത്തോടുകൂടിയ നമുക്ക് ദൈവവുമായി കൂട്ടായ്മയുണ്ടാകുവാനുള്ള ഏക കാരണം പാപരഹിതനായിരുന്ന ക്രിസ്തുവിന്റെ നീതിയുടെ വസ്ത്രം നമ്മെ ധരിപ്പിച്ചിരിക്കുന്നു എന്നതാണ്.

യേശു അബോധമായി പാപം ചെയ്തിരിക്കാമെന്ന് പഠിപ്പിക്കുന്നവരുണ്ട്. ഇതും ദുരുപദേശമാണ്. അബോധപൂർവ്വമായ പാപത്തെക്കുറിച്ച് ഒരുവന് പിന്നീട് ബോദ്ധ്യം വന്നാൽ അതിനുവേണ്ടിപോലും അവൻ ഒരു യാഗം കഴിക്കണമെന്ന് പഴയനിയമം നിഷ്കർഷിച്ചിരുന്നു (ലേവ്യ. 4:2, 13, 27, 28). അബോധമായ പാപംപോലും പരിഹരിക്കപ്പെടേണ്ടതുണ്ട്. പുതിയനിയമത്തിൽ, അബോധപൂർവ്വമായി ഒരു പാപം നാം ചെയ്യുമ്പോൾ ഉടനടി തന്നെ യേശുവിന്റെ രക്തത്താൽ നമുക്ക് ശുദ്ധീകരണം ലഭിക്കുന്നു (1 യോഹ. 1:7). ഇതിനായി ബോധപൂർവ്വമായ പാപങ്ങളോടുള്ള ബന്ധത്തിൽ വെളിച്ചത്തിൽ നടക്കുവാൻ നാം തയ്യാറാകേണ്ടതുണ്ട്. ഇപ്രകാരമാണ് പിതാവിനോടുള്ള കൂട്ടായ്മ നമുക്ക് നിലനിർത്തുവാൻ കഴിയുന്നത്. എന്നാൽ തന്റെ ജീവിതത്തിൽ അബോധപൂർവ്വമായ ഒരേയൊരു പാപത്തോടുള്ള ബന്ധത്തിൽപ്പോലും ശുദ്ധീകരണത്തിന് യേശുവിനു രക്തം ലഭ്യമായിരുന്നില്ലല്ലോ. യേശു, അബോധപൂർവ്വമായിപ്പോലും പാപം ചെയ്തിട്ടില്ല എന്നതിന്റെ വ്യക്തമായ തെളിവാണിത്.

സ്വാർത്ഥതയിലും അഹന്തയിലും വളരെ വർഷങ്ങൾ ജീവിച്ചതിന്റെ പരിണതഫലമാണ് അബോധപൂർവ്വമായ പാപങ്ങൾ. യേശു ഒരു നിമിഷംപോലും അപ്രകാരം ജീവിച്ചിട്ടില്ല. തന്റെ ബോധപൂർവ്വമായ ചിന്തകളെല്ലാം വിശുദ്ധമായിരുന്നതിനാൽ അശുദ്ധമായ ഒരു സ്വപ്നം പോലും തനിക്കുണ്ടായിട്ടില്ല. തന്റെ ബോധമണ്ഡലത്തിലും അബോധമണ്ഡലത്തിലും പാപത്തിന്റെ നേരിയ ലാഞ്ഛനപോലും യേശുവിന് ഉണ്ടായിരുന്നില്ല. ഭൂതകാലത്തിൽ നമുക്കുണ്ടായിരുന്ന ശീലങ്ങളും പ്രവൃത്തികളും സ്വഭാവങ്ങളും മൂലം സ്വാർത്ഥതയിലേക്കും ചതിവിലേക്കുമുള്ള ചായ്‌വ് നമ്മുടെ മനസ്സിന് ഉണ്ട്. ഇതിനാൽ നമ്മിൽ അബോധപൂർവ്വമായ പാപങ്ങൾ കുടികൊള്ളുന്നു. ഇപ്രകാരം വക്രതയുള്ള നമ്മുടെ മനസ്സിനെ നേരെയാക്കുവാനാണ് പരിശുദ്ധാത്മാവ് വന്നിട്ടുള്ളത്.

പാപത്തിന്മേൽ ജയമുള്ള ഒരു ജീവിതത്തിലേക്കു വന്നവർ ഇവിടെ സത്യസ





> **ഇന്നു നാം യേശുവിനെപ്പോലെ തന്നെയായിരിക്കണമെന്ന് ദൈവം ആവശ്യപ്പെടുന്നില്ല. ഇത് അസാദ്ധ്യമെന്ന് അവിടുത്തേക്കറിയാം. എന്തെന്നാൽ യേശുവിനെപ്പോലെയെന്നുള്ളത് നമ്മുടെ മുഴുവൻ വ്യക്തിത്വത്തെയും സംബന്ധിക്കുന്നതാണ്. അവന്റെ വരവിങ്കൽ മാത്രമേ അവനെപ്പോലെയാകുവാൻ നമുക്കു കഴിയുകയുള്ളൂ. ഇന്ന് നാം യേശു നടന്നതുപോലെ നടക്കുവാൻ മാത്രമാണ് ദൈവം ആവശ്യപ്പെടുന്നത്. നടക്കുക എന്നത് ബോധപൂർവ്വമായ ഒരു പ്രവൃത്തിയാണ്. ഇത് നമ്മുടെ ബോധപൂർവ്വമായ ജീവിതത്തെ മാത്രമാണ് കുറിക്കുന്നത്. ഈ മേഖലയിൽ മാത്രമാണ് യേശുവിനെ അനുഗമിക്കുവാൻ നമുക്ക് കഴിയുന്നത്.**

ന്ധതയും സൂക്ഷ്മതയുമുള്ളവരായിരിക്കേണ്ടതുണ്ട്. എന്നാൽ നിർഭാഗ്യവശാൽ തങ്ങളുടെ സ്വഭാവത്തിലെയും സംസാരത്തിലെയും ക്രിസ്തുസ്വഭാവത്തിനെതിരായ പല കാര്യങ്ങളെയും 'കുറവുകളെന്നോ', 'ശരീരത്തിന്റെ പ്രവൃത്തികളെന്നോ' ഒക്കെ വിളിച്ച് അവഗണിക്കുന്നവർ ഒട്ടേറെയാണ്. ഇപ്രകാരമുള്ള 'ശരീരത്തിന്റെ പ്രവൃത്തികളുടെ' കാരണം കണ്ടെത്തുവാൻ ശ്രമിച്ചാൽ മാത്രമേ അതിനു പിന്നിലുള്ളത് തങ്ങളുടെ സ്വാർത്ഥതയും വഞ്ചനയുമാണെന്നുള്ള കാര്യം അവർക്ക് മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. ഇത്തരത്തിലുള്ള വിശ്വാസികൾ തങ്ങളെക്കുറിച്ചുള്ള സത്യത്തെ സ്നേഹിക്കുന്നവരല്ല. അതിനാൽ പിശാചിന് അവരെ വഞ്ചിക്കുവാൻ ദൈവം അനുവാദം നൽകിയിരിക്കുന്നു (2 തെസ്സ. 2:10, 11). അവർക്കൊരുപക്ഷേ സഭയിൽ നല്ല സാക്ഷ്യവും, പുറമേയുള്ള കാര്യങ്ങളിലെല്ലാം നീതിയോടെയുള്ള ജീവിതവും ഉണ്ടായേക്കാം. എന്നാൽ അവരുടെ ജീവിതത്തിൽ വെളിച്ചം വർദ്ധിച്ചുവരുന്നില്ല (സദൃ. 4:12). എപ്പോഴും തങ്ങളുടെ പ്രവൃത്തികളെ അവർ ന്യായീകരിക്കുന്നതാണ് ഇതിന് കാരണം. അങ്ങനെ ആയിത്തീരാതിരിക്കുവാൻ നാം നമ്മുടെ ജീവിതത്തെ നുറുക്കത്തിലും സത്യസന്ധതയിലും സൂക്ഷിക്കേണ്ടതാണ്.

ഇന്നു നാം യേശുവിനെപ്പോലെ തന്നെയായിരിക്കണമെന്ന് ദൈവം ആവശ്യപ്പെടുന്നില്ല. ഇത് അസാദ്ധ്യമെന്ന് അവിടുത്തേക്കറിയാം. എന്തെന്നാൽ യേശുവിനെപ്പോലെയെന്നുള്ളത് നമ്മുടെ മുഴുവൻ വ്യക്തിത്വത്തെയും സംബന്ധിക്കുന്നതാണ്. അവന്റെ വരവിങ്കൽ മാത്രമേ അവനെപ്പോലെയാകുവാൻ നമുക്കു കഴിയുകയുള്ളൂ. ഇന്ന് നാം യേശു നടന്നതുപോലെ നടക്കുവാൻ മാത്രമാണ് ദൈവം ആവശ്യപ്പെടുന്നത് (1 യോഹ. 2:6-ഉം 3:2-ഉം താരതമ്യം ചെയ്യുക). നടക്കുക എന്നത് ബോധപൂർവ്വമായ ഒരു പ്രവൃത്തിയാണ്. ഇത് നമ്മുടെ ബോധപൂർവ്വമായ ജീവിതത്തെ മാത്രമാണ് കുറിക്കുന്നത്. ഈ മേഖലയിൽ മാത്രമാണ് യേശുവിനെ അനുഗമിക്കുവാൻ നമുക്ക് കഴിയുന്നത്.

യേശു ഒരു മനുഷ്യനാവുകയും നമ്മെപ്പോലെ എല്ലാ മേഖലകളിലും പരീക്ഷിക്കപ്പെടുകയും വിജയം വരിക്കുകയും ചെയ്തതിനാൽ അവിടുന്ന് വിജയിച്ചതുപോലെ നമുക്കും വിജയിക്കുവാനാകും (വെളി. 3:21). ഇതാണ് സുവിശേഷത്തിലെ സദ്‌വാർത്ത. നമ്മുടെ ബോധജീവിതത്തിൽ ഇനിമേൽ നാം പാപത്തിൽ തുടരേണ്ട ആവശ്യമില്ല.

ഈ മഹത്വകരമായ സുവിശേഷത്തിനായി ദൈവത്തിന് സ്തോത്രം!

❖

**തിരുവെഴുത്തുകളെ പരിശോധിക്കുക**



# ബൈബിളിലൂടെ...

# 1 കൊരിന്ത്യർ

**അധ്യായം 7 (തുടർച്ച)**

പൗലൊസിനെപ്പോലെ ചിലരെ അവിവാഹിതരായിരിക്കുവാൻ ദൈവം വിളിക്കാം. പൗലൊസ് പറയുകയാണ്:"സകല മനുഷ്യരും എന്നെപ്പോലെ ആയിരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു. എങ്കിലും ഒരുവന് ഇങ്ങനെയും ഒരുവന് അങ്ങനെയും താന്താന്റെ കൃപാവരം ദൈവം നല്കിയിരിക്കുന്നു" (7:7)

ഏകനായിരിക്കുവാനുള്ള ദൈവവിളിയെ പൗലൊസ് സ്വീകരിച്ചു. എന്നാൽ വളരെക്കുറച്ച്പേർക്ക് മാത്രമേ ഇത്തരം വിളിയുള്ളുവെന്ന് താൻ മനസ്സിലാക്കിയിരുന്നു. സുവിശേഷത്തിനായിട്ടാണ് പൗലൊസ് അവിവാഹിതനായിരുന്നത്. തന്റെ യാത്രകളോടൊപ്പം ഒരു കുടുംബത്തെ പുലർത്തുക എന്നുള്ളത് അക്കാലത്ത് പ്രയാസമായിരുന്നു.എന്നാൽ കാലം മാറിയപ്പോൾ ഇന്നൊരുവന് ഭൂമിയുടെ മറുവശത്തേക്ക് 24 മണിക്കൂറിൽ കുറഞ്ഞ സമയംകൊണ്ട് യാത്രചെയ്യുവാനാകും. അതേവേഗത്തിൽ തിരിച്ച് ഭവനത്തിലെത്തുവാനും കഴിയും. എന്നാൽ പൗലൊസിന്റെ കാലത്ത് അമ്പത് കിലോമീറ്റർ ദൂരം സഞ്ചരിക്കുവാൻ കുറഞ്ഞത് ഒരു ദിവസംവേണ്ടിവരുമായിരുന്നു. വിശാലമായ ശുശ്രൂഷയിൽ ഏർപ്പെട്ടിരുന്ന അപ്പൊസ്തലന് ഒരു കുടുംബത്തെ സംരക്ഷിക്കുക അസാധ്യമായിരുന്നു. ഇക്കാരണത്താലാണ് പൗലൊസിനെയും ബർന്നബാസിനെയുംപോലുള്ള ചില അപ്പൊസ്തലന്മാർ ഏകരായിരുന്നതും മറ്റുചിലർ അവരുടെ ഭാര്യമാരോടൊപ്പം യാത്രചെയ്തിരുന്നതും.അവിവാഹിതരായിരിക്കുവാൻ പൗലൊസ് നിർദ്ദേശിച്ചതിനുള്ള മറ്റൊരു കാരണം പീഡനങ്ങളായിരുന്നു. പീഡനത്തിന്റെ കാലത്ത്, വിവാഹിതനെ സംബന്ധിച്ച് ജീവിതം അധികം സാഹസികമായിരിക്കും. ഇത്തരമൊരു സാഹചര്യത്തിലാണ് ഒന്നാം നൂറ്റാണ്ടിൽ പൗലൊസ് പറഞ്ഞത്, 'ഒരു മനുഷ്യൻ അവിവാഹിതനായിരിക്കുന്നത് അവനു നന്ന്' എന്ന്. ഇന്നും അത്തരത്തിലുള്ള ചില സാഹചര്യങ്ങൾ ഉണ്ടായേക്കാം - എന്നാലത് വളരെ വിരളമായിരിക്കും: ഏതാണ്ട് ഒരു ശതമാനത്തിൽ താഴെ മാത്രം.

അവിവാഹിത ജീവിതത്തെ പൗലൊസ് പിൻതുണയ്ക്കുവാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം, കർത്താവിനോട് സ്ഥിരമായുള്ള ഭക്തി കാത്തുസൂക്ഷിക്കുവാൻ ആളുകൾക്ക് അതുമൂലം സാധിക്കുമെന്നുള്ളതാണ് (7:35). അതിനാൽ താൻ പറയുകയാണ്:'നിങ്ങൾ ഈ ലോകത്തിൽ ആയിരിക്കുമ്പോൾ, അതിലുള്ള കാര്യങ്ങൾ നിങ്ങളെ സ്വാധീനിക്കുവാൻ ഇടയാകരുത്'. (7:30-31). ദുഃഖിച്ച് കരയുവാനുള്ള സാഹചര്യങ്ങൾ ഉണ്ടായേക്കാം. എന്നാൽ കരച്ചിലിൽ മുങ്ങിത്താഴുന്ന അവസ്ഥ ഉണ്ടാകരുത്. അതു പൂർത്തിയാക്കി മുമ്പോട്ട് പോകുവാൻ നമുക്കാവണം. അതുപോലെതന്നെ ഭൂമിയിലുള്ള നേട്ടങ്ങളിൽ അമിതമായി ആഹ്ലാദിക്കുന്നതും ഒഴിവാക്കണം. ഇത്തരം കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ നിറഞ്ഞിരുന്നാൽ കർതൃശുശ്രൂഷയ്ക്ക് അതൊരു തടസ്സമായിത്തീരും. ആഹ്ലാദത്തെ മറികടന്ന് ദൈവശുശ്രൂഷയിൽ തുടരുക. നിങ്ങൾ വിവാഹിതനാണെങ്കിൽ, നിങ്ങളുടെ ഭാര്യയും ഭവനവും എല്ലാമെല്ലാമെന്നുള്ള സമീപനം പാടില്ല (7:29-30). കർത്താവിനായി വേല ചെയ്യേണ്ടതുണ്ട്; കർത്താവിനോടുള്ള ഭക്തിക്ക് തടസ്സമുണ്ടാവുകയുമരുത്. നിങ്ങളുടെ ജീവിതത്തിൽ ഒന്നാമത് കർത്താവായിരിക്കണം.



*നിങ്ങളുടെ മുമ്പിൽ വിളമ്പുന്ന ഭക്ഷണം എന്തായാലും സന്തോഷത്തോടെ ഭക്ഷിക്കുക. അവിടെ വിളമ്പുന്ന ഭക്ഷണത്തിന്റെ ധാർമ്മിക വിശുദ്ധിയെക്കുറിച്ച് വിശദീകരിക്കുവാൻ ആതിഥേയനോട് ആവശ്യപ്പെടുന്നത് തെറ്റായശീലമാണ്; തെറ്റായ ആത്മീയതയുമാണ്.*

പൗലൊസിന്റെ കാലത്ത് അമ്പത് കിലോമീറ്റർ ദൂരം സഞ്ചരിക്കുമ്പോൾ കുറഞ്ഞത് ഒരു ദിവസംവേണ്ടിവരുമായിരുന്നു. വിശാലമായ ശുശ്രൂഷയിൽ ഏർപ്പെട്ടിരുന്ന അപ്പൊസ്തലന് ഒരു കുടുംബത്തെ സംരക്ഷിക്കുക അസാധ്യമായിരുന്നു. ഇക്കാരണത്താലാണ് പൗലൊസിനെയും ബർന്നബാസിനെയുംപോലുള്ള ചില അപ്പൊസ്തലന്മാർ ഏകരായിരുന്നതും മറ്റുചിലർ അവരുടെ ഭാര്യമാരോടൊപ്പം യാത്രചെയ്തിരുന്നതും.അവിവാഹിതരായിരിക്കുവാൻ പൗലൊസ് നിർദ്ദേശിച്ചതിനുള്ള മറ്റൊരു കാരണം പീഡനങ്ങളായിരുന്നു. പീഡനത്തിന്റെ കാലത്ത്, വിവാഹിതനെ സംബന്ധിച്ച് ജീവിതം അധികം സാഹസികമായിരിക്കും.

> ഒരു വിശ്വാസിയെന്ന നിലയിൽ കഴിഞ്ഞ അമ്പതു വർഷത്തെ ജീവിതത്തിൽ ഞാൻ കണ്ടെത്തിയ ഒരു കാര്യം, "കർത്താവ് ഇപ്രകാരം പറയുന്നു" എന്ന് പറഞ്ഞുകൊണ്ട് വചനം സംസാരിക്കുന്നവരിൽ മിക്കപേരും കർത്താവിന്റെ അരുളപ്പാടുകളല്ല സംസാരിക്കുന്നത് എന്നതാണ്. അവർ ചിന്തിക്കുന്ന ചില കാര്യങ്ങൾ അവർ പ്രസ്താവിക്കുന്നു എന്നു മാത്രം. "ഇതു ഞാൻ പറയുമ്പോൾ, എന്നിൽ ദൈവാത്മാവുണ്ട് എന്ന് ഞാൻ ചിന്തിക്കുന്നു", എന്ന് താഴ്മയോടെ പറയുവാൻ തയ്യാറാവുന്ന ഒരുവനിലൂടെ വെളിപ്പെടുന്നത് മിക്കവാറും ദൈവത്തിന്റെ അഭിപ്രായങ്ങൾ തന്നെയായിരിക്കും.

**വചനം പ്രസംഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യം**

ഒരു പ്രധാനപ്പെട്ട കാര്യംകൂടി ശ്രദ്ധിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. ഒന്നിലധികം തവണ പൗലൊസ് പറയുന്നുണ്ട്:"ഞാൻ പറയുന്നു... ഞാനല്ല കർത്താവുതന്നേ കല്പിക്കുന്നത്:... എനിക്കു കർത്താവിന്റെ കല്പനയില്ല;... ഞാൻ അഭിപ്രായം പറയുന്നു..." (7:8, 12, 25) എന്നൊക്കെ തന്റെ വ്യക്തിപരമായ അഭിപ്രായങ്ങളും കർത്താവിന്റെ കല്പനകളും വേർതിരിച്ച് പറയുന്നതായി കാണാം. ദൈവത്തിന്റെ ദാസന്മാരെന്ന നിലയിൽ, നാം സംസാരിക്കുമ്പോൾ ഇതു വേർതിരിച്ച് കാണിക്കണം. നമ്മുടെ വ്യക്തിപരമായ അഭിപ്രായങ്ങൾ പറയുന്നത് തെറ്റില്ല - എന്നാലത് ദൈവകല്പനയല്ല എന്നുള്ളത് കേൾവിക്കാർക്ക് വ്യക്തമാക്കിക്കൊടുക്കണം.

7:40-ാം വാക്യം ശ്രദ്ധിക്കുക: "ദൈവാത്മാവു എനിക്കും ഉണ്ട് എന്നു തോന്നുന്നു". പൗലൊസിന്റെ താഴ്മയുടെ ആഴം കാണുക. തന്റെ അഭിപ്രായം തീർച്ചയായും ദൈവികമായതാണ്. എന്നാൽ ഇന്നു പലരെയും പോലെ, "ദൈവം ഇപ്രകാരം പറയുന്നു" എന്ന് ഗർവ്വത്തോടെ പ്രസ്താവിക്കുവാൻ അദ്ദേഹം തയ്യാറാവുന്നില്ല. "എനിക്കും ദൈവാത്മാവുണ്ട് എന്നു തോന്നുന്നു" എന്ന് പറയുന്ന ഒരുവനെ ശ്രവിക്കുവാനാണ്, "ദൈവം ഇപ്രകാരം പറയുന്നു" എന്ന തലക്കെട്ടിൽ സ്വന്തം അഭിപ്രായങ്ങൾ പറയുന്ന ഒരുവനെ ശ്രവിക്കുന്നതിനേക്കാൾ എനിക്കിഷ്ടം. ഒരു വിശ്വാസിയെന്ന നിലയിൽ കഴിഞ്ഞ അമ്പതു വർഷത്തെ ജീവിതത്തിൽ ഞാൻ കണ്ടെത്തിയ ഒരു കാര്യം, "കർത്താവ് ഇപ്രകാരം പറയുന്നു" എന്ന് പറഞ്ഞുകൊണ്ട് വചനം സംസാരിക്കുന്നവരിൽ മിക്കപേരും കർത്താവിന്റെ അരുളപ്പാടുകളല്ല സംസാരിക്കുന്നത് എന്നതാണ്. അവർ ചിന്തിക്കുന്ന ചില കാര്യങ്ങൾ അവർ പ്രസ്താവിക്കുന്നു എന്നു മാത്രം. "ഇതു ഞാൻ പറയുമ്പോൾ, എന്നിൽ ദൈവാത്മാവുണ്ട് എന്ന് ഞാൻ ചിന്തിക്കുന്നു", എന്ന് താഴ്മയോടെ പറയുവാൻ തയ്യാറാവുന്ന ഒരുവനിലൂടെ വെളിപ്പെടുന്നത് മിക്കവാറും ദൈവത്തിന്റെ അഭിപ്രായങ്ങൾ തന്നെയായിരിക്കും.

## അദ്ധ്യായം - 8

### സ്വാതന്ത്ര്യത്തിന്റെ ദുർവിനിയോഗം തടയുക

എട്ടാം അദ്ധ്യായത്തിൽ മറ്റുള്ളവർക്ക് ഇടർച്ചയാവുന്ന നിലയിൽ നമ്മുടെ സ്വാതന്ത്ര്യത്തെ വിനിയോഗിക്കുന്നതിന്റെ അപകടത്തെക്കുറിച്ച് പൗലൊസ് സംസാരിക്കുന്നു. അക്കാലത്ത് ചന്തയിൽ വിൽക്കുന്ന മാംസം ക്ഷേത്രങ്ങളിൽ വിഗ്രഹങ്ങൾക്ക് അർപ്പിച്ചതിന്റെ ശേഷിപ്പായിരുന്നു. ഇതിൽ തെറ്റുകണ്ടവർ സസ്യഭുക്കുകളായി ജീവിക്കുവാൻ തയ്യാറായി. എന്നാൽ മറ്റുചില





വിശ്വാസികളുടെ അഭിപ്രായം "എന്താണ് ഒരു വിഗ്രഹം? മുഖം കൊത്തിയുണ്ടാക്കിയിരിക്കുന്ന ഒരു കഷണം തടി മാത്രം. ആ തടിക്കഷണത്തിന്റെ മുമ്പിൽ മാംസം അർപ്പിച്ചതുകൊണ്ട് എന്ത് സംഭവിക്കാനാണ്? നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ഏകദൈവത്തിലാണ് ഞാൻ വിശ്വസിക്കുന്നത് അതിനാൽ ഈ മാംസത്തിനായി ദൈവത്തിന് സ്തോത്രമർപ്പിച്ച്, അതു ഞാൻ ഭക്ഷിക്കും" എന്നായിരുന്നു.

ഓരോ വിശ്വാസിയും മറ്റൊരു വിശ്വാസിയുടെ കാഴ്ചപ്പാടുകളെ ബഹുമാനിക്കണമെന്ന് പൗലൊസ് ഇതുമായുള്ള ബന്ധത്തിൽ വിശദീകരിക്കുകയാണ്. നിങ്ങളുടെ കാഴ്ചപ്പാടുകൾ സ്വീകരിക്കുവാൻ മറ്റുള്ളവരെ നിർബ്ബന്ധിക്കരുത് (റോമർ 14-ാം അദ്ധ്യായത്തിലും ഇതിനു തുല്യമായ പഠിപ്പിക്കലുകളാണ് നാം കാണുന്നത്) ഇവിടെ ഇന്ത്യയിൽ, വിജാതീയരായ അയൽക്കാർ അവരുടെ ഉത്സവവേളയിൽ മധുരപലഹാരങ്ങൾ നിങ്ങൾക്ക് നൽകുമ്പോൾ, അവ ആദ്യം ഒരു വിഗ്രഹത്തിന്റെ മുമ്പിൽ സമർപ്പിച്ചതായിരിക്കുവാൻ സാധ്യതയുണ്ട്. അപ്പോൾ നാം എന്തുചെയ്യണം? 1കൊരിന്ത്യർ 10:25-28 വാക്യങ്ങളിൽ പൗലൊസ് ഇതിനുള്ള ഉത്തരം നൽകുന്നു. അതിന്റെ സംഗ്രഹം ഇതാണ്. 'ഇറച്ചിക്കടയിൽ വിൽക്കുന്നതെന്തും ഒരു 'വിഗ്രഹാർപ്പിത പരിശോധന' നടത്താതെ തന്നെ വാങ്ങിത്തിന്നുവാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. ഈ ഭൂമിയും അതിലുള്ളതൊക്കെയും ദൈവത്തിനുള്ളതാണ്. അതിൽ ഇറച്ചിക്കടയിൽ വിൽക്കുന്ന ആട്ടിൻകാലും ഉൾപ്പെടുമെന്നറിയുക. ഒരു അവിശ്വാസി നിങ്ങളെ ഒരു സദ്യയ്ക്ക് ക്ഷണിച്ചാൽ, അവിടെപ്പോകുവാൻ നിങ്ങൾക്ക് മനസ്സുണ്ടെങ്കിൽ തീർച്ചയായും പോകുക. അവിടെ നിങ്ങളുടെ മുമ്പിൽ വിളമ്പുന്ന ഭക്ഷണം എന്തായാലും സന്തോഷത്തോടെ ഭക്ഷിക്കുക.

> അക്കാലത്ത് ചന്തയിൽ വിൽക്കുന്ന മാംസം ക്ഷേത്രങ്ങളിൽ വിഗ്രഹങ്ങൾക്ക് അർപ്പിച്ചതിന്റെ ശേഷിപ്പായിരുന്നു. ഇതിൽ തെറ്റുകണ്ടവർ സസ്യഭുക്കുകളായി ജീവിക്കുവാൻ തയ്യാറായി. എന്നാൽ മറ്റു ചില വിശ്വാസികളുടെ അഭിപ്രായം "എന്താണ് ഒരു വിഗ്രഹം? മുഖം കൊത്തിയുണ്ടാക്കിയിരിക്കുന്ന ഒരു കഷണം തടി മാത്രം. ആ തടിക്കഷണത്തിന്റെ മുമ്പിൽ മാംസം അർപ്പിച്ചതുകൊണ്ട് എന്ത് സംഭവിക്കാനാണ്? നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ഏകദൈവത്തിലാണ് ഞാൻ വിശ്വസിക്കുന്നത് അതിനാൽ ഈ മാംസത്തിനായി ദൈവത്തിന് സ്തോത്രമർപ്പിച്ച്, അതു ഞാൻ ഭക്ഷിക്കും" എന്നായിരുന്നു.

അവിടെ വിളമ്പുന്ന ഭക്ഷണത്തിന്റെ ധാർമ്മിക വിശുദ്ധിയെക്കുറിച്ച് വിശദീകരിക്കുവാൻ ആതിഥേയനോട് ആവശ്യപ്പെടുന്നത് തെറ്റായശീലമാണ്; തെറ്റായ ആത്മീയതയുമാണ്. എന്നാൽ അയാൾ സ്വയമായി, ഇതു ഒരു ദേവന് അല്ലെങ്കിൽ ദേവിക്ക് അർപ്പിച്ചതാണെന്ന് നിങ്ങളോട് പറഞ്ഞാൽ, അത് ഒഴിവാക്കുക. അതിന്റെ ഉറവിടത്തെക്കുറിച്ച് നിങ്ങൾക്ക് വ്യത്യസ്തമായ ഒരഭിപ്രായമുണ്ട്; എന്നാൽ അയാൾക്കതറിയില്ല. നിങ്ങൾ ആരെയാണ് ആരാധിക്കുന്നത് എന്നതിനെക്കുറിച്ച് വികലമായ ഒരു സന്ദേശം അയാൾക്ക് ലഭിക്കരുത് എന്ന ഉദ്ദേശ്യത്തോടെ അത് ഒഴിവാക്കുക.

(തുടരും)

മൊഴിമാറ്റം: **ബോബികുര്യൻ**

## ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാട്

### അധ്യായം -8

# പുതിയ തൊഴിൽ മേഖലയിലേക്ക്

ആനി പുന്നൻ

സ്കൂൾ ദിനങ്ങളിൽ നിന്നും തീർത്തും വ്യത്യസ്തം- എന്റെ നഴ്സിങ് കോളജിലെ ദിവസങ്ങൾ അങ്ങനെയായിരുന്നു.

ഇപ്പോൾ എന്റെ മുൻപിൽ ഒരു തൊഴിൽ സാധ്യത തുറന്നു കിടക്കുകയാണ്. അതിനുള്ള ഒരുക്കത്തിന്റെ ഈ ദിനങ്ങളിൽ, വ്യത്യസ്തരായ ഒട്ടേറെ ആളുകളെ, നഴ്സിങ് പഠനകാലത്തു ഞാൻ കണ്ടുമുട്ടി. അവിടെ കോളജിൽ നഴ്സസ്ക്രിസ്റ്റ്യൻ യൂണിയനിൽ അംഗങ്ങളായ വിശ്വാസിനികളായ ഒട്ടേറെ നഴ്സുമാരുണ്ടായിരുന്നു. ഞാനും നഴ്സസ് ക്രിസ്റ്റ്യൻ യൂണിയന്റെ മീറ്റിംഗുകൾക്കു പോകാൻ തുടങ്ങി. അവിടെ ഒന്നിച്ചു പാടുക, പ്രാർത്ഥിക്കുക, സന്ദേശങ്ങൾ ശ്രദ്ധിക്കുക എന്നിങ്ങനെ സന്തോഷകരമായി ഞാൻ സമയം ചെലവിട്ടു.

ധനിക കുടുംബങ്ങളിൽ നിന്നുവന്ന ചില നഴ്സുമാർ ലോകത്തോട് അനുരൂപപ്പെട്ടു പോകുന്നുവരായിരുന്നു. അവർ വാങ്ങുന്ന പലതും എനിക്കു വാങ്ങാൻ കഴിവില്ലായിരുന്നു. അതു നന്നായെന്ന് എനിക്കുതോന്നി. കാരണം പല ലൗകിക കാര്യങ്ങളിൽ നിന്നും, ധൂർത്തടിക്കാൻ പണം ഇല്ലാത്തതുകൊണ്ട്, ഞാൻ സംരക്ഷിക്കപ്പെട്ടിരുന്നു. ഒരു ശരാശരി മധ്യവർഗ്ഗകുടുംബത്തിൽ നിന്നു വന്നതുകൊണ്ട് ഞങ്ങൾക്ക് കഷ്ടിച്ചു ഞങ്ങളുടെ ആവശ്യത്തിനു മതിയായതേ ഉണ്ടായിരുന്നുള്ളു. അത് ഒരളവിൽ എത്ര അനുഗൃഹീതമായ കാര്യമാണ്!.

ഞാൻ എന്റെ നഴ്സിങ് പഠനം ആസ്വാദിച്ചുവെന്നു പറയാം. ഹിന്ദിപഠിക്കണമെന്നുള്ളതു മാത്രം എനിക്കൊരു വെല്ലുവിളിയായി തോന്നി. ബിരുദം നേടിയ ശേഷം തുടർന്നും പഠിക്കാനും അങ്ങനെ ഒരു നഴ്സിങ് അധ്യാപികയാകുവാനുമായിരുന്നു എന്റെ പദ്ധതി.

അനാട്ടമിക്ലാസുകൾ പ്രത്യേകിച്ചും രസകരമായിരുന്നു. ദൈവം എത്ര അത്ഭുതകരമായ വിധത്തിലാണു മനുഷ്യശരീരത്തിനു രൂപം നൽകിയിരിക്കുന്നത് എന്നതിനെക്കുറിച്ച് കുറച്ചൊക്കെ എനിക്ക് ആ ക്ലാസ്സുകളിൽ നിന്നു മനസ്സിലാക്കാൻ കഴിഞ്ഞു.ഇതേ സമയം നാം നമ്മുടെ ശരീരങ്ങളെ എങ്ങനെയാണു തെറ്റായ വിധത്തിൽ ഉപയോഗിക്കുന്നതെന്നും കേടുവരുത്തുന്നതുമെന്നും ഞാൻ ഗ്രഹിച്ചു. ചില ഡോക്ടർമാർ, വൈദ്യശാസ്ത്രരംഗത്തെ പോലും ഏതെല്ലാം വിധത്തിൽ ദുരുപയോഗപ്പെടുത്തുന്നു! രോഗികളുടെ വേദനയും ദുരിതങ്ങളും കുറയ്ക്കുന്ന





തിനും പകരം ഡോക്ടർമാരിൽ ചിലരെങ്കിലും പണം ഉണ്ടാക്കാനുള്ള നെട്ടോട്ടത്തിലാണ്! എനിക്കു വലിയ നിരാശതോന്നി. കാരണം വൈദ്യശാസ്ത്രരംഗത്തെ ജോലി വളരെ മാന്യമായ ഒരു തൊഴിലായാണു ഞാൻ കണക്കാക്കിയിരുന്നത്.

ലഹരിമരുന്നിന്റെ അടിമകളായ ചിലരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമങ്ങളിൽ നിന്നു ചികിത്സയ്ക്കായി ആ ആശുപത്രയിൽ കൊണ്ടുവരുമായിരുന്നു. ആ വിദൂരസ്ഥലങ്ങളിൽ പോലും ലഹരിമരുന്നും മദ്യവും മൂലം പിശാച് എത്ര ജീവിതങ്ങളിലാണു നാശം വിതച്ചിരിക്കുന്നത്!

ഭ്രൂണഹത്യപാപമാണെന്ന് എനിക്കറിയാമായിരുന്നു. എന്നാൽ പല ഡോക്ടർമാരും അതുചെയ്യാറുണ്ട്. എന്തിന് 'ദയാവധം' പോലും ചില ഡോക്ടർമാർ നടത്തിയിരുന്നു. 'ദയാവധം' എന്നത് ആദ്യം എനിക്ക് അപരിചിതമായ ഒരു വാക്കായിരുന്നു. എന്നാൽ രോഗികളാകുമ്പോൾ വേണ്ട ചികിത്സ നൽകാതെ വൈദ്യശാസ്ത്രപരമായ രീതിയിൽ ആളുകളുടെ ജീവൻ എടുക്കുന്നതിനെയാണു ദയാവധം എന്നു പറയുന്നതെന്ന് എനിക്ക് ക്രമേണ മനസ്സിലായി. കുടുംബത്തിന് ഒരു ഭാരമായിത്തീർന്ന പ്രായമുള്ളവരിലും നീണ്ട വർഷങ്ങൾ രോഗികളായവരിലുമാണ് ഇതു സാധാരണ ചെയ്യുന്നത്. ഹോസ്പിറ്റലുകളിൽ ഇത്തരം കാര്യങ്ങൾ നടക്കുന്നുവെന്നു കണ്ടെത്തിയത് ആദ്യമൊക്കെ എന്നെ ഭയപ്പെടുത്തി. ആരോഗ്യരംഗത്തു നടമാടുന്ന തിന്മകളിലേക്ക് ആശുപത്രിയിൽ വച്ചാണ് എന്റെ കണ്ണുകൾ തുറന്നത്. ഞങ്ങൾ നഴ്സുമാരെ അപേക്ഷിച്ച് സമൂഹത്തിലെ ഉയർന്ന വിഭാഗത്തിൽപെട്ടവരാണു തങ്ങളെന്ന തോന്നൽ മിക്ക ഡോക്ടർമാർക്കും ഉണ്ടായിരുന്നു! അതുകൊണ്ടുതന്നെ ഡോക്ടറല്ലെന്നതിൽ ആദ്യം നേരിയ ഇച്ഛാഭംഗമുണ്ടായിരുന്ന എനിക്ക് ഡോക്ടർമാർ ചെയ്യുന്ന ഈ തിന്മ പ്രവൃത്തികൾ കണ്ടപ്പോൾ ഞാൻ

> ചില ഡോക്ടർമാർ, വൈദ്യശാസ്ത്രരംഗത്തെ പോലും ഏതെല്ലാം വിധത്തിൽ ദുരുപയോഗപ്പെടുത്തുന്നു! രോഗികളുടെ വേദനയും ദുരിതങ്ങളും കുറയ്ക്കുന്നതിനും പകരം ഡോക്ടർമാരിൽ ചിലരെങ്കിലും പണം ഉണ്ടാക്കാനുള്ള നെട്ടോട്ടത്തിലാണ്! എനിക്കു വലിയ നിരാശതോന്നി. കാരണം വൈദ്യശാസ്ത്രരംഗത്തെ ജോലി വളരെ മാന്യമായ ഒരു തൊഴിലായാണു ഞാൻ കണക്കാക്കിയിരുന്നത്.ഭ്രൂണഹത്യപാപമാണെന്ന് എനിക്കറിയാമായിരുന്നു. എന്നാൽ പല ഡോക്ടർമാരും അതുചെയ്യാറുണ്ട്. എന്തിന് 'ദയാവധം' പോലും ചില ഡോക്ടർമാർ നടത്തിയിരുന്നു.

ആജ്ഞകൊടുക്കുന്ന ഡോക്ടറല്ല മറിച്ച് ആജ്ഞ അനുസരിക്കുന്ന നഴ്സാണല്ലോ എന്നതിൽ സന്തോഷമാണു തോന്നിയത്.

എന്നാൽ പാവപ്പെട്ട രോഗികളുടെ നേർക്ക് ഒച്ചവയ്ക്കുകയും ജൂനിയേഴ്സിനോട് ഉച്ചത്തിൽ കല്പനകൾ പുറപ്പെടുവിക്കുകയും ചെയ്യുന്ന ചില നഴ്സുമാരുടെ രീതിയെ ഞാൻ വെറുത്തു. ഈ നഴ്സുമാരിൽ ചിലർ അഹങ്കാരത്തോടെ വൈദ്യശാസ്ത്രരംഗത്തു ജോലിചെയ്യാത്ത എല്ലാവരും ആജ്ഞരും വിവരമില്ലാത്തവരുമാണെന്ന മട്ടിൽ പെരുമാറുമായിരുന്നു!! ആദ്യമൊക്കെ ഞാനിത് ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും സങ്കടകരമെന്നു പറയട്ടെ കുറച്ചുകഴിഞ്ഞപ്പോൾ ഞാനും ഇവരെപ്പോലെ പെരുമാറാൻ തുടങ്ങി. തെറ്റു ബോധ്യപ്പെട്ടപ്പോൾ അനുതപിച്ചു. മേലിൽ രോഗികളോടു നന്നായി പെരുമാറുവാൻ സഹായിക്കണേ എന്നു കർത്താവിനോട് അപേ

**ഒരു ക്രിസ്തീയ പെൺകുട്ടി എന്ന നിലയിൽ രോഗികൾ, ക്ഷീണിതർ, പ്രായമുള്ളവർ എന്നിങ്ങനെ എല്ലാവരോടും ബഹുമാനത്തോടെ പെരുമാറേണ്ടതുണ്ടെന്നു ഞാൻ മനസ്സിലാക്കി. നിലവിളിക്കുന്ന കുഞ്ഞുങ്ങളെ സാന്ത്വനിപ്പിക്കുക, അസ്വസ്ഥരാകുന്ന അമ്മമാരെ സമാധാനിപ്പിക്കുക തുടങ്ങിയ എല്ലാ കാര്യത്തിനും ദൈവത്തിന്റെ കൃപ വളരെ ആവശ്യമാണ്. എല്ലാ ദിവസവും ആശുപത്രിയിൽ മരണങ്ങൾ കാണുന്നവരാണു നഴ്സുമാർ. അതുകൊണ്ടുതന്നെ ഹൃദയം കല്ലായിപോകാനും സഹതാപമില്ലാത്തവരായിത്തീരുവാനും വലിയ സാധ്യതയുണ്ട്. ദൈവം എനിക്ക് ആർദ്രതയുള്ള ഒരു ഹൃദയം നൽകാനായി ഞാൻ പ്രാർത്ഥിച്ചു.**

ക്ഷിച്ചു. വാസ്തവത്തിൽ എനിക്ക് അവിടത്തെ ഭാഷ വേണ്ടത്ര മനസ്സിലാകുമായിരുന്നില്ല. ഈ ബുദ്ധിമുട്ടുകൊണ്ടാണു ഞാൻ രോഗികളോട് മോശമായി പെരുമാറുന്നത് എന്നാണു ഞാൻ ചിന്തിക്കുകയും മറ്റുള്ളവരോടു പറയുകയും ചെയ്തിരുന്നത്. പക്ഷേ സത്യത്തിൽ അതായിരുന്നില്ലല്ലോ പ്രശ്നം. നോക്കുക: നമ്മുടെ മാനുഷിക മനോഭാവം എത്ര നിഗൂഢമാണ്! സ്വന്തം കുറ്റം ഏറ്റെടുക്കുന്നതിനു പകരം കുറ്റത്തിന്റെ ഉത്തരവാദിത്തം മറ്റു പലതിലും ചാരുകയും സ്വയം രക്ഷപ്പെടുകയും ചെയ്യുന്നു!

എന്നാൽ ഒരു ക്രിസ്തീയ പെൺകുട്ടി എന്ന നിലയിൽ രോഗികൾ, ക്ഷീണിതർ, പ്രായമുള്ളവർ എന്നിങ്ങനെ എല്ലാവരോടും ബഹുമാനത്തോടെ പെരുമാറേണ്ടതുണ്ടെന്നു ഞാൻ മനസ്സിലാക്കി. നിലവിളിക്കുന്ന കുഞ്ഞുങ്ങളെ സാന്ത്വനിപ്പിക്കുക, അസ്വസ്ഥരാകുന്ന അമ്മമാരെ സമാധാനിപ്പിക്കുക തുടങ്ങിയ എല്ലാ കാര്യത്തിനും ദൈവത്തിന്റെ കൃപ വളരെ ആവശ്യമാണ്. എല്ലാ ദിവസവും ആശുപത്രിയിൽ മരണങ്ങൾ കാണുന്നവരാണു നഴ്സുമാർ. അതുകൊണ്ടുതന്നെ ഹൃദയം കല്ലായിപോകാനും ആളുകളുടെ കഷ്ടപ്പാടുകളോട് സഹതാപമില്ലാത്തവരായിത്തീരുവാനും വലിയ സാധ്യതയുണ്ട്. ദൈവം എനിക്ക് ആർദ്രതയുള്ള ഒരു ഹൃദയം നൽകാനായി ഞാൻ പ്രാർത്ഥിച്ചു. അങ്ങനെ പലപ്പോഴും മറ്റുള്ളവർക്കു നന്മ ചെയ്യാൻ എനിക്ക് ധാരാളം അവസരം കിട്ടി; ചിലരോടു കർത്താവിനെക്കുറിച്ചു പറയുവാനും.

എന്റെ ആത്മീയ ജീവിതത്തിൽ പല പരാജയങ്ങളും ഇതിനിടെ സംഭവിച്ചു. നേരത്തെ ഉണ്ടായിരുന്നതുപോലെ എനിക്ക് ഉപദേശം നൽകാനും എന്നെ നടത്താനും ഒരു വാർഡൻ ഇവിടെ ഇല്ലായിരുന്നു. പ്രാർത്ഥന ജീവിതത്തിൽ അച്ചടക്കം ഇല്ലാതെയായിപ്പോയി. ബൈബിൾ വായനയിലും ഞാൻ ഉദാസീനയായി. നേരത്തെ ഞാൻ ആയിരുന്ന ക്രിസ്ത്രീയ ഹോസ്റ്റലിൽ ഒരു നല്ല വിശ്വാസിനിയായിരിക്കുക താരതമ്യേന എളുപ്പമായിരുന്നു. എന്നാൽ ഈ പുതിയ അന്തരീക്ഷത്തിൽ യാഥാർത്ഥ വിശ്വാസിനിയായിരിക്കുക എന്നത് ഒരു പോരാട്ടം തന്നെയായിരുന്നു. പക്ഷേ ഈ പോരാട്ടങ്ങളിലൂടെ ഞാൻ കർത്താവിനെ അടുത്തറിയുവാൻ ഇടയായി.

ഒരു സമയത്ത് ധനികനായ ഒരു ചെറുപ്പക്കാരൻ രോഗിയായി ആശുപത്രിയിലെ ഒരു മുറിയിൽ അഡ്മിറ്റായി. ക്രമേണ അയാളോട് എനിക്കൊരു നേരിയ താൽപര്യം തോന്നി. എപ്പോഴെങ്കിലും എന്നെ അയാൾ ഭാര്യയായി തന്റെ ജീവിതത്തിലേക്കു ക്ഷണിച്ചേക്കുമോ എന്നു പോലും ഞാൻ ചിന്തിച്ചു. എന്നാൽ അങ്ങനെയൊന്നും സംഭവിച്ചില്ല. ഒരു സുപ്രഭാ





തത്തിൽ അയാൾ ഡിസ്ചാർജായി പോയി. പിന്നെ ഞാൻ അയാളെ കണ്ടിട്ടില്ല. ചിലപ്പോൾ സുമുഖരായ ചില യുവ ഡോക്ടർമാർ എന്നോട് സൗമ്യമായി സംസാരിച്ചെന്നു വന്നേക്കാം. അല്ലെങ്കിൽ ഞാൻ ഓപ്പറേഷൻ തിയറ്ററിൽ അവരുടെ സഹായിയായി ചില മണിക്കൂറുകൾ നിന്നുവെന്നു വന്നേക്കാം. അപ്പോൾ സുമുഖനായ ഈ ഡോക്ടർ ഭാവിയിൽ എന്റെ ഭർത്താവായി വന്നേക്കുമോ എന്നു ഞാൻ ചിന്തിച്ചു പോയിട്ടുണ്ട്. ഇതൊക്കെയായിരുന്നു എന്റെ പകൽക്കിനാവുകൾ!

ഞാനെന്തൊരു വിഡ്ഢിയാണ്! യേശുവിൽ എന്റെ ഭാവിഭദ്രമാണ്! എന്നാൽ ഞാനതു മറന്നു പോയി. ഞാൻ സ്നേഹിക്കുന്ന കർത്താവിനെ സ്നേഹിക്കാത്ത ആ ധനികനായ പേഷ്യന്റിനെയോ സുമുഖനായ ഡോക്ടറെയോ വിവാഹം കഴിച്ചിരുന്നെങ്കിൽ ജീവിതത്തിൽ ഞാൻ എത്ര മാത്രം അസന്തുഷ്ടയായിപ്പോകുമായിരുന്നു!

യേശുവാണ് എന്റെ സ്രഷ്ടാവും ഭർത്താവും. അവിടുത്തെഹിതം അങ്ങനെയാണെങ്കിൽ അവിടുന്നു ഭൂമിയിലും എനിക്കൊരു ഭർത്താവിനെ നൽകും. രണ്ടായാലും കർത്താവില്ലാതെ ജീവിതം എത്ര അർത്ഥശൂന്യമാണ്! ഞാൻ അവിടുത്തെ നിയമങ്ങളെ അവഗണിച്ചു മുന്നോട്ടു പോയിരുന്നെങ്കിൽ സത്യത്തിൽ ഞാൻ പിന്നീടു കണ്ടുമുട്ടിയിട്ടുള്ള ചിലരെപ്പോലെ വല്ലവരുടേയും രണ്ടാം ഭാര്യയായി ഞാൻ ജീവിതം പാഴാക്കുമായിരുന്നു!

കർത്താവ് എന്റെ ഭാവിക്കുവേണ്ടി കരുതട്ടെ എന്ന് ഒടുവിൽ തീരുമാനിച്ചു. ഇത്രയും നാൾ അവിടുന്നു വഴി നടത്തിയെങ്കിൽ ഭാവിയെ സംബന്ധിച്ചും എനിക്കു തന്നെ വിശ്വസിക്കാം. അവിടുത്തേക്ക് എന്റെ ഈ ആഗ്രഹങ്ങളറിയാം. അവിടുന്നു തന്നെയാണ് എനിക്ക് ഈ ആഗ്രഹങ്ങൾ തന്നതെങ്കിൽ അവിടുന്നുതന്നെ

**കർത്താവ് എന്റെ ഭാവിക്കുവേണ്ടി കരുതട്ടെ എന്ന് ഒടുവിൽ ഞാൻ തീരുമാനിച്ചു. ഇത്രയും നാൾ അവിടുന്നു വഴി നടത്തിയെങ്കിൽ ഭാവിയെ സംബന്ധിച്ചും എനിക്കുതന്നെ വിശ്വസിക്കാം. അവിടുത്തേക്ക് എന്റെ ഈ ആഗ്രഹങ്ങളറിയാം. അവിടുന്നു തന്നെയാണ് എനിക്ക് ഈ ആഗ്രഹങ്ങൾ തന്നതെങ്കിൽ അവിടുന്നുതന്നെ അവിടുത്തെ സമയത്ത് അവിടുത്തെ രീതിയിൽ ഈ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തിക്കൊള്ളും. ഞാൻ ചെയ്യേണ്ടതു കാത്തിരിക്കുക മാത്രം. എന്റെ ജീവിതത്തിൽ ഈ മേഖലകളിൽ ഞാൻ ഒരു ആന്തരിക സ്വസ്ഥതയിലേക്ക് വരേണ്ടിയിരിക്കുന്നു.**

അവിടുത്തെ സമയത്ത് അവിടുത്തെ രീതിയിൽ ഈ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തിക്കൊള്ളും. ഞാൻ ചെയ്യേണ്ടതു കാത്തിരിക്കുക മാത്രം. എന്റെ ജീവിതത്തിൽ ഈ മേഖലകളിൽ ഞാൻ ഒരു ആന്തരിക സ്വസ്ഥതയിലേക്ക് വരേണ്ടിയിരിക്കുന്നു.

ഏതെങ്കിലും ഡോക്ടർമാരുടെയോ പാരാമെഡിക്കൽ ജീവനക്കാരുടെയോ വ്യർത്ഥമായ വാഗ്ദാനങ്ങൾ വിശ്വസിച്ച് ഹോസ്റ്റലിലെ എത്രയോ നഴ്സുമാർ വഴി തെറ്റിപ്പോയിരിക്കുന്നു! അവരിൽ പലരും നിഷ്കളങ്കരായ പെൺകുട്ടികളായി നഴ്സിങ് സ്കൂളിൽ വന്നവരാണ്. പക്ഷേ അവർ അവരുടെ കന്യകാത്വം ഇവിടെ നഷ്ടപ്പെടുത്തി. ഇവിടെ വരുന്നതിനു മുൻപു തന്നെ കർത്താവിനെക്കുറിച്ചു

പഠിക്കുവാൻ ഇടയായതോർത്തു ഞാൻ ദൈവത്തെ സ്തുതിച്ചു. കർത്താവിനോടുള്ള പ്രതിബദ്ധതയാണു നഴ്സിങ് കോളജിൽ വഴിതെറ്റിപ്പോകാതെ എന്നെ കാത്തത്.

അവിടുത്തോടു വിശ്വസ്ത പുലർത്തി ജീവിക്കാമെന്നു ഞാൻ നേരത്തെ എടുത്ത തീരുമാനം കർത്താവ് എന്നെ ഓർമ്മിപ്പിച്ചു. മുൻ ഹോസ്റ്റലിനെ അപേക്ഷിച്ച് ഇവിടെ കൂടുതൽ സ്വാതന്ത്ര്യം ഉണ്ടായിട്ടും കർത്താവിന്റെ വഴികൾക്കുള്ളിൽ തന്നെ നിൽപാൻ മനഃസാക്ഷി എന്നെ പ്രേരിപ്പിച്ചു.

ചെലവു ചുരുക്കി ജീവിക്കുവാനും ദൈവം എന്നെ പഠിപ്പിച്ചു. വിലകൂടിയ, പുതിയ വസ്ത്രങ്ങൾക്കായി ഒത്തിരി പണം ദുർവിനിയോഗം ചെയ്യാതെ ഞാൻ എന്നെത്തന്നെ കാത്തു. ഓരോ മാസവും എനിക്കു സ്റ്റൈപ്പെൻഡായി ലഭിക്കുന്ന പണത്തിൽ നിന്ന് ഒരു ഭാഗം ഞാൻ മിച്ചം പിടിച്ചു കർത്താവിന്റെ വേലയ്ക്കു കൊടുക്കുമായിരുന്നു. വളരെ പാവപ്പെട്ട ചില രോഗികൾക്ക് മരുന്നു വാങ്ങാനും വല്ലപ്പോഴും പണം കൊടുക്കാനും കഴിഞ്ഞിരുന്നു.

നഴ്സുമാരിൽ ഒരുവൾ ചിലപ്പോൾ എന്റെ കയ്യിൽ നിന്നു പണം കടം വാങ്ങും. ഒരിക്കലും തിരിച്ചു തരികയുമില്ല. ഓരോ മാസവും അവൾ പണം മടക്കിത്തരുമെന്നു ഞാൻ പ്രതീക്ഷിക്കും. പക്ഷേ അവൾ തരികയില്ല. അവളോടു ക്ഷമിക്കുവാൻ കർത്താവ് എന്നെ പഠിപ്പിച്ചു. ഇതേ സമയം ഭാവിയിൽ പണസംബന്ധമായ കാര്യങ്ങളിൽ വിവേകത്തോടെ പെരുമാറാനും അവിടുന്ന് എന്നെ അഭ്യസിപ്പിച്ചു. കാരണം എന്റെ പണം എന്റേതല്ല, അവിടുത്തേതാണ്. പണത്തിന്റെ കാര്യത്തിൽ നിരുത്തരവാദപരമായി പെരുമാറുന്നവരോട് "പറ്റില്ല" എന്നു പറയാൻ ഞാൻ പഠിക്കേണ്ടിയിരിക്കുന്നു.!

ഹോസ്റ്റലിൽ മറ്റു ചിലർ എന്റെ സാരികൾ കടം വാങ്ങിക്കും. തിരിച്ചു തരുമ്പോൾ ചിലപ്പോൾ സാരികൾ കീറിയിരിക്കും. ഇതെന്നെ അസ്വസ്ഥയാക്കി. ഭൗതിക വസ്തുക്കളെ ഞാൻ എത്രമാത്രമാണു സ്നേഹിക്കുന്നതെന്ന് എനിക്കു മനസ്സിലായി. ഇത്തരം കാര്യങ്ങളിൽ എന്നെത്തന്നെ വിധിക്കുവാൻ കർത്താവ് എന്നെ പഠിപ്പിക്കുകയായിരുന്നു.

ഏകാന്തതയോടു പൊരുത്തപ്പെടുവാനും ഉള്ളിലേക്കു നോക്കി നിരുത്സാഹപ്പെടാതിരിക്കുവാനും ഞാൻ പഠിച്ചു. പ്രായമായ ചില സ്ത്രീകളെ ഞാൻ കണ്ടിരുന്നു. അവർ എപ്പോഴും പരാതി പറയുകയും ചുറ്റിനടന്ന് ആവശ്യമില്ലാത്തവർക്കും സൗജന്യമായി ഉപദേശം നൽകുകയും ചെയ്യുമായിരുന്നു.പ്രായമാകുമ്പോൾ ഇവരെപ്പോലാകുവാനും ഞാൻ ആഗ്രഹിച്ചില്ല. അതുകൊണ്ടു ചെറുപ്പത്തിൽ തന്നെ എന്നെത്തന്നെ ശിക്ഷണത്തിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിച്ചു.

കർത്താവിൽ എപ്പോഴും എന്റെ സന്തോഷം കണ്ടെത്തുവാനും ആത്മാവിൽ എപ്പോഴും പുതുക്കത്തോടെ ആയിരിക്കുവാനുമുള്ള മാർഗ്ഗം ഞാൻ അന്വേഷിച്ചു. എന്റെ പഴയ സുഹൃത്തും മാർഗ്ഗദർശിയുമായിരുന്ന മുൻ വാർഡനെ ഞാൻ ഒരു മാതൃകയായി കണ്ടു. ദൈവം തനിക്കു നൽകിയ ജോലിയിൽ അവർ തൃപ്തയായിരുന്നു. എന്റെ ചെറുപ്പത്തിൽ തന്നെ അവരെപ്പോലെ ഒരു മാതൃക എനിക്കു കാണാൻ കഴിഞ്ഞത് എത്ര ഭാഗ്യകരമാണ്! ഞാൻ മിക്കപ്പോഴും അവരുമായി കത്തിലൂടെ ബന്ധപ്പെട്ടു; ഉപദേശം തേടി. എപ്പോഴും എനിക്കു നൽകുവാൻ അവർക്കൊരു വചനം ഉണ്ടായിരുന്നു.

(തുടരും)

മൊഴിമാറ്റം : **സാന്ദ്ര**





# എഡിറ്റോറിയൽ തുടർച്ച......

ഈ വഞ്ചനയ്ക്കതിരെ നാം ജാഗ്രതയുള്ളവരായിരിക്കണം. ഇത് ഇങ്ങനെ വിശദീകരിക്കാം: ദൈവം ത്രീയേകനാണ് എന്നത് ഒരു സത്യമാണ്. അതു നാം വിശ്വസിച്ചാൽ മാത്രം മതി. അതിൽ അനുസരിക്കാൻ ഒന്നുമില്ല. എന്നാൽ 'സഹോദരനെ സ്നേഹിക്കണം' എന്നത് ഒരു സത്യമല്ല, ഒരു കല്പനയാണ്. ആ കല്പന അനുസരിക്കുകയാണു വേണ്ടത്. അല്ലാതെ, 'തീർച്ചയായും സഹോദരനെ സ്നേഹിക്കേണ്ടതു വളരെ ആവശ്യമാണെന്നും എല്ലാവരും അങ്ങനെ ചെയ്യണമെന്നും ഞാനും അങ്ങനെ ചെയ്യാൻ ആഗ്രഹിക്കുന്നുവെന്നുമൊക്കെ 'വിശ്വസി'ച്ചതുകൊണ്ടു കാര്യമില്ല. അങ്ങനെ 'വിശ്വസി'ക്കുമ്പോൾ നാമും അങ്ങനെ സഹോദരനെ സ്നേഹിക്കുന്നുണ്ടെന്നു കരുതിപ്പോകും എന്നതാണ് അവിടത്തെ ചതി. വാസ്തവത്തിൽ ആ കല്പനയെ ഇച്ഛവെച്ച് അനുസരിക്കുകയാണു നാം വേണ്ടത്.

ഒരു ഉദാഹരണം, തമാശയാണെന്നു തോന്നിയാലും, ഇവിടെ പ്രസക്തമാണെന്നു കരുതുന്നു. ഒരാൾ കണ്ണാടിയിൽ നോക്കി ഷേവു ചെയ്യാൻ തുടങ്ങുകയാണെന്നു കരുതുക. അയാൾ സ്വന്തം മുഖത്താണു സോപ്പുതേച്ച് ഷേവു ചെയ്യേണ്ടത്. പകരം അയാൾ കണ്ണാടിയിൽ കാണുന്ന തന്റെ പ്രതിബിംബത്തിന്റെ മുഖത്തു സോപ്പുതേക്കുകയും കണ്ണാടിയിൽ ഷേവു ചെയ്യുകയും ചെയ്തതുകൊണ്ട് എന്താണു പ്രയോജനം? കല്പന അനുസരിക്കുക എന്നു പറഞ്ഞാൽ അതു നാം തന്നെ ഇച്ഛവച്ചു ചെയ്യേണ്ടതാണ്. അതിനുപകരം 'ആ കല്പന ഞാനും വിശ്വസിക്കുന്നു' എന്നു പറഞ്ഞശേഷം താൻ അത് അനുസരിച്ചു എന്നു കരുതിയാൽ കണ്ണാടിയിൽ കണ്ട പ്രതിബിംബത്തിന്റെ മുഖത്തു സോപ്പുതേച്ച് അതിൽ ഷേവു ചെയ്തശേഷം താൻ സ്വയം ഷേവു ചെയ്തു വൃത്തിയായി എന്ന് ഒരുവൻ കരുതുന്നതുപോലെ വിഡ്ഢിത്തവും ആത്മ വഞ്ചനയുമാണത്.

നാം വിശ്വസിക്കേണ്ട സത്യങ്ങൾ നമ്മുടെ ഗ്രഹണശേഷിയെയാണ് അഭിസംബോധന ചെയ്യുന്നത് ( addressing our understanding). ഇതേസമയം അനുസരണം നമ്മുടെ ഇച്ഛയെ അഭിസംബോധന ചെയ്യുന്നു (addressing our will) . ഇച്ഛവച്ചു ചെയ്യേണ്ടത് ഗ്രഹണശേഷികൊണ്ടു വിശ്വസിച്ചശേഷം ഞാൻ അനുസരിച്ചു എന്നു വിചാരിച്ചാൽ അത് എത്ര വലിയ ആത്മവഞ്ചനയാണ്!

ഈ ചതിയെക്കുറിച്ചു ബോധ്യം ഉണ്ടായിരുന്നതുകൊണ്ടാണു ജാതികളുടെ 'വിശ്വാസത്തിന് അനുസരണം വരുത്തുക'യാണ് (obedience to the faith) തന്റെ ശുശ്രൂഷയുടെ ഉദ്ദേശ്യമെന്ന് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നത് (റോമർ 1:6; 16:24).

വിശ്വാസത്തിന് അനുസരണം വരുത്തുക -ഇന്നത്തെ ക്രിസ്തീയ ലോകത്തിൽ അതു വളരെ ആവശ്യമാണെന്നു നിങ്ങൾക്കും തോന്നുന്നില്ലേ?. അനുസരണമില്ലായ്മയ്ക്കു വിശ്വാസം കൊണ്ടു നഷ്ടപരിഹാരം ചെയ്യാൻ പലരും തത്രപ്പെടുന്ന ഈ കാലഘട്ടത്തിൽ 'വിശ്വാസത്തിന് അനുസരണം വരുത്തുക' എന്ന പൗലൊസിന്റെ ശുശ്രൂഷ എത്രമേൽ ആവശ്യമാണ്!

# കാതറിനും വില്യംബൂത്തും

*12-ാം പേജിൽ നിന്നു തുടർച്ച*

ങ്കിലും കൂട്ടത്തിൽ ഇത്രയും കൂടി പറയാൻ കാതറിൻ മടിച്ചില്ല: "ആഗ്രഹങ്ങളാണ് താങ്കളെ പ്രധാനമായും അലട്ടുന്നതെന്നു തോന്നുന്നു. ആത്മാക്കളെ രക്ഷിക്കുക എന്ന ആഗ്രഹം പോലും വിശുദ്ധമാകണമെന്നില്ല. സ്വയത്തിൽ നിന്നാകാം ആ ചിന്ത വരുന്നത്. അതുകൊണ്ടുതന്നെ ദൈവസന്നിധിയിൽ സ്വീകരിക്കപ്പെടണമെന്നുമില്ല. എന്നാൽ നമ്മുടെ ഏതു പ്രവൃത്തിയിലും ദൈവം മഹത്വപ്പെടണം എന്നതാണു താങ്കളുടെ ആഗ്രഹമെങ്കിൽ- അങ്ങനെയൊരാത്മാവിനാലാണ് താങ്കൾ നടത്തപ്പെടുന്നതെങ്കിൽ- അത് വിശുദ്ധിയുള്ളതായിരിക്കും."

ഭാവിയെപ്പറ്റി ചിന്തിച്ച് വില്യം വിഷാദിച്ചുകൊണ്ടിരുന്നപ്പോൾ കാതറിൻ പട്ടക്കാരന്റെ ഭാര്യയാകാൻ തയ്യാറെടുക്കുകയായിരുന്നു. 'ഞാൻ കൂടുതൽ കൂടുതൽ വായിക്കാൻ തുടങ്ങിയിരിക്കുന്നു. വായിച്ച ഭാഗത്തിന്റെ കുറിപ്പുകളും തയ്യാറാക്കുന്നുണ്ട്. പ്രധാനപ്പെട്ട ചില പ്രസംഗങ്ങളെക്കുറിച്ചുള്ള എന്റെ വിശകലനങ്ങളും ചിലപ്പോൾ എഴുതും. ഈയിടെ ഷോർട്ട്ഹാൻഡ് പഠിക്കാനുമാരംഭിച്ചു........' ഇങ്ങനെയൊക്കെയാണ് അക്കാലത്ത് കാതറിൻ സമയം ചെലവഴിച്ചത്. ഏറ്റവും ബുദ്ധിമുട്ടായിത്തോന്നിയത് പിയാനോ പഠിക്കലാണ്. വില്യമാണെങ്കിൽ പുരോഹിതരുടെ ഭാര്യമാർ പിയാനോ കൈകാര്യം ചെയ്യാൻ അറിഞ്ഞിരിക്കണമെന്ന അഭിപ്രായക്കാരനായിരുന്നു. അതുകൊണ്ടാണ് കാതറിൻ അരക്കൈ നോക്കിയതും. പക്ഷേ അതുതനിക്ക് പെട്ടെന്ന് വഴങ്ങുന്നതല്ലെന്ന് ഏറെത്താമസിയാതെ മനസ്സിലായി. എങ്കിലും ശ്രമം തുടർന്നു പോന്നു. ഒരു കത്തിൽ ഇങ്ങനെ കാണുന്നു: "ക്ഷമ എന്നത് എനിക്ക് വളരെക്കുറവാണ്. സംഗീത അഭ്യസനം എന്നെ ക്ഷമയുടെ നെല്ലിപ്പലകയിലെത്തിച്ചിരിക്കുന്നു. ഈ പഠനം അവസാനിപ്പിച്ചിട്ട് ഇനിയൊരിക്കലും പിയാനോ തൊടുകയില്ലെന്ന് തീരുമാനിച്ചെങ്കിൽ എന്ന് തോന്നിപ്പോയി. ഇന്ന് ഞാൻ പിയാനോയിൽ നിന്ന് കണ്ണുകളെടുത്തപ്പോൾ അറിയാതെ കരഞ്ഞുപോയി. കണ്ണുനീരിലൂടെ നോക്കിയപ്പോൾ താങ്കളുടെ രൂപം പോലെയൊന്ന് മുന്നിൽ കണ്ടു. അതിനോട് ഞാനിങ്ങനെ പറഞ്ഞു: 'വില്യം, ഇതെല്ലാം താങ്കൾക്കുവേണ്ടി മാത്രം ചെയ്യുന്നതാണ്. അങ്ങേയ്ക്ക് വേണ്ടി ഈ പഠനം ഞാൻ തുടരുകതന്നെ ചെയ്യും. എന്റെ സ്നേഹത്തിന്റെ ആഴം ഇതിനാൽ താങ്കൾക്ക് അറിയാൻ കഴിയും.'

കാതറിന് വളരെ എളുപ്പത്തിൽ ചെയ്യാൻ സാധിക്കുന്ന ഒന്നുണ്ടായിരുന്നു. തന്റെ ഭർത്താവാകാൻ പോകുന്ന പട്ടക്കാരനു വേണ്ടി പ്രസംഗങ്ങളോ അവയുടെ രൂപരേഖയോ ഒക്കെ എഴുതിയുണ്ടാക്കുക എന്നത്. കാതറിൻ അത് ഏറ്റവും ഭംഗിയായി നിറവേറ്റുകയും ചെയ്തു.വില്യം വലിയ തിരക്കിലായിരുന്നല്ലോ. ഒരുപാടു സഭകളുടെ ചുമതലയുണ്ടായിരുന്നു, അക്കാലത്ത്. ഇടയ്ക്കിങ്ങനെ ഒരു കത്തു കാതറിനു കിട്ടും: 'എനിക്ക് നോഹയുടെ ജലപ്രളയത്തെപ്പറ്റി ഒരു പ്രസംഗം വേണം.പിന്നെ യോനയെപ്പറ്റി. അന്ത്യവിധിയെപ്പറ്റിയും ഒരെണ്ണം എഴുതുക. സ്വന്തം അഭിപ്രായമായിരിക്കണമെന്നു മാത്രം. വളരെ വ്യക്തമായി, ആളുകളെ ഇളക്കുന്ന തരത്തിലുള്ളത്. അല്പം ഭയമുണ്ടാക്കുന്ന കാര്യങ്ങളേ ആളുകൾ ശ്രദ്ധിക്കൂ. നരകാഗ്നിയുടെ തീവ്രത അവർക്കു മുമ്പിൽ വരച്ചു കാട്ടണം. എങ്കിലേ ആളുകൾക്ക് മനംമാറ്റമുണ്ടാവുകയുള്ളൂ.' ആവശ്യത്തിനനുരൂപമായി കാതറിൻ എഴുതിക്കൊടുക്കും.

(തുടരും)





**അനുഭവം**

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-33

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു. ലണ്ടനിലെ ഗോസ്റ്ററിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു.അദ്ഭുതസൗഖ്യം ലഭിച്ചു.വിവാഹിതനായി.ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു. ആഫ്രിക്കയിൽ വലിയ ഉണർവിന് അവർ കാരണമായി. മടങ്ങിയെത്തിയ റീസ് ദമ്പതികളെ ആത്മീയപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ദൈവം നിയോഗിച്ചു. അവർ ഒരു കോളജ് ആരംഭിച്ചു. അവിടെ പല കാര്യങ്ങൾക്കുവേണ്ടിയും മദ്ധ്യസ്ഥപ്രാർത്ഥന നടത്തുമായിരുന്നു.അതിനൊക്കെ അദ്ഭുതകരമായ നിലയിൽ മറുപടി ലഭിച്ചു.*

## യെഹൂദരുടെ മടങ്ങിവരവിനായി മധ്യസ്ഥപ്രാർത്ഥന

**ലോക**മെങ്ങും ചിതറിക്കിടക്കുന്ന യെഹൂദന്മാർക്കുവേണ്ടിയായിരുന്നു റീസ് ഹൊവൽസിന്റെ അടുത്ത ഭാരം. അവർക്കു വേണ്ടിയുള്ള പ്രാർത്ഥന മാസങ്ങളും വർഷങ്ങളും നീണ്ടുപോയി. എന്നാൽ 20-ാം നൂറ്റാണ്ടിലെ യെഹൂദന്മാരുടെ മടങ്ങിവരവിനും 'യിസ്രായേൽ' എന്ന രാഷ്ട്രത്തിന്റെ സ്ഥാപനത്തിനും പിന്നിൽ പ്രവർത്തിച്ചതു റീസിന്റെയും കൂട്ടരുടെയും ഈ മധ്യസ്ഥപ്രാർത്ഥനയാണ്.

റീസിന് യെഹൂദന്മാരുടെ മടങ്ങിവരവിനായി മധ്യസ്ഥപ്രാർത്ഥനയിൽ പോരാടാൻ ആദ്യം നിയോഗം ഉണ്ടായ സമയത്ത് രണ്ടായിരം വർഷങ്ങൾക്കുശേഷം ഇത്തരം ഒരു രാഷ്ട്രത്തിന്റെ രൂപീകരണം ഏറെക്കുറെ അസാധ്യമായ, വളരെ വിദൂരമായ, ഒരു സാധ്യത മാത്രമായിരുന്നു! എന്നാൽ ഒടുവിൽ ദീർഘനാളത്തെ മധ്യസ്ഥപ്രാർത്ഥനയുടെ മറുപടിയായി അത്തരം ഒരു രാഷ്ട്രം രൂപീകരിക്കപ്പെട്ടു! തിരുവെഴുത്തിൽ നേരത്തെതന്നെ പ്രവചിക്കപ്പെട്ടതാണെങ്കിലും വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും അടി

സ്ഥാനത്തിൽ ഇക്കാര്യത്തിനായി പ്രാർത്ഥിക്കുന്ന മാനുഷികചാനലുകൾ ദൈവപ്രവൃത്തിവെളിപ്പെടുവാൻ ആവശ്യമാണല്ലോ. പ്രവചനങ്ങൾ വിശ്വസിച്ച്, അവ നടപ്പിൽ വരുവാൻ വിശ്വാസത്തോടെ പോരാടുന്നവർ ആവശ്യമാണെന്നു റീസിന്റെ ഇക്കാര്യത്തിലെ അനുഭവം ഒരിക്കൽകൂടി വ്യക്തമാക്കുന്നു.

1938 സെപ്റ്റംബർ മൂന്നിന് ഇറ്റലിയിൽ യെഹൂദന്മാർക്കെതിരെ നടന്ന പ്രഖ്യാപനമാണ് ആദ്യം റീസിനെ തട്ടിയുണർത്തിയത്. ആറു മാസത്തിനുള്ളിൽ ഇറ്റലിയിലുള്ള യെഹൂദന്മാർ നാടുവിട്ടുകൊള്ളണം എന്നായിരുന്നു ആ പ്രഖ്യാപനം. ജർമനിയിൽ നാത്സികൾ ഊതിപ്പെരുപ്പിച്ച ആന്റി - സെമിറ്റിക് വികാരങ്ങളും കൂടിയായപ്പോൾ ഒടുവിൽ ദൈവജനം സ്വന്തനാട്ടിലേക്കു മടങ്ങാനുള്ള സമയമായെന്നു റീസിനു തോന്നി. റീസ് തന്റെ ഭാരം ആ തീയതികളിൽ കോളജിലെ പലയോഗങ്ങളിൽ ഇങ്ങനെ പങ്കുവച്ചു:

സെപ്റ്റംബർ മൂന്ന്: "ഈ ആളുകളെക്കുറിച്ച് എനിക്ക് ഒരു വലിയ ഭാരം ഉണ്ട്. ഹിറ്റ്ലറിലും മുസ്സോളിനിയിലും ആവേശിക്കപ്പെട്ടിരിക്കുന്ന പിശാചിലൂടെ ദൈവം തന്റെ ജനത്തെ വാഗ്ദത്ത നാട്ടിലേക്കു തിരികെ കൊണ്ടുവരുവാൻ വഴി ഒരുക്കുകയാണെന്നു ഞാൻ കരുതുന്നു. ഇത് ഒരു പ്രവചന നിവൃത്തിയായിരിക്കും. യെഹൂദന്മാരുടെ രാഷ്ട്രം വീണ്ടും ഒരു യാഥാർത്ഥ്യമായാൽ അതു കാണിക്കുന്നത് കാലം അതിന്റെ അവസാന പീരീഡിൽ എത്തി എന്നുമാണ്. നാം ചരിത്രത്തിലെ നിർണായകമായ ഒരു ദശാസന്ധിയിൽ എത്തിപ്പെട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ദൈവജനത്തെ അവരുടെ സ്വന്തനാട്ടിലെത്തിക്കുന്നകാര്യത്തിൽ ഏതെങ്കിലും വിധത്തിൽ അവരെ സഹായിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചുപോകുന്നു."

സെപ്റ്റംബർ അഞ്ച്:"യെശയ്യാ പ്രവചനത്തിൽ യെഹൂദാജനത്തിന്റെ രണ്ടാമത്തെ കൂട്ടിച്ചേർക്കലിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. പതിനൊന്നും പന്ത്രണ്ടും അധ്യായങ്ങളിൽ ദൈവം അവരെ ഭൂമിയുടെ നാലുകോണിൽനിന്നും കൂട്ടിച്ചേർക്കുമെന്നു പറഞ്ഞിരിക്കുന്നു. ഇന്ന് അതാണു സംഭവിച്ചുകൊണ്ടിരിക്കുന്നത്. ആരിലൂടെയൊക്കെയോ അവരെ സഹായിക്കുവാൻ പരിശുദ്ധാത്മാവു ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ആളുകളുടെ കഷ്ടതകളെക്കുറിച്ച് ആഴമേറിയ ഒരു ബോധ്യം എന്റെ ഉള്ളിൽനൽകി ദൈവം എന്നെ ഇക്കാര്യത്തിൽ ഒന്നു തൊട്ടുണർത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു."

സെപ്റ്റംബർ ഏഴ്: ''എഴുപതു വർഷത്തെ പ്രവാസകാലം തീരാറായി എന്നൊരു കാലക്കണക്ക് തിരുവെഴുത്തിൽനിന്നു ഗ്രഹിച്ചപ്പോൾ യിസ്രായേലിന്റെ മടങ്ങിവരവ് യാഥാർത്ഥ്യമായിത്തീരാൻ വേണ്ടി ദാനിയേൽ ദൈവത്തോടു മല്ലുപിടിച്ചു. ദൈവം അബ്രഹാമിനോടു ചെയ്ത ഉടമ്പടിപ്രകാരം അവർക്കു നൽകപ്പെട്ടിട്ടുള്ള സ്ഥലത്താണ് യിസ്രായേൽ ജനം ജീവിക്കേണ്ടത്. നാം ഇതു വിശ്വസിക്കണം. യെഹൂദന്മാരെക്കുറിച്ച് വെറുമൊരു സഹതാപം വച്ചുപുലർത്തുന്നതിന് അപ്പുറത്തുള്ള കാര്യമാണിത്. അവരെ അടിമകളാക്കിപാർപ്പിച്ചിരുന്ന കോരേശിന്റെ മനസ്സിനെപ്പോലും ദൈവം ഉണർത്തി അന്നു പ്രവാസത്തിൽനിന്നുള്ള മടങ്ങിവരവിനായിവേണ്ട നടപടികൾ സ്വീകരിക്കാൻ പ്രേരിപ്പിച്ചു. ഇതുതന്നെ ഇന്നും ദൈവം ചെയ്യും-തന്നിൽ ആരു വിശ്വസിക്കുന്നുവോ അവരിലൂടെ. ജാതികളുടെ കാലം





അവസാനിക്കുകയാണെന്നും കർത്താവു വരുമ്പോഴേക്കും യെഹൂദന്മാർ അവരുടെ സ്വരാജ്യത്തിൽ മടങ്ങിയെത്തേണ്ടതുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു."

സെപ്റ്റംബർ 11: "ഗ്രാമത്തിലെ നാടോടികൾ, ഇന്ത്യയിലെ വിധവകൾ, മിഷനറിമാരുടെ മക്കൾ എന്നിവർക്കുവേണ്ടി മധ്യസ്ഥപ്രാർത്ഥനയിൽ പോരാടി ജയിച്ചതുപോലെ ഇനി യെഹൂദന്മാർക്കുവേണ്ടി ഉത്തരവാദികളാകാൻ ദൈവം നമ്മെ വിളിക്കുന്നതായി ഞാൻ കരുതുന്നു."

തുടർന്നു റീസ് പ്രാർത്ഥനാ സഹകാരികളോട് ദൈവം ബോധ്യം നൽകിയ 1,00,000 പൗണ്ടിനെക്കുറിച്ചു പറഞ്ഞു: "ഈ ഭീമമായ തുക യെഹൂദർക്കു ദാനമായി നൽകാൻ ദൈവം നമ്മെ ഏല്പിക്കും. അതിനായി വിശ്വസിക്കണം.'' യെഹൂദരുടെ വിഷയം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അവർക്കായി നൽകാൻ ഈ വലിയ തുകയ്ക്കായി ദിവസങ്ങൾ തന്നെ റീസും കൂട്ടരും പ്രാർത്ഥനയിൽ ചെലവഴിച്ചു.

ചില ആഴ്ചകൾ കഴിഞ്ഞു. ജർമനിയിൽനിന്നു പുതിയ വാർത്തകൾ വരാൻ തുടങ്ങി. ഹിറ്റ്ലർ ആയിരക്കണക്കിനു യെഹൂദാ കുട്ടികളെ പോളണ്ടിന്റെ അതിർത്തിയിൽകൊണ്ടുവന്നു തള്ളുന്നു! വാർത്ത കേട്ടതും റീസിന്റെ ഭാരം ഇരട്ടിയായി.റീസ് കോളജിലുള്ളവരോട് ഇതേപ്പറ്റി ഇങ്ങനെ പറഞ്ഞു: "ഞാൻ ഇതേപ്പറ്റി പത്രത്തിൽ വായിച്ച നിമിഷം ഒരു വലിയ വ്യഥ എന്നിലേക്കു വന്നു. ആ കുട്ടികളുടെ മാതാപിതാക്കൾക്ക് ഇത് എങ്ങനെ തോന്നുമെന്ന് ആർക്കും സങ്കല്പിക്കാനാവില്ലല്ലോ എന്നാണെനിക്കു തോന്നിയത്. പരിശുദ്ധാത്മാവ് ഒരു പിതാവിനെപ്പോലെയാണ്. ഞാൻ ഒരു പിതാവാണെങ്കിൽ വീട് ഛിന്നഭിന്നമായാൽ ആദ്യം തന്നെ ആ കുഞ്ഞുങ്ങൾക്ക് ഒരു താവളം കണ്ടെത്തുകയില്ലേ? അങ്ങനെയെങ്കിൽ പരിശുദ്ധാത്മാവ് ഇപ്പോൾ വീടുനഷ്ടപ്പെട്ട ആ കുഞ്ഞുങ്ങളുടെ മാതാപിതാക്കളുടെ സ്ഥാനത്ത് അവർക്ക് ഒരു വീടിനായി എത്ര വേദനപ്പെടുന്നുണ്ടാവണം! എന്നിൽ വസിക്കുന്ന പരിശുദ്ധാത്മാവ് ഇതേ വേദന എനിക്കു നൽകുന്നില്ലെങ്കിൽ എനിക്ക് അവർക്കുവേണ്ടി വേണ്ടതുപോലെ പക്ഷവാദം ചെയ്യുവാൻ കഴിയുകയില്ല. യഥാർത്ഥവേദനയോടെ നിലവിളി ഉയരുന്നില്ലെങ്കിൽ നമുക്കു സ്വർഗ്ഗീയ സിംഹാസനത്തെ സ്പർശിക്കുവാൻ കഴിയുകയില്ല.വെറും വാക്കുകളല്ല ഇവിടെ വേണ്ടത്, മറിച്ച് വേദനയാണ്."

കോളജിലെ പ്രാർത്ഥനാ സഹകാരികളോടു തന്റെ ഭാരം പങ്കുവച്ചെങ്കിലും റീസിന്റെ വ്യഥ കുറഞ്ഞില്ല. ഈ മട്ടിൽ ഒരു ഭാരം ആത്മാവിൽ തുടർച്ചയായി അനുഭവപ്പെടുമ്പോൾ എന്തോ കാര്യം ചെയ്യാൻ ദൈവം തന്നോട് ആവശ്യപ്പെടാൻ തുടങ്ങുന്നതിന്റെ നാന്ദിയാണതെന്നു റീസിന് അറിയാമായിരുന്നു. അതുകൊണ്ട് റീസ് ചോദിച്ചു:- "കർത്താവേ, ഞാൻ ഇവിടെ എന്താണു ചെയ്യേണ്ടത്?" മറുപടി കൃത്യമായി വന്നു: "അവർക്കുവേണ്ടി നീ ഒരു വീടുണ്ടാക്കുക."

കോളജിനും മറ്റുമായി റീസ് ഇതിനകം മൂന്നു സ്ഥലങ്ങൾ വാങ്ങിയിരുന്നു. എന്നാൽ ഇപ്പോഴിതാ അതിനെക്കാൾ ഏറെ സാമ്പത്തിക ബാധ്യതകൾ വരുത്തിവയ്ക്കുന്ന പുതിയൊരു സംരംഭത്തിനായി ദൈവാത്മാവ് വിളിക്കുന്നു!

റീസ് ഉടനെ തന്നെ 50 കുട്ടികളെ താമസിപ്പിക്കാൻ പറ്റിയ ഒരു കെട്ടിടം കണ്ടെത്തി. ആയിടെ അന്തരിച്ച സർ പേഴ്സി മോളിനക്സ് എന്ന സുഹൃത്തിന്റെ വകയായിരുന്നു ആ കെട്ടിടം. പക്ഷേ അതിന്റെ

അപ്പോഴത്തെ ഉടമസ്ഥർ അതു വിട്ടുതരാൻ തയ്യാറല്ലായിരുന്നു.

തുടർന്ന് റീസ് കുറച്ചുകൂടി വലിയ ഒരു വീടുനോക്കി. ഇതിൽ 250 യെഹൂദാ കുട്ടികളെ പാർപ്പിക്കാൻ സൗകര്യമുണ്ടായിരുന്നു. പക്ഷേ ആ കെട്ടിടവും വിട്ടുകൊടുക്കാൻ ഉടമസ്ഥർ തയ്യാറായില്ല. അങ്ങനെയിരിക്കെ ഒരു രാത്രി "പെൻലെർഗെയർ" എന്നു ദൈവം തന്റെ ചെവിയിൽ മന്ത്രിച്ചതായി റീസിനുതോന്നി.

പെൻലെർഗെയർ - ആ പേരു റീസ് നേരത്തെ കേട്ടിരുന്നു. സ്വാൻസിയ മേഖലയിലെ ഏറ്റവും വലിയ എസ്റ്റേറ്റാണത്. സർ ചാൾസ് ല്യൂലൈലന്റേതായിരുന്നു ആ എസ്റ്റേറ്റ്. അന്വേഷിച്ചപ്പോൾ വിചാരിച്ചതിനെക്കാൾ വളരെ വലുതാണതെന്ന് കണ്ടെത്തി. 270 ഏക്കർ വിസ്തീർണം.അവിടത്തെ കെട്ടിടങ്ങൾക്കും രണ്ടു സ്ഥലങ്ങൾക്കുംകൂടി നേരത്തെ ഒരിക്കൽ 14,000 പൗണ്ട് റോമൻ കത്തോലിക്ക സഹോദരങ്ങൾ വില പറഞ്ഞിരുന്നുവെന്നു റീസിനറിയാമായിരുന്നു. അതുകൊണ്ട് 20,000 പൗണ്ടെങ്കിലും കുറഞ്ഞതു താൻ കൊടുക്കേണ്ടിവരുമെന്നു റീസ് കരുതി.

അടുത്ത രണ്ടാഴ്ചത്തെ കോളജിലെ ദിനസരി പരിശോധിച്ചാൽ ഇക്കാര്യത്തിൽ ദൈവഹിതം അറിയാൻവേണ്ടി നിരന്തരമായ പ്രാർത്ഥനകൾ നടന്നതിന്റെ വിശദാംശങ്ങൾ കാണാൻ കഴിയും. ഒടുവിൽ നവംബർ 26ന് റീസ് പ്രാർത്ഥനാ സഹകാരകളുടെ മുമ്പിൽ ഈ പ്രസ്താവന നടത്തി: "പുതിയ എസ്റ്റേറ്റ് നമ്മൾ വാങ്ങുകയാണ്. മിക്കവാറും അടുത്തയാഴ്ച തന്നെ. യെഹൂദന്മാരെ സഹായിക്കാനായി എനിക്കുള്ളതെല്ലാം അപകടപ്പെടുത്തുവാൻ ഞാൻ തയ്യാറാണ്."

തുടർന്ന് റീസ് ഈ എസ്റ്റേറ്റിന്റെ വിവരങ്ങൾ അറിയാനായി വിൽപ്പനയുടെ ഏജന്റിനെ സമീപിച്ചു. അവിടെ ചെന്നപ്പോഴാണറിയുന്നത്, പാഴാക്കാൻ അല്പം സമയം പോലുമില്ല. 24 മണിക്കൂറിനകം ഒരു തീരുമാനം എടുക്കണം. കാരണം മറ്റു ചിലർ ഈ എസ്റ്റേറ്റുവാങ്ങാനായി തിരക്കിട്ടു ക്രമീകരണങ്ങൾ നടത്തിവരുന്നു. ഏജന്റു പറഞ്ഞതിന്റെ വിശദാംശങ്ങൾ റീസ് അന്നത്തെ മീറ്റിംഗിൽ ഇങ്ങനെ വിവരിച്ചു:

''പെൻലെർഗെയർ വാങ്ങാനായി അവർ ഒരു കമ്പനിക്കു രൂപംനൽകി എന്നാണറിയാൻ കഴിഞ്ഞത്. എന്നാൽ എന്റെ ഇതിനായുള്ള കമ്പനിയിൽ നാലു പേരുണ്ട്. ഞാനും ത്രിത്വവും"

അടുത്തദിവസം റീസ് അറിയിച്ചത് ഇങ്ങനെ: ''പെൻലെർഗെയർ വാങ്ങാനുള്ള അവസാന ദിവസം ഇന്നായിരുന്നു. അതുകൊണ്ട് മറ്റേ റിയൽ എസ്റ്റേറ്റ് സിൻഡിക്കേറ്റ് പ്ലാനിട്ടതിനെക്കാൾ കൂടുതൽ തുക ഞാൻ വാഗ്ദാനം ചെയ്തു. ഏജന്റിന് അതു സമ്മതമായി. എസ്റ്റേറ്റ് നമുക്കു തന്നെ കിട്ടുമെന്നാണ് ഏജന്റ് പറഞ്ഞത്. ഇതു സംബന്ധിച്ച് ഏജന്റ് ഇന്നുതന്നെ ഉടമസ്ഥന് എഴുതും."

അങ്ങനെ കാര്യം തീരുമാനമായി. അല്ലറചില്ലറ വ്യത്യാസങ്ങൾ അവസാന നിമിഷം വന്നാലും 20,000 പൗണ്ടായിരിക്കും വില. കയ്യിലാണെങ്കിൽ ഒരു ഷില്ലിങ് പോലുമില്ല. ഇതാണ് അവസ്ഥ.

വിശ്വാസം വീണ്ടും പരിശോധിക്കപ്പെടുകയാണ്. ഇപ്പോഴത്തെ വെല്ലുവിളിയുമായി തട്ടിച്ചുനോക്കുമ്പോൾ നേരത്തെയുണ്ടായ വാങ്ങലുകളുമായി ബന്ധപ്പെട്ട എല്ലാ വിശ്വാസത്തിന്റെ പരിശോധനകളും തുലോം ചെറുതായിരുന്നു! പെൻലെർഗെയർ എസ്റ്റേറ്റു വാങ്ങുന്നത് ഭാരിച്ച ഒരു





ഉത്തരവാദിത്തം തന്നെയായിരുന്നു.എന്നാൽ ദൈവം അത്ഭുതകരമായി കാര്യങ്ങൾ ക്രമീകരിച്ചു. ഈ വാങ്ങലിനെക്കുറിച്ചു കോളജിലെ ഒരു വിദ്യാർത്ഥി പിന്നീട് ഇങ്ങനെ പറഞ്ഞു: "അദ്ദേഹം പെൻലെർഗെയർ വാങ്ങിയത് കടയിൽനിന്ന് ഒരു തുണി വാങ്ങുന്ന ലാഘവത്തോടെയാണ്."

പെൻലെർഗെയർ എസ്റ്റേറ്റു വാങ്ങാൻ തീരുമാനം എടുത്തു ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ വന്ന ഒരു ഫോൺകോൾ റീസിനെ വളരെ ധൈര്യപ്പെടുത്തി. കോളജിന്റെ ഒരു അഭ്യുദയകാംക്ഷിയായിരുന്നു വിളിച്ചത്. റീസ് തനിക്കുള്ളതെല്ലാം ഈ എസ്റ്റേറ്റു വാങ്ങാനായി 'അപകടപ്പെടുത്തു'കയാണെങ്കിൽ താനും തനിക്കുള്ളതെല്ലാം എസ്റ്റേറ്റു വാങ്ങാനായി നൽകാൻ തയ്യാറാണ് എന്നാണ് അദ്ദേഹം പറഞ്ഞതിന്റെ ചുരുക്കം. അദ്ദേഹത്തിന്റെ പിതാവ് സർവ്വസ്വാതന്ത്ര്യമായി അദ്ദേഹത്തിനു നൽകിയ ഒരുവീട് ഈ കാര്യത്തിനായി വില്ക്കുകയാണെന്നും അദ്ദേഹം അറിയിച്ചു.

മറ്റെല്ലാ എസ്റ്റേറ്റുകളിലും വച്ചു വലുതും മനോഹരവുമായിരുന്നു പെൻലെർഗെയർ. ഒരു വലിയ മന്ദിരവും അതിനു ധാരാളം പുറം കെട്ടിടങ്ങളും. താമസയോഗ്യമായ മറ്റ് ഏഴ് വീടുകൾ, ഒരു കൃഷിയിടം, പൂന്തോട്ടം. സർ ല്യൂലൈലൻ ഈ പൂന്തോട്ടം പരിപാലിക്കാനായിമാത്രം 15 പൂന്തോട്ടക്കാരെ നിയമിച്ചിരുന്നു. അത്ര വലിയ തോട്ടമായിരുന്നു അത്. അപൂർവയിനം വൃക്ഷങ്ങളും ചെടികളും എസ്റ്റേറ്റിലുണ്ടായിരുന്നതിനാൽ സ്വാൻസിയ സർവകലാശാലയിലെ സസ്യശാസ്ത്രവിദ്യാർത്ഥികൾ പഠനത്തിനായി ഇവിടെ എത്തുക പതിവായിരുന്നു. എസ്റ്റേറ്റിൽ 18 ഏക്കറിൽ പരന്നു കിടക്കുന്ന തടാകവും നദിയും മീൻപിടിത്തക്കാരുടെ പ്രിയപ്പെട്ട ഇടമായിരുന്നു. പൂക്കളും ചെടികളും അതിരിട്ട വഴിയിലൂടെ ഒന്നേകാൽ മൈലോളം വാഹനം ഓടിച്ചുവേണം മുഖ്യ മന്ദിരത്തിലെത്താൻ. ഈ വാഹനവഴി അതീവ മനോഹരമായിരുന്നു.

ഈ വാഹനവഴിയിൽ നിന്നപ്പോൾ റീസിന് ഒരു ദർശനം ഉണ്ടായി. പീഡിപ്പിക്കപ്പെട്ട യെഹൂദാബാലന്മാർ ഈ വിശാലമായ വഴിയിലൂടെ സന്തുഷ്ടരായി മുന്നോട്ട് ഓടുന്നു. പാലും തേനും ഒഴുകുന്ന തങ്ങളുടെ വാഗ്ദത്തഭൂമിയായ പലസ്തീനിലെത്തുവാൻ തിടുക്കപ്പെട്ട് ഓടുന്നതുപോലെ, ആ ലക്ഷ്യത്തിലേക്കുള്ള പാതിവഴി പിന്നിട്ട സന്തുഷ്ടിയോടെ, ആ കുരുന്നുകൾ മുന്നോട്ട് ഓടുകയാണ്!

'യെഹൂദ അഭയാർത്ഥിക്കുഞ്ഞുങ്ങൾക്കായി വെയിൽസിൽ ഇതാ ഒരു താവളം' എന്ന മട്ടിൽ പത്രങ്ങൾ ഈ എസ്റ്റേറ്റിനെക്കുറിച്ചു ഫീച്ചറുകൾ എഴുതി.ലണ്ടനിലെ പത്രങ്ങൾപോലും മുൻകൂർ ഒരുങ്ങിയ ഈ അഭയാർത്ഥി താവളത്തെക്കുറിച്ചുള്ള വാർത്തകൾക്ക് വെണ്ടയ്ക്കാ അക്ഷരത്തിൽ തലക്കെട്ടുകൾ ഇട്ടു.ജർമ്മനിയിൽനിന്നു പുറന്തള്ളിയ ആയിരക്കണക്കിന് യെഹൂദ അഭയാർത്ഥിക്കുഞ്ഞുങ്ങളെ ഇവിടെ കൊണ്ടുവന്നു പുനരധിവസിപ്പിക്കുന്നതു സംബന്ധിച്ച് ആഭ്യന്തര സെക്രട്ടറിയുടെ അനുമതിക്കായി കൂടിയാലോചനകളും പലതു നടന്നു. പക്ഷേ കുട്ടികളെ കൊണ്ടുവരുന്നതിന് ഒരു കുട്ടിക്ക് 50 പൗണ്ട് കരാർ തുകയായി കെട്ടി വയ്ക്കേണ്ടതുണ്ടായിരുന്നു.വൻസാമ്പത്തിക ഭാരമാണു റീസിന്റെ ദുർബലമായ ചുമലുകൾക്ക് ഇതു മൂലം താങ്ങേണ്ടി വന്നത്.

(തുടരും)




# God's new agreement with you

*Question:* ***Your church is called New Covenant Christian Fellowship. What does New Covenant mean?***

Answer:

I'm glad you asked this question, because this is something that I am passionate about, and something that is central to our church. So I'm glad I get an opportunity to explain this more.

I wrote last month about dead works, and near the end, I referenced the New Covenant (Agreement) between God and man, and said that the New Agreement is primarily described with this promise by God: "I will…" So it not a list of rules and regulations I have to observe, but a lifestyle of dependence on God who WILL accomplish what He has promised. So let me expand on that, and give you a high-level overview of how I see this New Covenant.

God has made covenants (agreements) with humans over the centuries. For example, the Bible tells us that God made a covenant with Noah (Genesis 6:18; Genesis 9:9-17).But in Hebrews 8-10 and 2 Corinthians 3, we find a primary differentiation between two Covenants:

- The Old Covenant (given by God through Moses for the people of Israel), and
- The New Covenant (given by God through Jesus for all those who have faith)

First of all, the Old and New Covenant is different from the Old and New Testaments. The Old and New Testaments are simply HUMAN-MADE division markers for books (just like the chapter and verse separations that we find in the Bible). But the Old and New Covenants were established by God and so are DIVINE-ESTABLISHED! So, it's a million times more important that we know the New Covenant properly than all the books in the Old and New Testament!





So with that said, let me share a high-level overview of the New Agreement:

**1. It is an agreement established by God through Jesus and His blood that He shed for us**

- *Hebrews 8:8 – For finding fault with them, He says, "'Behold, days are coming,' says the Lord, 'When I will effect a new covenant With the house of Israel and with the house of Judah.'"*
- *Mark 14:24 – And He said to them, "This is My blood of the covenant, which is poured out for many."*

**2. It was sealed by the Holy Spirit on the day of Pentecost**

- *2 Corinthians 1:20-22 – For as many as are the promises of God, in Him they are yes; therefore also through Him is our Amen to the glory of God through us. Now He who establishes us with you in Christ and anointed us is God, who also sealed us and gave us the Spirit in our hearts as a pledge.*
- *2 Corinthians 3:4-6 – Such confidence we have through Christ toward God. Not that we are adequate in ourselves to consider anything as coming from ourselves, but our adequacy is from God, who also made us adequate as servants of a new covenant, not of the letter but of the Spirit; for the letter kills, but the Spirit gives life.*

These statements above should already tell us how important the New Agreement is, because it involves ALL THREE members of the Trinity actively participating in the agreement with us. And the pledge is not pieces of stone (Ten Commandments), but the Person of God in our hearts.

So this agreement is written by God and offered freely (without cost) to all who want to sign it. **This is NOT a one-way terms of a slavery that God is enslaving you to. It is an agreement that God signs but asks us to sign as well**. Just like a job offer, the company signs your offer letter but asks you to also sign so that they have recorded the firm yet voluntary commitment from BOTH parties. So also, God preserves our free will in His agreement. He signs the agreement without hesitation (He offered His Son Jesus freely and offers us His Holy Spirit freely as well). But we can always refuse to sign. God will not violate our free-will and force us to sign.

With that said, here's how I see the God's New Agreement that is available freely to all:

**Statement 1: I want you to be just like My Son Jesus in the purity of His inner character**

*Romans 8:28-29 – And we know that God causes all things to work*

*together for good to those who love God, to those who are called according to His purpose. For those whom He foreknew, He also predestined to become conformed to the image of His Son, so that He would be the firstborn among many brethren…*

These verses tell me what is in store for all who want to love God and who feel God calling them to fulfill His purposes, not their own purposes.

For those whom He foreknew: Because God can look into the future, God is not surprised by any who choose Him. He looks into the future, and knows exactly how things will turn out. So He's not surprised by it. But He still rejoices as He sees in time people accept His Lordship.

He predestined: God set a destination and goal ahead of time.

To become conformed to the image of His Son: To be just like Jesus. But what does being just like Jesus look like? Does it mean growing a beard like Him? Does it mean being a carpenter like He was? No! Not at all. And 1 John 3:2b-3 tells me what that means

*1 John 3:2b-3 – We know that when He appears, we will be like Him, because we will see Him just as He is. And everyone who has this hope fixed on Him purifies himself, just as He is pure.*

So this tells me what those who have the hope to be like Jesus do now on this earth. We purify ourselves just as Jesus is pure. So we look at the purity of Jesus (who had no sin) and constantly seek to purify ourselves.

*Simple exercise*: Have you thought about an overall goal in your life? How would you assess your life and define success? Is it based on your marital status, your children, the money you have, your career achievements, etc? If we sign the New Agreement with God, we are telling God that we will throw away ALL other goals and all other definitions of success, and make becoming like Jesus in the purity of His character our only goal.

**Statement 2: I will do it as you keep looking at Me**

*Hebrews 8:10-12 – For this is the covenant that I will make with the house of Israel after those days, says the Lord: "I will put My laws into their minds, and I will write them on their hearts. And I will be their God, and they shall be My people.And they shall not teach everyone his fellow citizen, and everyone his brother, saying, 'Know the Lord,' for all will know Me, from the least to the greatest of them. For I willbe merciful to their iniquities, and I will remember their sins no more."*

The Old Covenant (the Old Agreement between God and man) can be summarized in the Ten Commandments of Exodus 20, with the overriding command of "You Shall…" (or "You Must"). Well, that Old Agreement has been torn up by God and made obsolete now (Hebrews 8:13).





The New Covenant is contrasted in these verses in Hebrews 8:10-12 with this prominent difference: It is the promise of God: "I will…"

This is the rather simple yet monumental difference between the two Agreements. The Old Agreement is a "You Shall…" agreement and the New Agreement is a "God will…" agreement.

As I wrote last month: We must ask yourself constantly if we are interacting with a God Who constantly berates us with "You shall" and "You must," or Who constantly affirms us that "He will!" If we have been living with a scolding God, **we need to recognize that because of God's new agreement with us (the New Covenant), God's consistent message to us is "I will"!!!**

*2 Peter 1:3-4 –For by these He has granted to us His precious and magnificent promises, so that by them you may become partakers of the divine nature, having escaped the corruption that is in the world by lust.*This verse also confirms that God is going to do it. It is by God's precious and magnificent PROMISES (not His commandments that we must obey) that we get to taste and experience (partake) of the Divine Nature. We need to stop seeing the Bible as a book filled with rules of dos and don'ts, but a book filled with promises of an "I will" God!

*Simple exercise*: Do you know more of God's commandments or more of God's promises?**If we know more commandments than promises, then we need to work on learning more of and embracing God's promises towards us – because the secret to experiencing God's divine nature is not primarily by obeying the commandments, but by reveling in God's promises towards us and finding them more and more precious, and more and more magnificent**.

**…as you keep looking at Me**

*2 Corinthians 3:18 –But we all, with unveiled face, beholding as in a mirror the glory of the Lord, are being transformed into the same image from glory to glory, just as from the Lord, the Spirit.*

This transformation to the purity of Jesus' character is done by God, but we must do something. We are to keep looking at Jesus and taking in (beholding) more and more of His glory.

And here again, the Bible is not a rule-book to be first studied and properly understood, but a book through which we must see the glory of Jesus more and more. *John 5:39-40 – You search the Scriptures because you think that in them you have eternal life; it is these that testify about Me; you are unwilling to come to Me so that you may have life.*

Simple exercise: If you have been a Christian for at least 2 years, can

you honestly say that you see a glory about Jesus that is MUCH MORE and MUCH GREATER than you did 2 years ago? If not, then we have fallen from our first love for Jesus, and we have gone backwards in our Christian development. And as Jesus tells the church in Ephesus in Revelation 2:5, we must repent and turn around to where we fully face Jesus.

So here's the New Agreement between God and us:

**MY NEW AGREEMENT WITH YOU:**

**I want you to be just like My Son Jesusin the purity of His inner character.**
*(Romans 8:29); (1 John 3:2-3)*
**And I will do itas you keep looking at Me.**
*(Hebrews 8:10; 2 Peter 1:4); (2 Corinthians 3:18)*

*Signed by Your Heavenly Father*
*inMy Son Jesus' blood*
*and sealed by My Holy Spirit*

*To be signed by you*

God has signed it – and all 3 Persons in the Trinity are fully agreed on this. Are you willing and ready to sign this as well? It's not something got be signed quickly. So sit down, count the cost (it requires your full surrender for the rest of your earthly life), before you sign.

Your fellow pilgrim who has chosen to sign the New Agreement,

(please mail your genuine doubts to: **sandeep@poonen.org**)

❖